IV. മി. സ്പീക്കർ ചെയ്ത പ്രസ്താവന

സബ്ജക്റ്റ് കമ്മിറ്റിയുടെ രൂപീകരണം

മി. സ്പീക്കർ: നിയമസഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനുവേണ്ടി സബ്ജക്റ്റ് കമ്മിറ്റി എന്ന ഒരു പുതിയതരം സ്റ്റാൻറിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് ഒരു നിർദ്ദേശമുണ്ടായിട്ടുണ്ട്. ആ നിർദ്ദേശത്തിൻെറ വിവിധ വശങ്ങളും പരിശോധിക്കുന്നതിനും ആവശ്യമായ ശുപാർശകളും സമർപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റു കക്ഷി നേതാക്കൻമാരും അഭ്യർത്ഥിച്ചതനുസരിച്ച് ഒരു നിയമസഭാകമ്മിറ്റിയെ നിയമിക്കാൻ തീരുമാനിച്ചിരിക്കുന്ന വിവരം സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പ്രസ്തുത കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കും.

(1) ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ചെയർമാൻ)

(2) ശ്രീ. എം. കെ. രാഘവൻ (തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

(3) ശ്രീ. കെ. പങ്കജാക്ഷൻ (പൊതുമരാമത്തും സ്പോർട്സും വകുപ്പു മന്ത്രി)

(4) ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ

(5) ശ്രീ. പി. ജെ. ജോസഫ്

(6) ശ്രീ. എ. എ. റഹീം

(7) ശ്രീ. എം. കെ. കൃഷ്ണൻ

(8) ശ്രീ. യു. എ. ബീരാൻ

(9) ശ്രീ. ആർ. എസ്. ഉണ്ണി

(10) ശ്രീ. ആർ. ബാലകൃഷ്ണപിള്ള

(11) ശ്രീ. പി. എം. അബൂബേക്കർ

(12) ശ്രീ. എൻ. കെ. ബാലകൃഷ്ണൻ

(13) ശ്രീ. എൻ. ഭാസ്കരൻ നായർ

(14) ശ്രീ. എസ്. തങ്കപ്പൻ പിള്ള

V. നിയമനിർമ്മാണകാര്യം

Chief Minister (**Shri P. K. Vasudevan Nair**): Sir, I move that the Kerala Municipalities (Second Amendment) Bill, 1979 may also be taken up on 15.3.1979.

The House agreed.

1. 1979-ലെ കേരള കശുവണ്ടി ഫാക്റ്ററികളും (ഏറെറടുക്കൽ) ബിൽ:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, ഞാൻ ഇന്നലെ പറഞ്ഞു നിറുത്തിയത് ഏകദേശം മുന്നൂറോളം വരുന്ന കാഷ്യൂ ഫാക്റ്ററികളിൽ രണ്ടു ലക്ഷത്തോളം വരുന്ന തൊഴിലാളികളും ഇന്നു ജോലി ചെയ്യുകയാണ് എന്ന കാര്യമാണ്. എന്നാൽ 365 ദിവസങ്ങളിൽ 240 ദിവസം പോലും ജോലി നൽകാൻ കഴിയുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ വെറും എഴുപതും എൺപതും ദിവസങ്ങളും മാത്രമാണ് തൊഴിലാളികൾക്ക് ഇന്നു ജോലി ലഭിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ 240 ദിവസമെങ്കിലും തൊഴിൽ ചെയ്യാനുള്ള സൗകര്യം ഉണ്ടാകുന്നതുവരെ അങ്ങിനെ ഒരു സാഹചര്യം സൃഷ്ടിക്കുന്നതു വരെ മറ്റു തൊഴിലില്ലാത്ത ദിവസങ്ങളിൽ അവർക്ക് ഒരു ഇടക്കാലാശ്വാസം എന്ന നിലയിൽ ഗവൺമെന്റ് ചില സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നുണ്ട്. അതു തുടർച്ചയായിത്തന്നെ നൽകാനുള്ള ഒരു സംവിധാനം ഉണ്ടാകണം. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു റിലീഫ് ഫണ്ടിനെ സംബന്ധിച്ചു സൂചിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് തൊഴിൽ വകുപ്പ് ആലോചിക്കുന്നുണ്ടെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ആലോചിച്ച് കാലതാമസം വരുത്തരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എത്രയും പെട്ടെന്നുതന്നെ ഈ പ്രശ്നത്തിൽ ഒരു തീരുമാനമുണ്ടാകണം. 120 കോടിയോളം രൂപ വർഷം തോറും വിദേശ നാണ്യം നേടിത്തരുന്ന ഈ തൊഴിലാളികളും പട്ടിണിയിലും ദാരിദ്ര്യത്തിലും മാത്രം കഴിയുന്ന ദുരവസ്ഥ, അങ്ങനെയൊരു സാഹചര്യം ഈ രാജ്യത്ത് ഉണ്ടാകരുത്. മറിച്ച് അവർക്ക് തൊഴിലില്ലാത്ത ദിവസങ്ങളിൽ തൊഴിലില്ലായ്മാവേതനമോ അല്ലെങ്കിൽ ഒരാശ്വാസമെന്ന നിലയ്ക്ക് മാസം തോറും തൊഴിലില്ലാത്ത ദിവസങ്ങളിൽ ഒരു നിശ്ചിതതുകയോ കൊടുക്കുന്നതിന് ഒരു റിലീഫ് ഫണ്ട് എത്രയും പെട്ടെന്ന് രൂപീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

[Mr. Deputy Speaker in the Chair]

അതുപോലെതന്നെ തൊഴിലാളികളുടേയും കർഷകരുടേയും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനും ഈ വ്യവസായം പുനസംഘടിപ്പിക്കുന്നതിനും പര്യാപ്തമായ രീതിയിൽ ഒരു കാഷ്യൂ ആക്റ്റിന് രൂപം കൊടുക്കേണ്ടതുണ്ട്. വളരെ ദീർഘമായി സംസാരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. ഈ നിയമസഭയുടെ മുമ്പിൽ വന്നിരിക്കുന്ന ഈ ബില്ല് പത്തു മുപ്പത്തിനാലു ഫാക്റ്ററികളും ഏറെറടുത്തു നടത്താനുള്ളതാണ്. എന്റെ അഭ്യർത്ഥന പത്തു മുന്നൂറോളം വരുന്ന കാഷ്യൂ ഫാക്റ്ററികളും ഏറെറടുത്തു നടത്താനുള്ള സംവിധാനം ഈ വ്യവസായരംഗത്ത് ഉണ്ടാകണമെന്നാണ്. ഇന്നലെ ഇതിനെ സംബന്ധിച്ചു സംസാരിച്ച മെമ്പർമാർ പല അഴിമതി ആരോപണങ്ങളും ഇവിടെ ഉന്നയിച്ചു. അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട മെമ്പർ എൻ. ഐ. ദേവസ്സിക്കുട്ടി യാതൊരു തെളിവുമില്ലാതെ ബോർഡിലെ ഒരു മെമ്പറുടെ പേരെടുത്തു പറഞ്ഞുകൊണ്ട് ആരോപണം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതു ശരിയല്ല. തീർച്ചയായും ഇത് വിവരക്കേടാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ ഒരാളുടെ പേരിൽ ആരോപണമുണ്ടായാൽ തെളിയിക്കുന്നതിന് സംവിധാനമുണ്ട്. ആ രീതിയിൽ നീങ്ങണം. വെറുതെ യാതൊരു തെളിവുമില്ലാതെ ദിവസംപ്രതി ആരോപണത്തിന്റെ കൂമ്പാരവുമായി വന്നാൽ അത് വിവരക്കേടെന്നല്ലാതെ മറെറന്താണു പറയുക.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു മെമ്പർ ശ്രീ. നീലലോഹിതദാസൻ നാടാർ അഴിമതി ആരോപണം ആവർത്തിക്കപ്പെട്ടു. ആരോപണം തെളിവുസഹിതം ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഇത് അങ്ങാടിപ്പാട്ടാണെന്നാണ് പറഞ്ഞത്. അങ്ങാടിപ്പാട്ട് എന്താണെന്ന് എല്ലാവർക്കുമറിയാം. അങ്ങാടിപ്പാട്ടു പാടുന്നത് അങ്ങാടിപ്പിള്ളേരാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന വിവരമുള്ളവരുടേയും ബോധമുള്ളവരുടേയും സംസ്കാരമുള്ളവരുടേയും ഒരു സഭയാണിത്. ഈ സഭയിലെ ആളുകൾ ആ പാട്ടു പാടാൻ പാടില്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. എസ് തോമസ്: സർ, ഞങ്ങൾ അമെൻറുമെൻറു തന്നവരാണ്. ഓർഡറിൽ അല്ലെങ്കിലും ഞങ്ങൾക്കും സംസാരിക്കാനുള്ള അവസരം തരണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ഓർഡറിലുള്ള ഭേദഗതികൾ തന്നവർതന്നെ പത്തുപതിനാലു പേരുണ്ട്. വേറെയും ചില മെമ്പർമാർക്കു കൂടി സംസാരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഈ ബില്ലിന് നമ്മുടെ നിയമസഭ നിശ്ചയിച്ചിരിക്കുന്ന സമയം ഇന്നലെയോടുകൂടി അവസാനിക്കണമെന്നായിരുന്നു. അതുകൊണ്ട് അഞ്ചു മിനിറ്റിൽ കവിയാത്ത രീതിയിൽ എല്ലാവരും സമയം ക്ലിപ്തപ്പെടുത്തി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബി. എം. ഷെറീഫ്: സർ, കേരളത്തിലെ കശുവണ്ടി ഫാക്ടറികൾ ഏറെറടുക്കുന്നതിനുവേണ്ടി ഇന്നലെ ഇവിടെ അവതരിപ്പിച്ച ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ കശുവണ്ടി വ്യവസായം വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടാണ് മുന്നോട്ടു പോകുന്നതെന്ന് നമുക്കൊക്കെ അറിയാം. ഈ നിയമസഭാവേദിയിൽത്തന്നെ പലപ്പോഴായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒരു വിഷയമാണ്. നമ്മുടെ പരമ്പരാഗതവ്യവസായങ്ങളിൽ ഏതുകൊണ്ടും പ്രഥമസ്ഥാനമുള്ള കേരളത്തിലെ കശുവണ്ടി വ്യവസായം ഇന്നു വളരെ ഗുരുതരമായ പ്രതിസന്ധിയെ അതിജീവിച്ച് മുന്നോട്ടുപോകുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഫാക്ടറികൾ ഏറെറടുക്കാനുള്ള നിയമനിർമ്മാണത്തിന് ഈ സഭ തയ്യാറാകുന്നത്. സർ, ലക്ഷക്കണക്കിനു തൊഴിലാളികൾ പണിയെടുക്കുന്ന ഈ വ്യവസായത്തിന്റെ പ്രത്യേകത ഈ സഭയിലെ മിക്കവാറും ആളുകൾക്കൊക്കെ അറിയാമെന്നാണ് ഞാൻ കരുതുന്നത്. കാഷ്യു കോർപ്പറേഷൻ 1970-ൽ രൂപീകരിച്ചതിനുശേഷമാണ് ഈ രംഗത്ത് സ്വകാര്യ ഉടമകൾ നടത്തിക്കൊണ്ടിരുന്ന ഫാക്ടറികളുടെ പ്രവർത്തനത്തിൽനിന്നു മാറി പൊതുമേഖലാസ്ഥാപനങ്ങൾ എന്ന നിലയിൽ കാഷ്യു കോർപ്പറേഷൻ ഏറെറടുത്തത്. തൊഴിലാളികൾക്ക് സാമ്പത്തികമായ നേട്ടം ഉണ്ടായിട്ടുള്ളത് എന്ന കാര്യം നാമൊക്കെ അറിഞ്ഞിരിക്കേണ്ടതാണ്. ഈ വ്യവസായരംഗത്ത് പൊതുമേഖലയെ വളർത്തിക്കൊണ്ടുവരാതിരിക്കാൻ സ്വകാര്യ മുതലാളിമാർ എത്രയോ വർഷമായി നടത്തിക്കൊണ്ടിരിക്കുന്ന ക്രൂരമായ ആക്രമണമാണ് ഈ വ്യവസായത്തിനു നേരെ നടന്നുവരുന്നത് എന്ന് നമുക്ക് അറിയാം. ഓരോ സാഹചര്യത്തിലും ഓരോ വർഷവും പ്രതിസന്ധിയെ അതിജീവിക്കാനാവശ്യമായ നടപടികൾ ഗവൺമെൻറ് എടുത്തു വരുന്നുണ്ട്. 1974-75 വർഷത്തിൽ കോർപ്പറേഷൻ ഉണ്ടാക്കിയ ലാഭം തൊണ്ണൂറിനൊരു ലക്ഷം രൂപയാണ്. ഇതു ഞാൻ ചൂണ്ടിക്കാണിച്ചത് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം കഴിഞ്ഞ വർഷം മാത്രമാണ് കോർപ്പറേഷന്റെ പ്രവർത്തനത്തിൽ നഷ്ടം ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലയിൽ ഈ വ്യവസായം വളർന്നുവരുന്നതിനെ തടസ്സപ്പെടുത്തിക്കൊണ്ട് സ്വകാര്യമുതലാളിമാർ കഴിഞ്ഞവർഷംവരെ ഗവൺമെൻറിനെതിരായി ഒരു യുദ്ധപ്രഖ്യാപനം നടത്തിയകാര്യം നമുക്കറിയാം. പൊതുമേഖല വളർത്തി മുന്നോട്ടുകൊണ്ടുവരാതിരിക്കാനുള്ള പരിശ്രമമാണ് ഈ രംഗത്ത് സ്വകാര്യമുതലാളിമാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് ഈ രംഗത്ത് മാത്രമാണോ? നമ്മുടെ ഗവൺമെൻറ് ജനാധിപത്യപരമായ പരിഷ്കാര നടപടികൾ എവിടെയെല്ലാം സ്വീകരിച്ചിട്ടുണ്ടോ അവിടെയെല്ലാം ജനാധിപത്യ പരിഷ്കാരങ്ങൾക്കെതിരായി ഇവിടത്തെ സ്വകാര്യ മുതലാളിമാരും ഇവിടത്തെ സമ്പന്നൻമാരും അതിൻെറ പിടിമുറുക്കിക്കൊണ്ടുവരുന്നുണ്ടെന്നുള്ളതും കാണാൻ കഴിയും.

സർ, ഇന്നലെ എൻെറ സ്നേഹിതൻ ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി സാധാരണപോലെതന്നെ ചില കാര്യങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. പക്ഷേ ഞങ്ങളൊക്കെ ഈ സഭയിൽ വരുന്നതിനു മുമ്പ് ശ്രീമാൻ ദേവസ്സിക്കുട്ടിയെപ്പോലുള്ള ആളുകളെ ഏറ്റവും നല്ല പാർലമെൻേറിയൻ എന്ന തരത്തിലാണ് അറിയപ്പെട്ടിരുന്നത്. പക്ഷേ ഞങ്ങളുടെ ആ അറിവെല്ലാം ഇന്നു തിരുത്താൻ നിർബന്ധിതരായിരിക്കുന്നു. ഈ നിയമസഭയിൽ മറെറാരാളും പറയാത്തതുപോലെ അത്ര തരംതാണരീതിയിൽ ഏതവസരത്തിലും തൻെറ രാഷ്ട്രീയത്തിനെതിരായവരെ പ്രത്യാക്രമണം നടത്താനുള്ള കരുക്കളുമായി നടക്കുന്ന ആളാണ് എന്നു കാണാൻ കഴിഞ്ഞു. ഇന്നലേയും അതാണ് കണ്ടത്. അപ്പുറത്തിരിക്കുന്ന പ്രതിപക്ഷനേതാവ് ശ്രീ. കരുണാകരൻ ഉൾപ്പെടെയുള്ള ആളുകളെ ദേവസ്സിക്കുട്ടിയെ എങ്ങനെ വഹിച്ചുകൊണ്ടുപോകുന്നു എന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ട്. ഞാൻ മനസ്സിലാക്കുന്നത് കോൺഗ്രസ് ഉൾപ്പെടെയുള്ള ഭരണസംവിധാനം ഇവിടെ ഉണ്ടായിരുന്നപ്പോഴും കുടികിടപ്പുകാരന് ഭൂമിയിൽ അവകാശം ചാർത്തിക്കൊടുക്കാൻ നിയമനിർമ്മാണം നടത്തിയ അവസരത്തിൽ ഈ ദേവസ്സിക്കുട്ടി എങ്ങനെ ഈ നിയമത്തിൽ ഒതുങ്ങിനിന്നു എന്ന് എനിക്ക് സംശയമുണ്ട്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ച് പരസ്യമായി ചില ആക്ഷേപങ്ങൾ അദ്ദേഹം നടത്തിയതിനെസംബന്ധിച്ച് എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്. അതുകൊണ്ട് തീർച്ചയായും ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആ ഭാഗത്തുള്ള ദേവസ്സിക്കുട്ടിയല്ലാതെ മറെറാരെങ്കിലും ഇങ്ങനെ താണനിലയിൽ കാര്യങ്ങൾ പറയുമോ എന്നു സംശയമാണ്. പക്ഷേ പ്രതിപക്ഷ ഉപനേതാവായ ശ്രീ. എ. എ. റഹീമിന് ഈ വ്യവസായത്തെപ്പറ്റിയുള്ള എല്ലാ കാര്യങ്ങളും അറിയാം. ഈ വ്യവസായവുമായി ബന്ധമുള്ള ഒരാളാണ് അദ്ദേഹം. ഈ വ്യവസായത്തിൻെറ കാര്യത്തിൽ എല്ലാം മനസ്സിലാക്കിയിട്ടുള്ള ഒരാളാണ്. അദ്ദേഹം പറഞ്ഞിരുന്നെങ്കിൽ ഞാൻ ഈ കാര്യത്തിൽ കൂടുതലൊന്നും പറയുകയില്ലായിരുന്നു. കശുവണ്ടി കോർപ്പറേഷനെ സംബന്ധിച്ചും അതിൻെറ രൂപീകരണത്തെ സംബന്ധിച്ചും അതിൻെറ പ്രവർത്തനത്തെ സംബന്ധിച്ചും എട്ടുംപൊട്ടും അറിയാത്ത ശ്രീ. ദേവസ്സിക്കുട്ടി ചില കാര്യങ്ങൾ ഇവിടെ നിരത്തിവയ്ക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിയെ ചെളി വാരി എറിയാൻ അദ്ദേഹം ഈ അവസരം ഉപയോഗിച്ചത് തെറ്റായിപ്പോയി എന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. കമ്മ്യൂണിസ്റ്റ് പാർട്ടി വളരുന്നത് ശ്രീ. ദേവസ്സിക്കുട്ടിയുടെ ഔദാര്യത്തിൻെറ പുറത്തല്ല. അതിന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദേവസ്സിക്കുട്ടിയുടെ ഔദാര്യമോ സർട്ടിഫിക്കറോ ആവശ്യമില്ല എന്നു ഞാൻ പറയുകയാണ്. അതിന് വേറെ വഴിയുണ്ട്. പക്ഷേ ഇപ്പോൾ കാര്യം ഞാൻ തെറ്റിച്ചു പറയുകയാണ്. ശ്രീ. ദേവസ്സിക്കുട്ടി അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയിൽ ഒരു മാറ്റം വരുത്തിയില്ലെങ്കിൽ അദ്ദേഹത്തെ ഞങ്ങൾ ബഹുമാനിക്കുകയും നല്ലൊരു പാർലമെന്റേറിയൻ എന്നു ഞങ്ങൾക്കുണ്ടായിരുന്ന ധാരണ തിരുത്തുകയും ചെയ്തുകൊണ്ട് തീർച്ചയായും ഞങ്ങൾക്ക് ഈ പ്രശ്നത്തിൽ അദ്ദേഹവുമായി ഏറ്റുമുട്ടേണ്ടി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാഷ്യു കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ശ്രീ. റഹീമിനോട് ചോദിക്കാമായിരുന്നല്ലോ. തീർച്ചയായും ഇതിനെ സംബന്ധിച്ച് യഥാർത്ഥമായ വിവരം ശേഖരിച്ചുകൊണ്ട് സഭാതലത്തിൽ കാര്യങ്ങൾ പറഞ്ഞിരുന്നെങ്കിൽ നന്നായിരുന്നേനെ എന്നു പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നും ഈ ബില്ലിനെ സ്വാഗതം ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ഇന്നലെ ശ്രീ. ദേവസ്സിക്കുട്ടി ആദ്യമായി ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോഴും കശുവണ്ടി മുതലാളിമാരുടെ ശബ്ദമാണ് ഈ സഭയിൽ ഉയർന്നു കേട്ടത്. സർ, കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായം, ഒന്നര ലക്ഷത്തോളം തൊഴിലാളികളെ പണിയെടുക്കുന്ന ഈ വ്യവസായം ഏറ്റവും ഗുരുതരമായ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്ന അവസരത്തിലാണ് ഈ പരമ്പരാഗത വ്യവസായത്തെ കുറെക്കൂടി മഹത്തായ അടിത്തറയിൽ ഉറപ്പിക്കുന്നതിനും ഈ വ്യവസായത്തിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിലുള്ള തൊഴിലാളികൾക്ക് മിനിമം കൂലിയും കൂടുതൽ തൊഴിൽ സൗകര്യങ്ങളും സൃഷ്ടിക്കുകയും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചത്. ഈ കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷമുള്ള അതിന്റെ പ്രവർത്തനം പരിശോധിച്ചാൽ കഴിഞ്ഞ ഒരു വർഷം ഒഴിച്ച് ബാക്കി എല്ലാ വർഷങ്ങളിലും ഈ കോർപ്പറേഷന് ലാഭമുണ്ടായിരുന്നു എന്നു കാണാൻ കഴിയും. തൊഴിലാളികളുടെ അവകാശങ്ങൾ നേടിക്കൊടുക്കാൻ സാധിച്ച ഒരു കോർപ്പറേഷൻ എന്ന നിലയിൽ ഇൻഡ്യയിലെ ഇതര കോർപ്പറേഷനുകൾക്ക് ഒരു മാതൃക എന്ന നിലയിൽ നല്ല അംഗീകാരം നേടിക്കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനകരമാണ . കഴിഞ്ഞവർഷം കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന് നഷ്ടമുണ്ടായിട്ടുണ്ട്. കശുവണ്ടി മുതലാളിമാരുടെ ഗൂഢമായ പ്രവർത്തനങ്ങളുടെ ഫലമായാണ് കൂടുതൽ നഷ്ടമുണ്ടായത്. ദീർഘമായി ഞാൻ ആ വശത്തിലേക്ക് കടക്കുന്നില്ല. ഒന്നര ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ആണ്ടിൽ കുറഞ്ഞത് 300 ദിവസമെങ്കിലും പണി ലഭിക്കണമെങ്കിൽ നാലര ലക്ഷം ടൺ കശുവണ്ടിയെങ്കിലും ലഭിക്കണം. കഴിഞ്ഞവർഷം നമ്മുടെ സംസ്ഥാനത്ത് നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 70,000 ടൺ കശുവണ്ടി മാത്രമാണ്. ആഫ്രിക്കയിൽനിന്ന് 30,000 ടൺ തോട്ടണ്ടി നമുക്ക് ഇറക്കുമതി ചെയ്യാൻ കഴിഞ്ഞു. അങ്ങനെ മൊത്തം ഒരു ലക്ഷം ടൺ തോട്ടണ്ടി കൈവശം വച്ചുകൊണ്ട് ഏകദേശം 90 ദിവസം മാത്രമാണ് കോർപ്പറേഷന്റെ കീഴിലുള്ള തൊഴിലാളികൾക്ക് പണി കൊടുക്കാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മേഖലയിൽ ഇതിനേക്കാൾ കുറവായിരുന്നു. ഈ വർഷം നമ്മുടെ സംസ്ഥാനത്ത് ഏകദേശം 40,000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം നമ്മുടെ സംസ്ഥാനത്തുനിന്നു കശുവണ്ടി എത്രമാത്രം സംഭരിക്കാൻ കഴിയുമെന്നുള്ളത് വളരെ ഉൽക്കണ്ഠയോടുകൂടി കാണേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഇനത്തിൽ 9 രൂപ വരെ ലഭിക്കുമ്പോൾ തമിഴ്നാട്ടിലും കർണ്ണാടകത്തിലും രണ്ടു രൂപയാണ് തൊഴിലാളികൾക്ക് കിട്ടുന്നത്. ഇതു കണക്കാക്കി സ്വകാര്യ മുതലാളിമാർ ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുന്ന വിലയേക്കാൾ കൂടുതൽ വില കശുവണ്ടിക്ക് നൽകിക്കൊണ്ട് കശുവണ്ടി സംഭരിക്കുകയും മറ്റു സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോയി അവിടെ സംസ്കരിക്കാനുള്ള സംരംഭത്തിൽ ഏർപ്പെട്ടിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഈ വർഷം ഏകദേശം നമ്മുടെ സംസ്ഥാനത്ത് ആദ്യത്തെ crop ൽ നിന്നും 30,000 ടൺ കശുവണ്ടി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമുക്ക് സംഭരിക്കാൻ കഴിഞ്ഞത് വെറും ആയിരം ടൺ മാത്രമാണ്. ഈ മുപ്പതിനായിരം ടൺ കശുവണ്ടിയിൽ ഏകദേശം ഇരുപതിനായിരം ടൺ കശുവണ്ടിയും ഈ സംസ്ഥാനത്തിന് വെളിയിലേക്ക് കടത്തിക്കൊണ്ടുപോയിരിക്കുകയാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയായാലും ശരി, നാം ഇറക്കുമതി ചെയ്യുന്ന കശുവണ്ടിയായാലും ശരി കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾക്കും സ്വകാര്യ ഫാക്ടറികൾക്കും വിതരണം ചെയ്യുകയാണ്. ഈ സംസ്ഥാനത്തിലെ തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുത്തുകൊണ്ട് ഈ സംസ്ഥാനത്തിനകത്ത് വ്യവസായം കെട്ടിപ്പടുക്കുന്നതിനു പകരം ഈ വ്യവസായം അയൽ സംസ്ഥാനങ്ങളിലേക്ക് നീക്കിക്കൊണ്ടു പോകുന്നതിലേക്കുള്ള ഗൂഢമായ ശ്രമങ്ങൾ സ്വകാര്യ കശുവണ്ടി മുതലാളിമാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഒരു ഗുരുതരമായ പ്രശ്നമായി മാറിയിരിക്കുകയാണ്. ഒരു ലക്ഷം ടൺ കശുവണ്ടിയെങ്കിലും ഈ വർഷം സംഭരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ തൊഴിലാളികൾക്ക് 90 ദിവസം പോലും ജോലി കൊടുക്കാൻ കഴിയുകയില്ല. ആ നിലയിൽ വളരെ ഗുരുതരമായ സ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. തമിഴ്നാട്ടിലും കർണ്ണാടകത്തിലുമൊക്കെ ഒരു ഏകീകൃത കൂലി നിരക്ക് ഉണ്ടാക്കണമെന്നു പറഞ്ഞ് നമ്മുടെ ഗവൺമെൻറ് സമ്മർദ്ദം ചെലുത്തിയിരുന്നു. ശ്രീ. ഉമ്മൻചാണ്ടി തൊഴിൽ മന്ത്രിയായിരുന്ന അവസരത്തിൽ ഒരു കോൺഫറൻസ് വച്ച് ഇതു ചർച്ച ചെയ്യണമെന്നു പറഞ്ഞപ്പോൾ തമിഴ്നാടും കർണ്ണാടകവും ആ ചർച്ചയിൽ പങ്കെടുക്കാൻ തയ്യാറായില്ല. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിപോലും ഇവിടെ സംഭരിക്കാൻ കഴിയുന്നില്ലെങ്കിൽ സ്ഥിതിഗതികൾ ആകെ കുഴപ്പത്തിലാകും. അതുകൊണ്ട് കശുവണ്ടി വെളിയിലേക്ക് കടത്തിക്കൊണ്ടുപോയി ഈ വ്യവസായത്തെ തകർക്കാൻ ശ്രമിക്കുന്ന കശുവണ്ടി മുതലാളിമാർക്കെതിരായി കർശനമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നില്ലെങ്കിൽ തൊഴിലാളികൾ നിയമം കയ്യിലെടുത്തുകൊണ്ട് മുതലാളിമാരെ നേരിടാൻ തയ്യാറാകേണ്ടിവരുമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സർ, വളരെ പ്രധാനപ്പെട്ട ഒരു നിയമ
10 a·m] നിർമ്മാണമാണ് ഇത്. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഏതാനും വാക്കുകൾമാത്രം പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കശുവണ്ടി വ്യവസായരംഗത്ത് വളരെയേറെ സ്വാഗതാർഹമായ ഒരു സംരംഭമാണ് ഈ ബില്ലിലൂടെ ഗവൺമെൻറ് മുന്നോട്ടുവച്ചിട്ടുള്ളത്. ഇന്ന് ഈ ബിൽ പാസായികഴിഞ്ഞാൽ കശുവണ്ടി വ്യവസായരംഗത്തുള്ള പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്ന് കരുതുകയാണ്. എന്നാൽ ഈ സന്ദർഭത്തിൽ ഒരു വസ്തുത ഗവൺമെൻറിന്റെ മുമ്പിൽ സമർപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട പല മെമ്പറൻമാരും ഇവിടെ സൂചിപ്പിച്ചതുപോലെ കശുവണ്ടി കള്ളക്കടത്തായി മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഗവൺമെൻറ് വേണ്ടവണ്ണം പരിഗണിക്കണമെന്നു പറയാനാണ് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നത്. മലബാർഭാഗത്ത് വിശേഷിച്ച് കണ്ണൂർ, മലപ്പുറം ജില്ലകളിൽനിന്ന് കശുവണ്ടി വളരെയധികം കള്ളക്കടത്തായി അയൽ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുകയാണ്. ഈ രാജ്യത്ത് ഒരു ഗവൺമെൻറ് ഉണ്ടോയെന്ന് തോന്നിക്കുന്ന രൂപത്തിൽ കള്ളക്കടത്തുകാർ യാതൊരു തടസ്സവുമില്ലാതെ കടത്തിക്കൊണ്ടുപോകുന്നത് കാർഷിക രംഗത്തു മാത്രമല്ല വ്യാവസായിക രംഗത്ത് കശുവണ്ടി തൊഴിലാളികളേയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്. അതുപോലെതന്നെ കർഷകർക്ക് കഴിഞ്ഞവർഷം കിട്ടിയ വിലപോലും ലഭിക്കുന്നില്ലെന്നതിൽ അങ്കലാപ്പുണ്ട്. അതിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മുഖ്യമന്ത്രിയും മറ്റു ഗവൺമെൻറിന്റെ വക്താക്കളും പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നുള്ള വില കുറച്ചെങ്കിലും വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്നുള്ള കാര്യം പരിഗണിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. അതോടൊപ്പംതന്നെ ഇവിടെനിന്നും കശുവണ്ടി അന്യസംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നത് നമ്മുടെ സംസ്ഥാനത്തെ സാരമായി ബാധിക്കുമെന്നുള്ളതുകൊണ്ട് അതും ഗവൺമെൻറ് സജീവമായി പരിഗണിക്കണം. ഇനിയും ഈ നില തുടരുകയാണെങ്കിൽ ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം പ്രാപിക്കാൻ കഴിയാതെ വരും.

മറ്റൊരു കാര്യം എനിക്ക് അപേക്ഷിക്കാനുള്ളത് ഈ ഫാക്ടറികൾ ഏറ്റെടുത്താൽ അതിന്റെ ഉടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിൽ തന്നെ ഉണ്ടെങ്കിലും പല ഉടമകൾക്കും അതു സംബന്ധിച്ച് ആക്ഷേപങ്ങളുണ്ട്. പല വ്യവസായസ്ഥാപനങ്ങളുടെ ഉടമകളും അവരുടെ സ്വന്തമായ താൽപ്പര്യത്തിനുവേണ്ടി ഈ ബില്ലിലെ വ്യവസ്ഥകൾ വളച്ചൊടിക്കുകയും അതു സംബന്ധിച്ച ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അതേയവസരത്തിൽ തന്നെ സ്വാഭാവിക നീതിക്ക് അനുസരണമായ രൂപത്തിൽ അവരുടെ ആക്ഷേപങ്ങൾ പരിഹരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ ബില്ലിനെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ഇത് ഈ രാജ്യത്തെ കശുവണ്ടി വ്യവസായരംഗത്ത് മാതൃകാപരമായിത്തീരുമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ ബില്ല് സെലക്ടു കമ്മിറ്റിക്ക് അയയ്ക്കണമെന്ന മോഷൻ ആദ്യം കൊടുത്തവരുടെ കൂട്ടത്തിൽപെട്ട ഒരാളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ, എന്നാൽ അതിനുശേഷം ഭേദഗതികളം കൊടുത്തവരെല്ലാം സംസാരിച്ചു കഴിഞ്ഞു. എനിക്ക് ഇതുവരെ അതിനുള്ള അവസരം കിട്ടിയില്ല. കശുവണ്ടി തൊഴിലാളികളം ധാരാളമുള്ള നിയോജക മണ്ഡലത്തിൽ നിന്നുമാണ് ഞാൻ വരുന്നത്. എനിക്ക് വളരെ കാര്യങ്ങളം പറയാനുണ്ട്. ഇന്നലെ ആവശ്യംപോലെ സംസാരിക്കാൻ സമയം കൊടുക്കുകയും ഞങ്ങളം സംസാരിക്കാൻ തുടങ്ങുമ്പോളം അഞ്ചു മിനിറ്റ് എന്നു പറയുകയും ചെയ്യുന്നത് ശരിയല്ല.

മി. ഡെ. സ്പീക്കർ: സഭ എടുത്തതായ ഒരു തീരുമാനം നടപ്പാക്കാനുള്ള ബാദ്ധ്യത സ്പീക്കർക്കുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങനെയാണെങ്കിൽ ഭരണകക്ഷികളം അതിനു സഹകരിക്കണം. അവർ സംസാരിക്കരുത്, ഞങ്ങൾക്കു സംസാരിക്കാൻ അവസരം കിട്ടണം.

മി. ഡെ. സ്പീക്കർ: സ്പീക്കറെ സംബന്ധിച്ചിടത്തോളം ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ല. ഭരണകക്ഷിക്കാർ വേണ്ടെന്നു തീരുമാനിച്ചാൽ അല്ലാതെ ഭേദഗതികളം കൊടുത്തിട്ടുള്ള അവരെ സംസാരിക്കാൻ അനുവദിക്കാതിരിക്കാൻ പറ്റുകയില്ല.

പിന്നെ ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ ഭേഗതി നമ്പർ 34 ആണ്. ഇപ്പോളം വിളിക്കുന്നത് ഭേഗതി നമ്പർ 30 ആണ്.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഞാൻ ഈ നിയമത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഇത് നമ്മുടെ രാജ്യത്തെ ഏതാണ്ട് ഒന്നര ലക്ഷത്തോളം കശുവണ്ടി തൊഴിലാളികളെ സാരമായി ബാധിക്കുന്ന ഒരു നിയമമാണ്. ഇവിടെ 27 ഫാക്ടറികളം തിരിച്ചു വിട്ടു കൊടുക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണ് ഇത്, 27 ഫാക്ടറികളം എന്നു പറയുമ്പോളം മൊത്തം കശുവണ്ടി തൊഴിലാളികളിൽ വലിയൊരു പങ്ക് തൊഴിലാളികളം വരുകയില്ലായിരിക്കും. എന്നിരുന്നാലും ഒന്നര ലക്ഷത്തോളം കശുവണ്ടി തൊഴിലാളികളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന പുഷ്ടിപ്പെടുത്തുന്ന ഒന്നാണ് കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള ഈ വ്യവസായ സ്ഥാപനങ്ങളം.

സർ, ഈ നിയമത്തെപ്പറ്റി സംസാരിച്ചു തുടങ്ങിയപ്പോളം ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയാണ് പതിവുപോലെ ആദ്യമായി സംസാരിച്ചത്. അദ്ദേഹം പല കാര്യങ്ങളും ഇവിടെ പറഞ്ഞു. സർ, മുതലാളിമാർ പറയുന്നേ അറയ്ക്കുന്ന ചില കാര്യങ്ങളാണ് മുതലാളിമാരുടെ ഭാഷയിൽ യാതൊരു ഉളുപ്പുമില്ലാതെ ഇവിടെ അദ്ദേഹം പറഞ്ഞത്.

ശ്രീ. വക്കം പുരുഷോത്തമൻ: ശ്രീകണ്ഠൻ നായർ പറഞ്ഞതിനപ്പുറം ദേവസ്സിക്കുട്ടി പറഞ്ഞോ?

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഇവിടെ ഈ നിയമസഭയിൽ വന്ന് മറുപടി പറയാൻ അവകാശമില്ലാത്ത കെ. സി. മോഹനന്റെ പേരു ചൂണ്ടിക്കാണിച്ച് ചിലതൊക്കെ ഇവിടെ പറഞ്ഞു. അങ്ങനെ കെ. സി. മോഹനന്റെ കാര്യം പറയാൻ ഈ നിയമസഭയുടെ സംരക്ഷണം ഉപയോഗിച്ചത് ലജ്ജാകരമായിപ്പോയി. അദ്ദേഹത്തിന്റെ ഈ അഭിപ്രായങ്ങളം പുറത്തുപോയി പറയേണ്ടതായിരുന്നു, അതിന് ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ കശുവണ്ടി ഫാക്ടറികളും ഏറ്റെടുത്തതിനു ഒരു ചരിത്രമുണ്ട്. 1969-ൽ നമ്മുടെ രാജ്യത്ത് കശുവണ്ടി മേഖലയിൽ ഒരു പ്രതിസന്ധി ഉണ്ടായപ്പോഴും തങ്കമംകുഞ്ഞുമുസലിയരെപ്പോലുള്ള ആളുകളും ഫാക്ടറി പൂട്ടിയിട്ട സന്ദർഭത്തിലാണ് ഇങ്ങനെ ഒരു പൊതുമേഖല ഈ രാജ്യത്ത് ആവശ്യമാണെന്ന് തീരുമാനിച്ചത്. 26 ഫാക്ടറികളാണ് തങ്കമംകുഞ്ഞുമുസലിയാരുടെ നിയന്ത്രണത്തിലുള്ള കമ്പനി പൂട്ടിയിട്ടത്. ഈ കമ്പനിക്ക് 18 കോടി രൂപ വ്യവസായം നടത്തുന്നതിനുവേണ്ടി ഗവൺമെൻറും അതിൻെറ ഫൈനാൻസിംഗ് ഏജൻസിയുംകൂടി കൊടുത്തിരുന്നു. അതിൽ ഒരു പൈസപോലും തിരിച്ചുകൊടുത്തില്ലെന്നു മാത്രമല്ല അതിൽ പണിയെടുത്തിരുന്ന തൊഴിലാളികൾക്കു ന്യായമായി കൊടുക്കേണ്ടിയിരുന്ന ക്ലോഷർ ആനുകൂല്യങ്ങൾപോലും കൊടുത്തില്ലായെന്നുള്ളതാണ് വസ്തുത. സർ, ഈ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുമ്പോൾ മുതലാളിമാർ, തൊഴിലാളികളെക്കൊണ്ട് സംഘടിതമായി സമരം ചെയ്യിച്ചു. എന്തിനുവേണ്ടിയായിരുന്നുവെന്നറിയാമോ, ആ ഫാക്ടറികൾ ഏറ്റെടുപ്പിക്കാൻ. ഈ കോർപ്പറേഷൻ നിലനിൽക്കുകയില്ല, ഇതു നാളെ തുലഞ്ഞുകൊള്ളും എന്നു വിചാരിച്ചു. അങ്ങനെ കൊടുത്തു തുലയ്ക്കാൻവേണ്ടി കോർപ്പറേഷൻ ഈ ഫാക്ടറികൾ എടുത്തു തുലയ്ക്കാൻ കഴിയുമോയെന്ന് അവർ ഒരു പരീക്ഷണം നടത്തി. അതിൽ അവർ പരാജയപ്പെട്ടു. കോർപ്പറേഷൻ ഏറ്റെടുത്ത ഫാക്ടറികൾ എന്നു പറയുമ്പോൾ തൊഴിലാളികൾക്ക് ക്ലോഷർ കാമ്പൻസേഷൻപോലും കൊടുക്കാതെയാണ് കോർപ്പറേഷന് ഏറ്റെടുക്കേണ്ടിവന്നത്.

സർ, ഇന്നലെ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി തൊഴിലാളികളെ നിയമിച്ചതിൽ ആക്ഷേപമുണ്ടെന്ന് പറഞ്ഞു. അപ്പോൾ തന്നെ ഞാൻ അത് തിരുത്താൻ ശ്രമിച്ചു. ഈ കോർപ്പറേഷനെതിരെ ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് അവിടെ അഴിമതി നടന്നു, അഴിമതി നടന്നു എന്ന് പെരുമ്പറ അടിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഈ കോർപ്പറേഷനെ നശിപ്പിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. പിന്നെ കോർപ്പറേഷൻെറ നഷ്ടത്തെപ്പറ്റി പറഞ്ഞു. ഈ കോർപ്പറേഷൻ ആരംഭിച്ചതു മുതൽ ഇന്നുവരെ കഴിഞ്ഞ ഒരു വർഷം മാത്രമാണ് നഷ്ടമുണ്ടായിട്ടുള്ളത്. കോടിക്കണക്കിന് രൂപയുടെ ആദായമുണ്ടാക്കിയ ഒരു സ്ഥാപനമാണ് ഇത്. മുതലാളിമാരെപോലെ തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടല്ല ഈ ലാഭമുണ്ടാക്കിയത്. ഈ രാജ്യത്ത് വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്കു നൽകിയെന്നു മാത്രമല്ല കശുവണ്ടി തൊഴിലാളികളുടെ ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ വർഷങ്ങളിൽ യഥാക്രമം 100 രൂപയും 75 രൂപയും തൊഴിലില്ലാത്ത കാലത്തേയ്ക്ക് വെറുതേ കൊടുക്കുകയും ചെയ്തു. ഈ കോർപ്പറേഷൻ കഴിഞ്ഞ രണ്ടു വർഷങ്ങൾക്ക് മുമ്പ് കശുവണ്ടി സംഭരണ രംഗത്തും പ്രവർത്തനം നടത്തി ലാഭമുണ്ടാക്കാൻ കഴിഞ്ഞു. സർ, ഈ ഏറ്റെടുത്ത ഫാക്ടറികളെ സംബന്ധിച്ച് കൂടുതലായൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പറയുകയാണെങ്കിൽ എണ്ണി എണ്ണി പലതും പറയാനുണ്ട്. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കശുവണ്ടി മേഖലയിൽ മറെറാരു ദുരവസ്ഥയുണ്ട്. കശുവണ്ടിപ്പരിപ്പു വിൽക്കുന്നത് ഏജൻറുമാർ വഴിയാണ്. ഈ വ്യവസായം ആരംഭിച്ചകാലംമുതൽ ഇന്നുവരെ ഏജൻറുമാർ മുഖാന്തിരമാണ് പരിപ്പു വിറ്റുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതിനും ഒരു മാറ്റം വരുത്തിയത് ഈ കോർപ്പറേഷൻ വന്നതിനുശേഷമാണ്. കോർപ്പറേഷൻ ഏറ്റെടുത്തതിനുശേഷം മുതലാളിമാർ അവർക്കെന്തോ .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു; ദയവായി ഇരിക്കണം.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഒരു കാര്യംകൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്. സഭാ നടപടികളുടെ നടത്തിപ്പിൽ സഹകരിച്ചില്ലെങ്കിൽ ഇന്നും നാളെയും ഈ ചർച്ച തീരുകയില്ല.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഞാൻ നിറുത്തുകയാണ്. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ വളർത്തിയെടുക്കാനും വളരാനും വികസിക്കാനും കഴിവുള്ള ഒരു സ്ഥാപനത്തെ ഇങ്ങനെ പുകമറ സൃഷ്ടിച്ചുകൊണ്ട് അധിക്ഷേപിക്കുന്നതു ശരിയല്ല. ഈ മേഖലയിൽ ഇതുപോലെ മറ്റൊരു കോർപ്പറേഷൻ ഉണ്ട്—സി. സി. ഐ. ഇവിടെ കശുവണ്ടി ഇറക്കുമതി ചെയ്യേണ്ട സ്ഥാപനമാണത്. ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ നേതാവായ സി. എം. സ്റ്റീഫൻ ആ കോർപ്പറേഷനിൽ തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ട് ഇരുന്നിട്ടുണ്ട്. ഈ കോർപ്പറേഷൻ ഉടലെടുത്തതിനുശേഷം ഒരു കഴഞ്ച് അണ്ടി കൂടുതൽ ഇറക്കുമതി ചെയ്യാൻ കഴിഞ്ഞിട്ടില്ല. ശ്രീ. സി. എം. സ്റ്റീഫൻ ആ കോർപ്പറേഷനിലിരുന്നുകൊണ്ട് എന്താണ് ചെയ്തതെന്ന് ദേവസ്സിക്കുട്ടി ഒന്നാലോചിക്കണം. എന്നിട്ടു വേണം സാധാരണ തൊഴിലാളി പ്രവർത്തകരിൽനിന്നും വളർന്നുവന്നിട്ടുള്ള ആളുകൾ നയിക്കുന്ന ഒരു കോർപ്പറേഷനെപ്പറ്റി അവമതിപ്പു പറയാനും പുകമറ സൃഷ്ടിക്കാനും മുതിരേണ്ടത്. ഞാൻ ഈ ബില്ലിനെ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, 1969-ൽ, നമ്മുടെ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന ചില കശുവണ്ടി ഫാക്റ്ററികൾ നടക്കാതിരിക്കുകയോ ഉടമസ്ഥൻമാർ മറ്റാളുകളെ ഏൽപ്പിച്ചു നടത്തുകയോ ചെയ്തിരുന്ന കാലഘട്ടത്തിൽ അവ ഗവൺമെന്റ് ഏറ്റെടുക്കുന്നതിനു വേണ്ട നടപടി കൈക്കൊള്ളുകയും രണ്ടു വർഷത്തെ വാടകയുടെ അടിസ്ഥാനത്തിൽ അവ ഏറ്റെടുക്കുകയും ചെയ്തു. അതു കഴിഞ്ഞ് വീണ്ടും രണ്ടു വർഷത്തേയ്ക്കുകൂടി നീട്ടിക്കൊടുത്തു. അതും കഴിഞ്ഞ് തിരിച്ച് ആ ഉടമസ്ഥൻമാർ ചോദിച്ചപ്പോൾ കൊടുക്കാൻ തയ്യാറാകാതിരുന്നതിനാൽ പല കേസ്സുകളും ഉണ്ടായി. ആ ഫാക്റ്ററി ഉടമസ്ഥൻമാർ ഹൈക്കോടതിവരെ പോയി. ഹൈക്കോടതിയിൽ പരാജയപ്പെട്ടപ്പോൾ ഈ സ്ഥാപനങ്ങൾ സ്വന്തമാക്കി വയ്ക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള കോർപ്പറേഷന്റെ അവകാശം ഉറപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസും ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. ഓർഡിനൻസ് ബില്ലാക്കിയെടുക്കുന്നതിനു വേണ്ടിയാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർ, ഉദ്ദേശം വളരെ നല്ലതാണ്. പക്ഷേ വാടകയ്ക്കെടുത്ത സ്ഥാപനങ്ങൾ വാടകയടിസ്ഥാനത്തിൽത്തന്നെ തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly

പോകുകയോ അല്ലെങ്കിൽ ഉടമസ്ഥൻമാർക്കു കോമ്പൻസേഷൻ കൊടുത്ത് അവ നാഷണലൈസ് ചെയ്യുകയോ ചെയ്തു് ഏറെറടുക്കുകയായിരുന്നു വേണ്ടതു്. അതിനുപകരം വാടകയ്ക്കെടുത്ത ഈ സ്ഥാപനങ്ങൾ ഇങ്ങനെ ബലം പ്രയോഗിച്ചു് ഏറെറടുത്തതു ശരിയായില്ല. ചില ആളുകൾ വീടു വാടകയ്ക്കെടുത്താൽ അതു തിരിച്ചു ചോദിക്കുമ്പോൾ റൗഡിയിസം കാണിക്കുന്ന രീതിയിലുള്ള ഒരു സമീപനമായിപ്പോയി ഇതു്. ഇത്തരമൊരു സമീപനം ഗവൺമെൻറു് സ്വീകരിക്കുന്നതു ശരിയല്ല. അതുകൊണ്ടു് നാഷണലൈസ് ചെയ്തു് ഏറെറടുക്കാൻ തയ്യാറാകണം.

സർ, ഈ ഫാക്ടറികൾ ഏറെറടുത്തതിനുശേഷം തോട്ടണ്ടി സംഭരിക്കുന്ന കാര്യത്തിലും ഗവൺമെൻറു് പരാജയപ്പെട്ടിരിക്കുന്നു. തോട്ടണ്ടി ഇവിടെനിന്നും പുറത്തേയ്ക്കു കൂട്ടിക്കൊണ്ടു പോകുകയാണു്: നെയ്യാറിൻകര പോലീസ് സ്റേഷനിൽ വച്ചു പിടിച്ച ഇരുപതു ലോറിയിൽപ്പരം തോട്ടണ്ടി അവിടെക്കിടന്നു ചീത്തയാകുകയാണു്. ഉണക്കി സൂക്ഷിക്കേണ്ടതിനുപകരം അവിടെ ചാക്കിൽക്കെട്ടി ഇട്ടിരിക്കുകയാണു്. ഉണക്കാതെ സൂക്ഷിച്ചാൽ അതു മുഴുവൻ കറുത്ത് ഗുണം നഷ്ടപ്പെട്ടു പോകും. ഇതു സംഭരിക്കുന്നതിനു നടപടി കൈക്കൊള്ളാതെ കോർപ്പറേഷനിലുള്ള മുഴുവൻ തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ നൽകാൻ തയ്യാറാകാതെ കോർപ്പറേഷൻ ഏറെറടുക്കാത്ത പ്രൈവറേറ് ഫാക്ടറികളിലെ മുഴുവൻ തൊഴിലാളികൾക്കും ഒരു വർഷം മുഴുവൻ തൊഴിൽ കൊടുക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളാതെ തൊഴിലാളി പ്രേമം പറഞ്ഞതുകൊണ്ടു മാത്രം കാര്യമില്ല. അവർക്കു കോർപ്പറേഷൻറെ തൊഴിലാളികളെ മുഴുവൻ സംരക്ഷിക്കണം, അവർക്കു വർഷം മുഴുവൻ തൊഴിൽ കൊടുക്കണം. അതുപോലെതന്നെ സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറിയിലെ തൊഴിലാളികൾക്കും വർഷം മുഴുവൻ തൊഴിൽ കൊടുക്കാനാവശ്യമായ അണ്ടി സംഭരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം. അതിനു സാധിക്കാതെ വരുന്നതു തികച്ചും ആക്ഷേപാർഹമാണു്. അണ്ടി വൻതോതിൽ ഇപ്പോഴും പുറത്തുപോയ്ക്കൊണ്ടിരിക്കുകയാണു്. കുറെയൊക്കെ പിടിക്കുന്നുണ്ടെങ്കിലും അതു് യഥാസമയം ബന്ധപ്പെട്ടവരെ ഏൽപ്പിക്കാതെ ലോറികളിൽ ഇട്ടിരിക്കുകയാണു് ചെയ്യുന്നതു്. 20 ലോറിയിൽ കൂടുതൽ തോട്ടണ്ടി നെയ്യാറിൻകര പോലീസ് സ്റേഷനിൽ കിടക്കുകയാണു്. അതിനാവശ്യമായ നടപടി കൂടി കൈക്കൊള്ളണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പൂർണ്ണമായും മറ്റു സംസ്ഥാനങ്ങളിലേക്കു നീക്കിക്കൊണ്ടുപോകാനുള്ള ശക്തമായ ഒരു യത്നം നടന്നുവരുന്നതിനാണു് കോർപ്പറേഷൻറെ പ്രവർത്തനം ആരംഭിച്ചതു്. കോർപ്പറേഷൻ രൂപീകരിച്ചശേഷം തൊഴിലാളികൾക്കു ന്യായമായ കൂലിയും, ശമ്പളക്കാർക്കു് മാന്യമായ ശമ്പളവും നൽകുവാൻ കഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല തൊഴിലില്ലാതിരുന്ന അവസരത്തിൽ 100 രൂപാ വീതം സൗജന്യമായി കൊടുക്കുകയും ചെയ്തു. കശുവണ്ടി കൃഷിക്കാർക്കു് ന്യായമായ വില കൊടുത്തു് ആണു് കശുവണ്ടി വാങ്ങിയിട്ടുള്ളതു്. ഇതിൻറെയെല്ലാം ഫലമായി കുറെ നഷ്ടം വന്നിട്ടുണ്ടെന്നുള്ളതു സത്യമാണു്. കശുവണ്ടി വ്യവസായം സുസ്ഥിരമാക്കുന്നതിനുവേണ്ടിയാണു് ഇവിടെ കോർപ്പറേഷൻ രൂപീകരിച്ചതു്. അതിൽ എല്ലാ ആളുകളും തീർച്ചയായും സന്തോഷം രേഖപ്പെടുത്തേണ്ടതുണ്ടു്. ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്ന ഭാവത്തിൽ നഖശിഖാന്തം എതിർക്കുകയാണ് ശ്രീമാൻ ദേവസ്സിക്കുട്ടി ചെയ്തത്. കൊല്ലത്തെ കുത്തകക്കാരായ കശുവണ്ടി മുതലാളിമാരുടെ ശബ്ദമായിട്ടാണ് അദ്ദേഹത്തിന്റെ ശബ്ദം ഇവിടെ കേട്ടത്. ഈ കോർപ്പറേഷൻ രൂപീകരിച്ച നാൾ മുതൽ ഈ കോർപ്പറേഷനെ നഖശിഖാന്തം എതിർക്കുകയും ഇതിനെ പൂർണ്ണമായി നശിപ്പിക്കുവാൻ നല്ലവണ്ണം യത്നിക്കുകയും ചെയ്ത ഈ നാട്ടിലെ കുത്തക മുതലാളിമാരുടെ ഒരൊന്നാന്തരം വക്കീലായാണ് ദേവസ്സിക്കുട്ടി ഇവിടെ സംസാരിച്ചത്. ഈ കോർപ്പറേഷനെ സി. പി. ഐ. ഒരു കറവപ്പശുവാക്കുന്നു എന്ന് അദ്ദേഹം ഇവിടെ ആരോപണമുന്നയിച്ചു. ഇൻഡ്യാ രാജ്യത്തെ മുഴുവൻ കറവപ്പശുവാക്കി അതിന്റെ ഗുണഫലങ്ങളനുഭവിച്ച ഒരു പാർട്ടിയിലെ ആളാണദ്ദേഹം. ഈ കോർപ്പറേഷനെ കറവപ്പശുവാക്കിക്കൊണ്ട്, ഈ പാർട്ടിയുടെ ആദായംകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നിലനിൽക്കേണ്ട യാതൊരാവശ്യവുമില്ല. അങ്ങനെ യാതൊരു പാരമ്പര്യവുമുള്ള ഒരു പാർട്ടിയല്ല കമ്മ്യൂണിസ്റ്റ് പാർട്ടി. ദേവസ്സിക്കുട്ടിക്ക് അതൊക്കെ അറിയാവുന്നതാണ്. എന്നാലും ശീലിച്ചതേ പാടൂ എന്ന മട്ടിൽ കൊല്ലത്തെ കുത്തകമുതലാളിമാർക്കു വേണ്ടി.....

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഒരു ചോദ്യം .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പർ വഴങ്ങുന്നില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ .....

(സഭയിൽ ബഹളം)

ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി വ്യക്തമായ ചില ആരോപണങ്ങളുന്നയിച്ചു. അതു മറച്ചു പിടിക്കുന്നതിനുവേണ്ടി അദ്ദേഹത്തെ കുറ്റം പറഞ്ഞുകൊണ്ട് .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഒരാരോപണവും ഉന്നയിച്ചിട്ടില്ല. ആരോപണമുന്നയിക്കണമെങ്കിൽ സ്പീക്കറെ മുൻകൂട്ടി അറിയിക്കണമെന്നുണ്ട്.

ശ്രീ. വി. കെ. രാജൻ: ഈ കോർപ്പറേഷനെ തകർക്കാൻ എത്ര ദേവസ്സിക്കുട്ടിമാർ വന്നാലും അതിനെ എതിർത്തു പരാജയപ്പെടുത്താൻ ഈ രാജ്യത്ത് ആളുണ്ടാകുമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഇന്ന് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ 34 ഫാക്റ്ററികളാണ് നടത്തുന്നത്. അതിൽ 27 ഫാക്റ്ററികളും ഈ രാജ്യത്തെ മുതലാളിമാർ നടത്തിയിരുന്ന ഫാക്റ്ററികളാണ്. ഏഴു കശുവണ്ടി ഫാക്റ്ററികളാണ് കശുവണ്ടി കോർപ്പറേഷൻ നേരിട്ടു നടത്തുന്നത്. 1969-ൽ ഈ കശുവണ്ടി വ്യവസായം വലിയ ഒരു പ്രതിസന്ധിയിൽ ഏർപ്പെട്ട അവസരത്തിൽ ആണ് സർക്കാർ ഈ രംഗത്തേക്ക് കടന്നുവന്നത്. സർ, അങ്ങനെ സർക്കാർ കടന്നുവരാതെയിരുന്നിരുന്നുവെങ്കിൽ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യവസായത്തെ സംബന്ധിച്ച് ഈ നിയമസഭാ വേദിയിലോ, കേരള സംസ്ഥാനത്ത് എവിടെയെങ്കിലുംനിന്നോ പറയേണ്ട് സാഹചര്യം ഉണ്ടാകുകയില്ലായിരുന്നു. ഈ രാജ്യത്തെ എല്ലാ കശുവണ്ടി ഫാക്ടറികളും പൂട്ടിയിട്ടു. തങ്കമ്മകുഞ്ഞുമുസലിയാരുടെ കാര്യം സഖാവ് ത്യാഗരാജൻ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള 26 ഫാക്ടറികളും അടച്ചിട്ടു. ഇവിടെയുള്ള മുഴുവൻ ഫാക്ടറികളും അടച്ചിട്ട് കുടിൽ വ്യവസായം നടത്തുന്ന സാഹചര്യത്തിൽ ധൈര്യപൂർവ്വം ഈ ഫാക്ടറികളും ഏറെടുക്കുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് വന്നു. അല്ലെങ്കിൽ ഈ അവസരത്തിൽ നമുക്ക് കശുവണ്ടിയെപ്പറ്റി വർത്തമാനം പറയാനുള്ള സാഹചര്യം ഉണ്ടാകുമായിരുന്നില്ല. സർ, കഴിഞ്ഞവർഷം വരെ മുപ്പതിനായിരം പേർക്ക് തൊഴിൽ കൊടുക്കുന്ന ഈ കോർപ്പറേഷൻ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ പറഞ്ഞപ്പോഴും ഖേദം തോന്നുകയുണ്ടായി. അദ്ദേഹത്തിന്റെ ശബ്ദത്തിൽ കൂടി ഞാൻ കൊല്ലത്തെ കശുവണ്ടി മുതലാളിയായ ജനാർദ്ദനൻപിള്ളയുടെ ശബ്ദമാണ് കേട്ടത്. 1969 മുതൽ ഈ വ്യവസായം നഷ്ടത്തിലാണ് നടന്നത്. ഈ വ്യവസായം കറവപ്പശുവാണ്, ഈ വ്യവസായം നടത്തുന്ന കശുവണ്ടി കോർപ്പറേഷനെന്ന ശിശുവിനെ ഞെക്കി കൊല്ലണമെന്നു വാദിച്ചുകൊണ്ടിരിക്കുന്ന മുതലാളിമാരുടെ ശബ്ദം ദേവസ്സിക്കുട്ടിയുടെ നാവിൽക്കൂടി വന്നപ്പോഴും അതിശയം തോന്നിയില്ല. ഈ സഭയിൽ മുതലാളിമാർക്കുവേണ്ടി, സംഘടിത തൊഴിലാളികൾക്ക് എതിരായി ശബ്ദം ഉയർത്തുന്നവരിൽ ഒന്നാന്തരം ഒരു വാടക വക്കീലാണ് ദേവസ്സിക്കുട്ടി. ഞാൻ ഈ ബില്ലിനോട് സർവ്വാത്മനാ യോജിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ ഈ നിയമത്തെ ഹാർദ്ദമായി അനുകൂലിക്കുന്നു. ഈ നിയമം പാസ്സാക്കിയതുകൊണ്ടു മാത്രം ഈ രാജ്യത്തെ കശുവണ്ടി വ്യവസായം ഒക്കെ നേരെയാകും എന്ന മട്ടിൽ ആണ് പ്രസംഗം ഒക്കെ നടക്കുന്നത്. ഈ നിയമം പോര. ഈ രാജ്യത്തെ കശുവണ്ടി വ്യവസായശാലകളും ഏറെടുക്കാൻ നിയമംകൊണ്ടുവരികയും ഭരണഘടനയിൽ പറഞ്ഞിട്ടുള്ള അവകാശങ്ങളും മറ്റു അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടുതന്നെ വേണ്ടിവന്നാൽ കോമ്പൻസേഷൻ കൊടുക്കണമെങ്കിൽ കോമ്പൻസേഷൻകൊടുത്തുകൊണ്ട് ഈ രാജ്യത്തെ മുഴുവൻ വ്യവസായശാലകളും ഏറെടുത്തുകൊണ്ട് സഹകാര്യമേഖലയുടെ ആക്രമണത്തിൽനിന്നും വിമുക്തമായ ഒരു കശുവണ്ടി വികസന കോർപ്പറേഷൻ ഈ രാജ്യത്ത് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. അതിനുവേണ്ടി ഒരു നിയമം കൊണ്ടുവരണമെന്നതാണ് എന്റെ ആഗ്രഹം. ഇവിടെ ഇന്ന് രണ്ടു ഫാക്ടറി തൊഴിലാളികളുടെ ആവശ്യമില്ല. ശ്രീ. ദേവസ്സിക്കുട്ടിയിൽനിന്ന് ജനാർദ്ദനൻ പിള്ളയുടെ ശബ്ദം ഉണ്ടായി എന്നു പറയുവാനുള്ള സാഹചര്യം അപ്പുറത്തെ ശ്രീനിവാസനെപ്പോലെയുള്ള ആളുകൾക്ക് ഉണ്ടാകുകയില്ല. നമ്മുടെ രാജ്യത്ത് ഇന്നു രണ്ടു വിഭാഗം തൊഴിലാളികളുണ്ട്, സഹകാര്യമേഖലയിലെ തൊഴിലാളികളും കശുവണ്ടി വികസന കോർപ്പറേഷൻ ആകുന്ന പൊതുമേഖലയിലെ തൊഴിലാളികളും. ഈ സഹകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ജോലി കുറവും, കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ജോലി കൂടുതലും എന്ന സ്ഥിതി ഇന്ന് നിലവിലുണ്ട്. അത് എന്തുകൊണ്ടാണെന്ന് ഇന്ന് ഇവിടെ സംസാരിച്ച സി. പി. ഐ. യിലെ സ്നേഹിതൻമാർ ചിന്തിക്കണം. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഇന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടിയും സി. സി. ഐ. യുടെ കയ്യിൽ വരുന്ന തോട്ടണ്ടിയും മുഴുവൻ കോണലൈസ് ചെയ്തിരുന്നത് ഗവൺമെൻറിന്റെ ഏജൻസിയായ മാർക്കറ്റിംഗ് ഫെഡറേഷനിൽ കൂടിയായിരുന്നു. മാർക്കറ്റിംഗ് ഫെഡറേഷൻ ഈ വർഷം തോട്ടണ്ടി എടുത്തിട്ടില്ല. 1978-79-ൽ പോലും മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നും തോട്ടണ്ടി വിതരണംചെയ്തത് സ്വകാര്യഫാക്ടറികൾക്ക് കുറച്ചും കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾക്ക് കൂടുതലും ആണ്. അതു ന്യായമല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, രണ്ടു വിഭാഗം ജീവനക്കാർ ഈ രംഗത്ത് ആവശ്യമില്ലെന്ന്. സ്വകാര്യ മേഖലയും പൊതു മേഖലയും തമ്മിൽ മാൽസര്യം വേണ്ടെന്നല്ല ഞാൻ പറയുന്നത്. എങ്കിലും രണ്ടു വിഭാഗം ജീവനക്കാർ ആവശ്യമില്ല.

ഇപ്പോൾ ഇവിടെ ശ്രീമാൻ ഉണ്ണി പറഞ്ഞ കാര്യങ്ങളോടു ഞാൻ യോജിക്കുന്നു. ഈ വ്യവസായം തകർക്കുന്നതിനു വേണ്ടിചില അഞ്ചാം പത്തികൾ ഈ രാജ്യത്ത് ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആരാണ് സർ, ഈ അഞ്ചാം പത്തികൾ? ശ്രീമാൻ ഉണ്ണി ഉൾപ്പെടെയുള്ളവരോടു ഞാൻ ചോദിക്കുകയാണ്. ഭരണകക്ഷിയുടെ ജില്ലാകമ്മിറ്റിയുടെ സെക്രട്ടറിയുടെ ഫാക്ടറിയിൽ നിന്നാണ് കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പ് ഒന്നര ലക്ഷം രൂപ വില വരുന്ന നാടൻ തോട്ടണ്ടി കൊല്ലത്ത് പിടിച്ചെടുത്തത്. ശ്രീ. പി. കെ. ശ്രീനിവാസന്റെ നിയോജകമണ്ഡലത്തിൽ പെട്ട തളിക്കാവ് കശുവണ്ടി ഫാക്ടറിയിൽനിന്ന്, ചന്ദ്രശേഖരന്റെ നിയോജകമണ്ഡലത്തിൽ പെട്ട ഫാക്ടറിയിൽനിന്ന്, ഭരണകക്ഷികൾ നടത്തുന്ന ഫാക്ടറിയിൽനിന്ന് വെളുപ്പാൻ കാലത്ത് നാടൻ തോട്ടണ്ടി പിടിച്ചെടുത്തത് നിഷേധിക്കാൻ എന്റെ സുഹൃത്തുക്കൾക്ക് കഴിയുമോ? ചെറുവയ്ക്കൽ എ. ഐ. ടി. യു. സി. യൂണിയനും ഞങ്ങളുടെ യൂണിയനും ഐ. എൻ. ടി. യു. സി. യൂണിയനും ഒക്കെ കൊല്ലത്ത് കശുവണ്ടി സ്പെഷ്യലാഫീസർക്ക് എഴുതിക്കൊടുത്ത കടലാസിൽ ഭരണകക്ഷിയെ സാമ്പത്തികമായി സഹായിക്കുകയും ഭരണകക്ഷിയെ അനുകൂലിക്കുകയും ചെയ്യുന്ന മുതലാളി തൊഴിലാളിക്ക് കൂലി കൊടുക്കുന്നില്ലെന്നും ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നു എന്നും നാടൻ തോട്ടണ്ടി സംഭരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എ. ഐ. ടി. യു. സി. ഇയാളുടെ പ്രവർത്തനത്തിൽ പരാതി കൊടുത്തത് കമ്മ്യൂണിസ്റ്റുകാരനെ സഹായിക്കുന്നതുകൊണ്ടാണോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എനിക്കു മനസ്സിലായില്ല ആ ചോദ്യം. എ. ഐ. ടി. യു. സി. ഉൾപ്പെടെയുള്ള യൂണിയനുകൾ അംഗീകരിച്ച ഒരു സത്യമാണ്. തളിക്കാവ് ഫാക്ടറിയെ സംബന്ധിച്ചിടത്തോളം ശ്രീനിവാസനെ നിഷേധിക്കാൻ ഒക്കുമോ? ആവിടത്തെ മുതലാളിമാർ തോട്ടണ്ടി സംഭരിച്ചു. എവിടെയാണ് സർ അഞ്ചാം പത്തി. ഈ രാജ്യത്ത് ഭരിക്കുന്ന കക്ഷികളുടെ പ്രവർത്തകൻമാരാണ് ഇതു പരാജയപ്പെടുത്താൻ ശ്രമിക്കുന്നത്. എനിക്ക് ദേവസ്സിക്കുട്ടിയോട് വലിയ അനുകൂലമൊന്നുമില്ല. പക്ഷേ ദേവസ്സിക്കുട്ടി പറഞ്ഞപ്പോൾ ഇവിടെ വലിയ കുതിച്ചു ചാട്ടമായിരുന്നു. സർ, മാർക്കറ്റിംഗ് ഫെഡറേഷൻ ഇന്നു രംഗത്ത് വന്നിട്ടില്ല. കൊല്ലത്തെ ഒരു വലിയ മുതലാളി. അയാളുടെ പേര് ഒന്നും പറയുന്നില്ല. തമിഴ്നാട്ടിൽ ഉള്ള ഫാക്ടറിക്ക് അയ്യായിരം ടൺ തോട്ടണ്ടി കടത്തിക്കഴിഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആര്യങ്കാവ് ചെക്ക്പോസ്റ്റ് വഴി പൊള്ളാച്ചി വഴി കടത്തിയിരിക്കുകയാണ്. അതുപോലെ തന്നെ കന്യാകുമാരി ജില്ലയിലേക്കു പാറശ്ശാല ചെക്ക്പോസ്റ്റ് വഴി അയ്യായിരം ടൺ തോട്ടണ്ടി കടത്തിയിരിക്കുന്നു. ഒരു ടൺ തോട്ടണ്ടി പോലും മാർക്കറ്റിംഗ് ഫെഡറേഷൻ ഇതേവരെ എടുത്തിട്ടില്ല. ഞങ്ങളുടെയൊക്കെ പ്രദേശത്ത് പകുതിയിൽ കൂടുതൽ തോട്ടണ്ടി വിറ്റിരിക്കുന്നു. കർഷകൻ ഇന്ന് ആർക്ക് വിൽക്കണം സർ? സൊസൈറ്റികൾ ഉണ്ട്, വാങ്ങുന്നില്ല. സൊസൈറ്റികൾ ഇന്ന് ഒരു കിലോ തോട്ടണ്ടിയ്ക്ക് മൂന്നു രൂപാ അറുപതു പൈസ വില നിശ്ചയിച്ചിരിക്കുന്നു. സൊസൈറ്റികൾ വാങ്ങാതെയിരുന്നാൽ മാർക്കറ്റിൽ ഇത് എടുക്കണം. ആര് എടുക്കും? ബ്ലാക്ക് മാർക്കറ്റിൽ അണ്ടി മുഴുവൻ വിൽക്കുകയാണ്. പൊതുവേ മാർക്കറ്റിംഗ് ഫെഡറേഷൻ വാങ്ങാത്തതുകൊണ്ട് സൊസൈറ്റികൾ വാങ്ങാത്തതുകൊണ്ട് കശുവണ്ടി മുഴുവൻ ഈ രാജ്യത്തെ മുതലാളിമാരുടെ കൈകളിലേക്ക് പോകുകയാണ്. വെളുപ്പാൻ കാലത്ത് നാലു മണിക്ക് ഈ കശുവണ്ടി ഫാക്ടറികളിൽ വർക്ക് ആരംഭിക്കും. ആ വർക്കിനുവേണ്ടിയുള്ള കശുവണ്ടി അർദ്ധരാത്രി ഫാക്ടറികളിലെത്തും. അവിടെ പ്രോസസ് നടക്കുകയാണ്. ഇക്കൊല്ലം കോർപ്പറേഷന് ഒരു ചാക്ക് അണ്ടി പോലും പ്രോസസ് ചെയ്യാൻ കിട്ടുകയില്ല. എന്റെ സ്നേഹിതൻ ശ്രീമാൻ ശ്രീനി ഈ ചുമതല ഏറ്റെടുത്തപ്പോഴും അദ്ദേഹം ഈ രംഗത്ത് പരാജയപ്പെടുന്നതിൽ എനിക്ക് ദുഃഖം ഉണ്ട് സർ. ഇക്കൊല്ലം കശുവണ്ടി തൊഴിലാളികളുടെ സ്ഥിതി അത്ര പരമദയനീയമായിരിക്കും എന്നു പറയാൻ ആഗ്രഹിക്കുന്നു.

ഇവിടെ ഒരു മിനിമം വേജസ് ഉണ്ടാകാം. മറ്റു സംസ്ഥാനങ്ങളിലെ മന്ത്രിമാരുമായി ബന്ധപ്പെട്ട് മിനിമം വേതനം നിശ്ചയിക്കുന്നതിൽ ഒരു ഏകീകരണം വരുത്തണം. ഇവിടത്തെ തൊഴിലാളികൾക്ക് കിട്ടുന്ന കൂലിയും കന്യാകുമാരി ജില്ലയിലെ തൊഴിലാളികൾക്ക് കിട്ടുന്ന കൂലിയും തമ്മിൽ ഉള്ള വ്യത്യാസം ഇല്ലാതാക്കണം. ആ നിയമം കൊണ്ടു വരാതെ ഈ രാജ്യത്തെ കശുവണ്ടി വ്യവസായത്തെ ഒരു മാന്ത്രികനും രക്ഷപ്പെടുത്താൻ സാദ്ധ്യമല്ല.

ശ്രീമാൻ ദേവസ്സിക്കുട്ടി പറഞ്ഞ ആരോപണങ്ങൾ അതേപടി വിഴുങ്ങാൻ ഞാൻ തയ്യാറില്ല. ഞാൻ ചോദിക്കട്ടെ, കശുവണ്ടി വികസന കോർപ്പറേഷനിൽ—ആരാണെന്നു പറയുന്നില്ല—അതിന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗങ്ങളായിരുന്ന ചില ആളുകളുടെ പേരിൽ ചില കക്ഷികൾ, അവരുടെ തെറ്റായ നടപടികൾക്കും കൈക്കൂലിക്കും എതിരായി അച്ചടക്ക നടപടി സ്വീകരിക്കുകയും പിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്—ശ്രീമാൻ എം. വി. രാഘവൻ ആവശ്യപ്പെട്ടു. അദ്ദേഹമോ മാർക്സിസ്റ്റു പാർട്ടിയോ മുതലാളിമാരുടെ പ്രതിനിധിയാണെന്നു പറയാൻ ഒക്കുമോ—ഒരു അന്വേഷണം നടത്തണമെന്ന്—അപകടം ഒന്നും ഇല്ലെങ്കിൽ അന്വേഷിക്കുന്നതിൽ എന്താണ് അപകടം? കശുവണ്ടിവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു അന്വേഷണം വേണമെന്നു പറഞ്ഞാൽ അന്വേഷണം നടത്തുന്നതിന് എന്തിനാ ഭയക്കണം? ആരുടേയും പേരിൽ കുറ്റം ചാരാനല്ല ഞാൻ പറയുന്നത്. ഈ രാജ്യത്തെ നാലു കേന്ദ്ര യൂണിയനുകളുടെ പ്രതിനിധികൾ ഭരിക്കുന്ന ഈ സ്ഥാപനത്തിൽ ഉണ്ടായിരിക്കുന്ന പുകമറ മാറ്റാൻ ഒരു അന്വേഷണം ആവശ്യമെങ്കിൽ എന്തുകൊണ്ട് നടത്തിക്കൂടാ? ഈ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

എത്രയോ ചെറിയ കാര്യങ്ങൾക്ക് ഈ ഗവൺമെൻറ് അന്വേഷണോത്തരവ് ഇടുന്നു? വ്യക്തമായി ഞാൻ ഭരണകക്ഷിയോടു ചോദിക്കുകയാണ് എന്തുകൊണ്ട് ഒരു അന്വേഷണം നടത്തിക്കൂടെ? ആരാണ് ചെയ്തത് എന്നതിലേക്ക് ഞാൻ കടക്കുന്നില്ല. ഇതു പുറത്തു പറയാമോ എന്നു ചോദിച്ചേയ്ക്കും. പുറത്തു പറഞ്ഞിട്ടുള്ള രംഗം ഉണ്ടായിട്ടുണ്ട്. പുറത്തു പറഞ്ഞിട്ടും കോടതിയിലേക്ക് പോകാൻ പലരും തയ്യാറാകാതെയിരുന്ന രംഗവും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അന്വേഷണം നടത്തുന്നതിൽ അപാകതയില്ല. ഇതു പ്രതിപക്ഷത്തുള്ള എല്ലാവരും പറയുന്നു. ഗവർണ്ണറുടെ പ്രസംഗത്തിന്റെ നന്ദി പ്രമേയത്തിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷത്തുള്ള മൂന്നു കക്ഷികളും ഒരു അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടതാണ്. നിങ്ങൾ അന്വേഷണം നടത്തിയാൽ അന്വേഷണത്തിൽ തെറ്റില്ലെങ്കിൽ അതു നല്ലതല്ലേ? അപകടം ഒന്നും കാണിച്ചില്ലെങ്കിൽ നല്ലതല്ലേ? പക്ഷേ അതു നടത്താൻ മടിക്കുന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. സമയമില്ലാത്തതുകൊണ്ട് കൂടുതൽ സംസാരിക്കുന്നില്ല. ഈ സ്ഥിതി വളരെ ഗുരുതരമാണ്. കശുവണ്ടിരംഗത്തെ മുഴുവൻ ഫാക്ടറികളും ഏറ്റെടുക്കുകയും കശുവണ്ടിരംഗത്തുനിന്നും സ്വകാര്യമുതലാളിമാരെ പുറത്താക്കുകയും ചെയ്ത ഈ രാജ്യത്തെ തൊഴിലാളികളെ രക്ഷപ്പെടുത്തിയില്ലെങ്കിൽ ചരിത്രം നിങ്ങൾക്ക് മാപ്പ് തരുകയില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ നിയമത്തെ എല്ലാ ശക്തികളും ഉപയോഗിച്ച് പിന്താങ്ങുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഇരുപത്തേഴു ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷനെ ഏൽപ്പിച്ചു കൊടുക്കുന്ന കാര്യമേയുള്ളു. സർവ്വ ഫാക്ടറികളും ഏറ്റെടുക്കണമെന്നു ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള പറയുന്നു. ആട്ടിക്കൊണ്ടു പോകുമ്പോൾ പിണ്ണാക്കു കൊടുക്കാത്തവൻ വീട്ടിൽ ചെന്നാൽ എണ്ണ കൊടുക്കുമെന്നു പറയുന്നപോലെ എന്തൊരു വിരോധാഭാസം! ഒരു വിഭാഗം തൊഴിലാളികൾക്കു തന്നെ കൊല്ലത്തിൽ തൊണ്ണൂറോ നൂറോ ദിവസം ജോലി കൊടുക്കാനുള്ള പ്രയാസങ്ങൾ വ്യക്തമായി ഇന്നു കോർപ്പറേഷൻ അനുഭവിക്കുന്നുണ്ട്. അത്രപോലും തൊഴിൽ കിട്ടുന്നില്ല ഈ വ്യവസായത്തിലെ സ്വകാര്യ മേഖലയിലുള്ള തൊഴിലാളികൾക്ക്. സങ്കീർണ്ണമാണ് പ്രശ്നം. ഇന്നിപ്പോൾ കേരളത്തിൽ കശുവണ്ടി സംഭരണത്തിന്റെ കാര്യം പറയുന്നുണ്ടല്ലോ. വളരെ പ്രയാസമുള്ള കാര്യമാണത്. കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയിൽ തന്നെ മെമ്പർമാരും അതുപോലെ കർഷക സംഘങ്ങളുടെ പ്രതിനിധികളുമൊക്കെ പല പ്രാവശ്യം ആവശ്യപ്പെട്ട പ്രകാരം പറങ്കിയണ്ടിക്കു വില കൂട്ടി. 6രൂ. 10 പൈസ വരെ വിലകൂട്ടി. ആ വിലയ്ക്ക് കൃഷിക്കാരന്റെ കയ്യിൽനിന്ന് പറങ്കിയണ്ടി വാങ്ങിയശേഷം പിന്നെ വില ചുരുങ്ങി. നഷ്ടമായി, കടമായി, ലഹളയായി. ഈ പ്രാവശ്യമാണെങ്കിൽ വില കുറച്ചിരിക്കുന്നു. അതിലും ധാരാളം പ്രശ്നങ്ങളുണ്ട്. വാസ്തവത്തിൽ കൃഷിക്കാർക്ക് ഇതിനേക്കാൾ കൂടുതൽ വില കൂട്ടണമെന്നുള്ളത് ന്യായമായ ആവശ്യമാണ്. അങ്ങനെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾക്കിടയിൽ ഈ നിയമത്തെ അനുകൂലിക്കുന്നു എന്ന ഭാവേന ശ്രീ. ദേവസ്സിക്കുട്ടി ആത്മാർത്ഥമായിട്ട് (ആത്മാർത്ഥമായിട്ടുതന്നെ കാരണം അദ്ദേഹത്തിന്റെ കയ്യിലാണല്ലോ ആത്മാർത്ഥതയും സദുദ്ദേശവുമൊക്കെ അടിഞ്ഞു കൂടിയത്) വിഷയത്തിൽനിന്നു ശുദ്ധ വ്യതിചലിപ്പിക്കാനുള്ള ശ്രമമാണിവിടെ നടത്തിയിട്ടുള്ളത്. ആരോപണ വ്യവസായം നടത്തി അപവാദം എന്ന ചരക്കു വിൽക്കുക—എന്തിനാണിത്? വല്ല കാര്യവുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

താണോ ഈ ഏർപ്പാട്. പറയാൻ വളരെ എളുപ്പം 'നാഷണലൈസ് ചെയ്യണം' 'അണ്ടിപ്പരിപ്പിന്റെ കയറ്റുമതി ദേശവൽക്കരിക്കണം'—സുന്ദരമായ പദങ്ങൾ! പക്ഷേ എവിടെയാണു നമ്മൾ നിൽക്കുന്നത്? സ്റ്റേറ്റ് ഗവൺമെന്റ് എവിടെ നിൽക്കുന്നു? കേന്ദ്ര ഗവൺമെന്റ് എവിടെ നിൽക്കുന്നു? ആർക്കാണിതറിയാത്തത്? ഉത്തരവാദിത്വമുള്ള സഭയിൽ, കേൾക്കാൻ സുഖമുള്ള കുറെ വാചകം പറഞ്ഞതുകൊണ്ടു കാര്യമില്ല. ഇരുപത്തേഴു ഫാക്ടറികൾ വാടകയ്ക്കെടുക്കുമ്പോൾ, വാടകയ്ക്കെടുക്കുന്നതിൽ പോലും വിരോധമുള്ള ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെത്തന്നെയുണ്ട്. വാടകയ്ക്കു വിടു വാങ്ങി തിരിച്ചു കൊടുക്കാത്ത റൗഡിസംപോലെ എന്നുവരെ പറഞ്ഞല്ലോ. മനസ്സിലിരിപ്പു എന്താണെന്ന് നമുക്കറിയാം. ഒരു കൊല്ലത്തെ പാട്ടത്തിനു ഏൽപ്പിച്ചു കൊടുത്ത് കൊല്ലാവസാനത്തിൽ തിരിച്ചു കൊടുക്കാൻ കരാർ ചെയ്ത ഭൂമി സുഖമായി കൃഷിക്കാരനു ജൻമം കൊടുത്ത നിയമ നിർമ്മാണം ചെയ്ത ഒരു സഭയാണ് ഈ സഭ.

(തടസ്സം)

ശ്രീ. പി. ബി. ആർ. പിള്ള: ഒരു സംശയം.

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട പി. ബി. ആർ. പിള്ള എന്നോടു സംശയം ചോദിക്കാൻ വരേണ്ട. സംശയങ്ങൾ കൈവശം ഇരിക്കട്ടെ.

ശ്രീ. എ. പി. കുര്യൻ: ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയും ബഹുമാനപ്പെട്ട ചിത്തരഞ്ജനും ദേശവൽക്കരണത്തിനുവേണ്ടി വാദിച്ചു. അതിനെതിരാണോ ബഹുമാനപ്പെട്ട ഇ. പി. ഗോപാലൻ?

ശ്രീ. ഇ. പി. ഗോപാലൻ: ഇതു പറയുന്ന ബഹുമാനപ്പെട്ട മെമ്പറുടെ വിവരത്തെപ്പറ്റി എനിക്കു സങ്കടം തോന്നുന്നു. ഭൂപരിഷ്കരണ നിയമത്തിൽ പ്രതിഫലം കൊടുത്തും കൊടുക്കാതേയും നിയമനിർമ്മാണം ചെയ്ത ഈ സഭയിൽ വന്നിരുന്ന് ദേശവൽക്കരണത്തെ എന്റെ അഭിപ്രായമെന്തെന്നു സംശയിക്കുന്നത് ഉചിതമാണോ? കഷണ്ടി കയറുന്നത് കൊണ്ടായില്ല. ഉള്ളിൽ അതുപോലെ ആയിക്കൂടെ. അതൊക്കെ അറിയാൻ കുറച്ചു വിവരം വേണം.

ശ്രീ. എ. എ. റഹീം: വലിയ കഷണ്ടി ആർക്കാണെന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ വിഷയത്തിൽ നിന്നു വ്യതിചലിക്കുന്നില്ല. ഈ വ്യവസായത്തിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ ദയനീയസ്ഥിതി ആലോചിച്ചു നോക്കുമ്പോൾ വേദനിക്കേണ്ട, കണ്ണീരു വീഴ്ത്തേണ്ട, സാഹചര്യത്തിൽ ഈ സമ്പ്രദായം ശരിയല്ല സർ. ഒരാൾ ആരോപണ വ്യവസായം നടത്തുക, ഒരാൾ അണ്ടാടിപ്പാട്ടു പാടുക—സ്ഥലം മാറിപ്പോയി അതു മാത്രമേ എനിക്കു പറയാനുള്ളു.

ഈ സഭ അതിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കത്തക്ക വിധത്തിൽ ഇന്നു ചെയ്യാവുന്ന കാര്യം ഇരുപത്തേഴു ഫാക്ടറികൾ കാഷ്യൂ കോർപ്പറേഷന് റികമ്മിസിഷൻ ചെയ്യാനുള്ള അനുവാദം കൊടുക്കുന്ന ബിൽ പാസാക്കുകയാണ്.

സർ, ഈ ബില്ലിനെ ഞാൻ പൂർണ്ണമായും പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി: സർ, ഞാൻ ഈ ബില്ലിനെ പൊതുവേ അനുകൂലിക്കുകയാണ്. ഇവിടെ കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്കു കൊല്ലം മുഴുവൻ പണി കൊടുക്കാൻ സാധിക്കാത്തതിനെ തുടർന്നുണ്ടായ നടപടികളെക്കുറിച്ചാണ് ഈ ബിൽ. ഇതിന്റെ പരിപൂർണ്ണമായ കാരണം തോട്ടണ്ടി ആവശ്യത്തിന് നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്നില്ല, മുമ്പ് ഇറക്കുമതി ചെയ്തിരുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ ഇന്ന് കടുത്ത മൽസരമാണുള്ളതെന്നതാണ്. എനിക്ക് ഗവൺമെന്റിനോട് അപേക്ഷിക്കാനുള്ളതു നമ്മുടെ നാട്ടിൽ തോട്ടണ്ടി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികളും എടുക്കണമെന്നാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽനിന്ന് പല തോട്ടങ്ങളേയും ഒഴിവാക്കിയതു മാതിരി ഈ തോട്ടണ്ടി കൃഷി ചെയ്യുന്ന സ്ഥലങ്ങളെകൂടി ഒഴിവാക്കുന്നതു ഇതിനു പരിഹാര മാർഗ്ഗമാണെന്നു തോന്നുന്നു. ഇത് മുതലാളിത്തമാണ്, പിൻതിരിപ്പനാണ് എന്നു തോന്നുമായിരിക്കും. പക്ഷേ ജനസംഘം പോലും സോഷ്യലിസം പറയുന്ന കാലഘട്ടത്തിൽ എനിക്ക് അതിനെപ്പറ്റി പരാതിയില്ല. എന്റെ ജില്ല തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്ന ജില്ലയാണ്. തോട്ടണ്ടി ഫാക്ടറികളുള്ള ജില്ല വേറെയുണ്ട്. ഈ ഉൽപ്പാദകനുകൂടി ആനുകൂല്യങ്ങളും നേട്ടങ്ങളും ഉണ്ടാകുന്ന വിധത്തിൽ ഈ കാര്യത്തിന് അടിസ്ഥാനപരമായ ഒരു പരിശോധന വേണം. തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്ന ജില്ലകളിൽകൂടി ഫാക്ടറികൾ സ്ഥാപിക്കാനും ആവശ്യമായ നടപടികളും വേണം. മലപ്പുറം ജില്ലയിൽ ഒരു തോട്ടണ്ടി ഫാക്ടറിയുമില്ല. ഉൽപ്പാദകനു ഗുണം കിട്ടുന്ന വിധത്തിൽ ഇക്കാര്യങ്ങളും നടത്തണം. ആവശ്യമായ വില ഉൽപ്പാദകനു കിട്ടണം. സംഘടിതതൊഴിലാളികളും ശബ്ദം ഉയർത്തുമ്പോൾ മാത്രമേ ശ്രദ്ധിക്കുകയുള്ളൂ എന്നു വരുന്നത് നീതിയാണോ? സംഘടിതരല്ല, ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്നില്ല, എന്നു വച്ച് ഉൽപ്പാദകനെ അവഗണിക്കുന്നതു ശരിയാണോ? അതുകൊണ്ട് ഇക്കാര്യങ്ങളെക്കുറിച്ച് പരിഗണിക്കണം. അതോടൊപ്പം നമ്മുടെ വ്യവസായത്തിന്റെ പ്രശ്നം അടിസ്ഥാനപരമായി പരിശോധിക്കുമ്പോൾ രാഷ്ട്രാന്തരീയ രംഗത്തെ മാർക്കറ്റ്, അയൽ സംസ്ഥാനങ്ങളിലെ കൂലി ഇതൊക്കെ ബന്ധപ്പെട്ട ഘടകങ്ങളാണ്. ഏതു വ്യവസായ തൊഴിലാളികളെ രക്ഷിക്കാനും ആ വ്യവസായ മേഖലയെ രക്ഷിക്കാതെ നിവർത്തിയില്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ വ്യവസായ മേഖലയെ രക്ഷിക്കുന്നതിന് അടിസ്ഥാനപരമായിട്ടുള്ള കാര്യം ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉൽപ്പാദകനെ വിഡ്ഢിയാക്കി തരം താഴ്ത്താതെ അവന് ഈ മേഖലയിൽ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന ഒരു ബിൽ ഉണ്ടായിക്കാണണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് പൊതുവെ ആ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഈ വ്യവസായ മേഖലയുടെ അടിസ്ഥാനപ്രശ്നങ്ങളും വിശദമായി പഠനം നടത്തി അതിലുള്ള ഇന്നത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെന്റ് ശ്രമിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: ലിസ്റ്റ് അനുസരിച്ചാണെങ്കിൽ എന്റെ ഭേദഗതിയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം തരാം. ഒരു കാര്യം വ്യക്തമാക്കാൻ പറയുകയാണ്. പൊതുജനാഭിപ്രായത്തിന് അയക്കണമെന്ന ചർച്ച ഇന്നലെ കഴിഞ്ഞശേഷമാണ് ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതി കിട്ടിയത്. ആ നിലയ്ക്ക് സാധാരണ ഗതിയിൽ അനുവദിക്കേണ്ടതില്ലെങ്കിലും സമയം തരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഏറ്റവും കൂടുതൽ തൊഴിലാളികളും പണിയെടുക്കുന്ന വ്യവസായ സ്ഥാപനമെന്ന നിലയിൽ ഇന്ന് ഇതിന്റെ ഭാവി അപകടത്തിലാകുമോ എന്ന് ഞാൻ സംശയിക്കുകയാണ്. ഇൻഡ്യയിൽ ആകെ കിട്ടുന്ന വിദേശ നാണ്യത്തിൽ ഏറ്റവും കൂടുതൽ നേടിത്തരുന്ന ഒരു വ്യവസായമെന്ന നിലയിലും ഇത് സ്തംഭിച്ചു നിൽക്കുകയാണ്. ഒട്ടേറെ കാരണങ്ങൾ ഇതേപ്പറ്റി എനിക്ക് പറയാനുണ്ടെങ്കിലും പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ മുമ്പിൽ ഏറ്റവും അടിയന്തിരമായി കാണുന്നത്. ഈ വ്യവസായത്തിന്റെ ഭാവി അപകടത്തിലാകുന്നുവെന്നുള്ള കാര്യമായതുകൊണ്ട് അതിനെതിരായ മുൻകരുതലുകളും ആവശ്യമായിത്തീർന്നിരിക്കുകയാണ്. ദേശീയ രംഗത്ത് ഒരു മിനിമം വേതനം നമുക്കുണ്ടാകണം. അതിനാവശ്യമായ എല്ലാ നടപടികളും എടുക്കേണ്ടിയിരിക്കുന്നു. സർ, കേരളത്തിലാണെങ്കിൽ ഒരു ചാക്ക് കശുവണ്ടി, പ്രോസസ് ചെയ്യണമെങ്കിൽ 148 രൂപ വേണ്ടി വരും. തമിഴ്നാട്ടിൽ 67 രൂപ 48 പൈസയും കർണ്ണാടകത്തിലാണെങ്കിൽ 84 രൂപ 48 പൈസയും ആന്ധ്രായിലാണെങ്കിൽ 80 രൂപയും മാത്രമേ വേണ്ടിവരുന്നുള്ളൂ. അപ്പോഴും താരതമ്യേന നമ്മുടെ സംസ്ഥാനത്തേക്കാളും ഏറ്റവും കൂടുതൽ കൂലി കുറവുള്ള സംസ്ഥാനങ്ങളാണ് മറ്റുള്ളത്. അതുകൊണ്ടുതന്നെയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന, ഉള്ള കശുവണ്ടി കൂടുതൽ വിലയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുപോകുന്നത്. ഇതിനു പരിഹാരമായി ഒരു ദേശീയ മിനിമം വേതനമുണ്ടാകുന്നത് ഏറ്റവും വലിയ ഒരു കാര്യമാണ്. അങ്ങനെ ഏറ്റവും പ്രധാനമായത് ദേശീയ മിനിമം വേതനമാണ്. ആ നിലയ്ക്ക് അതിനാവശ്യമായ നടപടി കൈക്കൊള്ളേണ്ടത് കേന്ദ്രഗവൺമെന്റാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി: പ്രോസസ് ചെയ്യാനുള്ള ചെലവിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം എത്ര ശതമാനം വരുമെന്നു പറയാമോ?

ശ്രീ. കല്ലട നാരായണൻ: കൃത്യമായ കണക്ക് എനിക്കറിവില്ല.

അപ്പോഴും, ആവശ്യമായ നടപടിയെന്നു പറയുന്നതു കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. ശ്രീ ബാലകൃഷ്ണപിള്ള ഇത്തരം കാര്യങ്ങളെപ്പറ്റി സൂചിപ്പിച്ചു. കേന്ദ്രത്തിന്റെ നയമെന്താണെന്ന് അറിയാനാണ് ഞങ്ങളുടെ ആഗ്രഹം. ഒരു ദേശീയ മിനിമം വേതനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്? നിങ്ങൾക്ക് അഭിപ്രായമില്ല. ഉണ്ടായിരുന്നെങ്കിൽ തെക്കെ ഇൻഡ്യയിലെ സംസ്ഥാനങ്ങളുടെ കോൺഫറൻസിൽ ഇക്കാര്യം അജണ്ടയിൽ എങ്കിലും വച്ചുകൊണ്ട് അക്കാര്യത്തെപ്പറ്റി ചർച്ച ചെയ്യുമായിരുന്നു. ഇത് കേന്ദ്രഗവൺമെന്റ് ചെയ്യേണ്ട ഒരു കാര്യമാണ്. അത് ചെയ്യാത്ത കാലത്തോളം ഇവിടെ എത്ര നിയമം കൊണ്ടുവന്നാലും ശരി കശുവണ്ടി അങ്ങോട്ട് പോകുമെന്നുള്ളതിന് തർക്കമില്ല.

മറ്റൊന്ന് കൂടുതൽ ഉൽപ്പാദനമാണ്. ഇൻഡ്യയിലൊട്ടാകെ 4.63 ലക്ഷം ഹെക്റ്ററിൽ കൃഷി ചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാനത്താണെങ്കിൽ ഏകദേശം 1.28 ലക്ഷം ഹെക്റ്ററിൽ കൃഷി ചെയ്യുന്നു. ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സ്ഥലമാണുള്ളത്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

1.73 ലക്ഷം ടൺ അണ്ടി ഉൽപ്പാദിപ്പിക്കുന്നു. പക്ഷേ നമുക്ക് ആവശ്യമുള്ള കശുവണ്ടിയുടെ മൂന്നിൽ ഒന്നു പോലും കിട്ടുന്നില്ലെന്നുള്ളതാണ് വസ്തുത. ഒരു കശുവണ്ടി തൊഴിലാളിക്ക് ഒരു വർഷം ജോലി വേണമെങ്കിൽ 3 ടൺ കശുവണ്ടി വേണ്ടിവരും. അങ്ങനെയാണെങ്കിൽ ആകെ $4\frac{1}{2}$ ലക്ഷം ടൺ വേണ്ടിവരും. ഇപ്പോഴാകട്ടെ ഒന്നര ലക്ഷമേ ലഭിക്കുന്നുള്ളു. ആഭ്യന്തരമായ ഉൽപ്പാദനം വർദ്ധിപ്പിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല. അതിനാവശ്യമായ എന്തെങ്കിലും സഹായം കാർഷിക മേഖലയിൽ ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യവും പരിശോധിക്കേണ്ടതാണ്. കശുവണ്ടി തൊഴിലാളികൾക്ക് കൂലിയും ആനുകൂല്യവും വേണമെന്നു പറയുന്നതു പോലെ കൃഷിക്കാരേയും സഹായിക്കണം. അതിന് മറ്റു മാർഗ്ഗമുണ്ടോയെന്ന് ആലോചിക്കണം. ഇന്ന് സീസൺ ആയിരിക്കുകയാണ്. കശുവണ്ടി സംഭരണ സീസൺ പകുതി കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം ഈ സമയത്ത് ഏതാണ്ട് അൻപതിനായിരം ടൺ ശേഖരിച്ചു കഴിഞ്ഞിരുന്നു. ഇപ്പോഴാകട്ടെ എത്ര കിട്ടിയെന്നു യാതൊരു സൂചനയുമില്ല. കർശനമായ നടപടി ഇക്കാര്യത്തിലുണ്ടാകണം. അല്ലാതെ മറ്റു മാർഗ്ഗമില്ല. ഒന്നര ലക്ഷത്തോളം കശുവണ്ടി തൊഴിലാളികളാണ് പട്ടിണിയിലാണ്. ഞാനും ഒരു കശുവണ്ടി തൊഴിലാളിയുടെ മകനാണ്. ആ വികാരം എനിക്കുള്ളതുകൊണ്ട് പറയുകയാണ്. എന്റെ വീടു മുഴുവൻ പട്ടിണിയിലാണ്. സഹോദരങ്ങളും മുഴുവനും പട്ടിണിയിലാണ്.

(തടസ്സം)

എന്താണ് അത്ര സുഖിക്കാത്തത്. അത്ര സുഖിക്കുന്നില്ലേ?

സർ, ഒരു കശുവണ്ടി തൊഴിലാളിയുടെ മകന്റെ വികാരം എനിക്കുണ്ട്. ദേശീയ മിനിമം വേതനം ഉണ്ടാക്കുന്നതു സംബന്ധിച്ച നയമെന്താണെന്ന് ശ്രീ. പി. ബി. ആർ. പിള്ളയ്ക്കു പറയാമോ; ആർക്കെങ്കിലും പറയാമോ ? പ്രധാനമന്ത്രിക്കു പറയാൻ കഴിയുമോ? അതിനു ചുണയുള്ള, തന്റേടമുള്ള, ആരെങ്കിലുമുണ്ടോ? ഇല്ല. രണ്ടും കെട്ട പരുവത്തിലാണ് നിങ്ങൾ. കേരളത്തിലെ ഒരു അഭിനവ സഞ്ജയഗാന്ധി കൂടി ഇപ്പോൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഒരു കൂളിംഗ് ഗ്ലാസ് കൂടി അണിഞ്ഞാൽ ദേവസ്സിക്കുട്ടി ആയിരിക്കും കേരളത്തിലെ സഞ്ജയഗാന്ധി. അദ്ദേഹം എന്തെങ്കിലും പറഞ്ഞാൽ ഈ ഭാഗത്തു നിന്ന് ഒന്നും പറയേണ്ട കാര്യമില്ല.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു. പക്ഷേ ഇതിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുകയാണ്. ക്ഷമിക്കണം ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്തതുകൊണ്ട് മുതലാളിമാരുടെ, കശുവണ്ടി ഫാക്ടറി ഉടമകളുടെ ആളാണ് ഞാനെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ പറയുമോയെന്ന് അറിയില്ല. എന്തായാലും ഒരു കാര്യം വ്യക്തമായി പറയാൻ കഴിയും. കശുവണ്ടിയെ സംബന്ധിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ സി. പി. ഐ. സുഹൃത്തുക്കളും, ആർ. എസ്. പി. സുഹൃത്തുക്കളും കലികേറി ബഹളം വയ്ക്കുകയാണ്. അതിന്റെ അർത്ഥമെന്താണ്? ചില ആളുകൾ കുടുംബ സ്വത്തിൽ തൊടുകയാണെങ്കിൽ അതു പിടിച്ചുനിറുത്തുന്നതിനു കാണിക്കുന്ന വാശിപോലെയാണ് കശുവണ്ടിയുടെ കാര്യം പറയുമ്പോൾ. അഴിമതി നടക്കുന്നു എന്നു പറഞ്ഞാൽ എന്താ! അപ്പുറത്തിരിക്കുന്ന ആളുകളുടെ വാശി സമ്മതിക്കുകയില്ല. അന്വേഷണം നടത്തണമെന്നു പറഞ്ഞാൽ സമ്മതിക്കുകയില്ല. യാഥാർത്ഥ്യത്തിലേക്ക് കടന്നു വന്ന് ഒരു അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിന്റെ അപാകതയെന്താണെന്നു ചിന്തിച്ച് തീരുമാനമെടുത്തിട്ട് എതിർക്കണം. തോട്ടണ്ടിയുടെ കള്ളക്കടത്തിനെ സംബന്ധിച്ചൊക്കെ പറയുന്നു. അത് തടയാൻ ഫലപ്രദമായി ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി നടത്തുമെന്നുള്ള പ്രതീക്ഷയും എനിക്കില്ല. കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കാനുള്ള സംരംഭം ഗവൺമെന്റ് ഇന്നുവരെ സ്വീകരിച്ചില്ല; സ്വീകരിക്കാൻ തയ്യാറാകുന്നുമില്ല. നിയമം വച്ചുകൊണ്ടുതന്നെ മറ്റു സംസ്ഥാനങ്ങളിലേക്ക് കള്ളക്കടത്ത് നടത്തുന്നതിനെ ഫലപ്രദമായി തടയാനുള്ള സംരംഭമാണെങ്കിൽ അതുമില്ല. വിലയുടെ കാര്യമാണെങ്കിൽ കുറച്ചിരിക്കുന്നു. കാരണം 8,500 ടൺ കശുവണ്ടിപ്പരിപ്പ് വിദേശത്തിലേക്ക് അയച്ചത് ചീത്തയായിപ്പോയി എന്നുള്ളതാണ്. അതുകൊണ്ട് അണ്ടിപ്പരിപ്പിന്റെ വില കുറഞ്ഞു പോലും. നുറുങ്ങു പരിപ്പാണ് അയച്ചത്. അത് ചീത്തയായതു കൊണ്ട് വില കുറഞ്ഞെന്ന് പയുന്നു. എങ്കിൽ ആരാണ് ഇതിന് ഉത്തരവാദി. പാവപ്പെട്ട കൃഷിക്കാരനാണോ? അതിനെപ്പറ്റി അന്വേഷണം നടത്താൻ തയ്യാറാണോ? 8,500 ടൺ കശുവണ്ടിപ്പരിപ്പ് ചീത്തയാക്കിയ കോർപ്പറേഷന്റെ ഉദ്യോഗസ്ഥൻമാർ ആരാണെങ്കിലും അന്വേഷണം നടത്താനും ശിക്ഷിക്കാനും നഷ്ടം അവരിൽ നിന്നും ഈടാക്കാനും വ്യവസ്ഥയില്ലേ? എന്തുകൊണ്ട് അതു ചെയ്തു കൂടാ? അതിനു പാവപ്പെട്ട കശുമാവു കൃഷിക്കാർ എന്തിനു നഷ്ടം സഹിക്കണം? അവർക്കു വില വേണ്ടേ? 8,500 ടൺ നുറുങ്ങു പരിപ്പ് എന്തു രാജ്യത്തിലേക്കാണ് അയച്ചത്? കമ്മ്യൂണിസ്റ്റ് പാർട്ടിയും സോവിയറ്റ് റഷ്യയും തമ്മിലുള്ള ഒത്തു തീർപ്പും ഗൂഢാലോചനയും ഇതിലുണ്ടെന്നു ചിലർ സംശയിക്കുന്നു. തെളിയിക്കുവാൻ നിങ്ങൾക്കു ബാദ്ധ്യതയുണ്ട്. ബലമായ ആ ആരോപണം നിലനിൽക്കുകയാണ്.

സർ, നിയമത്തിലേക്ക് കടക്കുമ്പോൾ ഇതിന്റെ പല ഭാഗങ്ങളിലും എഴുതി വച്ചിരിക്കുന്നത് കാണുമ്പോൾ ബിൽ ആർക്കു വേണ്ടിയാണ് കൊണ്ടു വന്നതെന്ന് സംശയിക്കുകയാണ്. കോർപ്പറേഷനു വേണ്ടിയുള്ള നിയമമാണോ തൊഴിലാളികൾക്കു വേണ്ടിയുള്ള നിയമമാണോയെന്ന്. ഞാൻ സംശയിക്കുകയാണ്. 25 ശതമാനം വാടക വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് അധികാരം ഉണ്ട്. അതിനെ സംബന്ധിച്ച് തർക്കമുണ്ട്. അഭിപ്രായവ്യത്യാസം ഞങ്ങൾക്കുണ്ട്. ശ്രീമാൻ ഇട്ടൂപ്പ് ഇന്നലെ അത് വിശദീകരിച്ചു. 25 ശതമാനം വാടക വർദ്ധിപ്പിച്ചാൽ അത് അംഗീകരിച്ചു കൊടുക്കാൻ ബാദ്ധ്യസ്ഥമാണ് കോർപ്പറേഷൻ. പക്ഷേ ഫാക്ടറി ഉടമയ്ക്ക് അപ്പീൽ പോകാം. ഫാക്ടറി ഉടമ ഈ 25 ശതമാനം അംഗീകരിച്ചുകൊള്ളണമെന്നില്ല. ട്രൈബ്യൂണലിന്റെ മുമ്പിലാണ് അപ്പീലിന് പോകുന്നത്. തനിക്ക് നൂറു ശതമാനം വർദ്ധിപ്പിച്ചു കിട്ടണമെന്നു പറഞ്ഞുകൊണ്ട് ട്രൈബ്യൂണലിന്റെ തീരുമാനത്തിനായി അവർക്ക് പോകാം. വിധി ഫാക്ടറി ഉടമയ്ക്ക് അനുകൂലമായി സംഭവിച്ചാലും അതിനെതിരായി അപ്പീലിന് പോകാൻ കോർപ്പറേഷന് അധികാരമുണ്ടോ, ഇല്ല. ഈ ബിൽ വച്ച് അപ്പീൽ പോകാൻ അധികാരമില്ല. ഈ ബിൽ ഡ്രാഫ്റ്റ് ചെയ്ത ആളുകളോട് ഞാൻ ചോദിക്കുകയാണ് ഈ ബിൽ ആർക്കുവേണ്ടിയാണ് ഉണ്ടാക്കിയതെന്ന്. 25 ശതമാനമെന്നുള്ളത് 50 ശതമാനം വർദ്ധിപ്പിക്കാൻ ട്രൈബ്യൂണൽ തീരുമാനം ഉണ്ടായാൽ ഫാക്ടറി ഉടമയ്ക്ക് വീണ്ടും അപ്പീൽ ഹൈക്കോടതിയിൽ പോകാൻ കഴിയും. പക്ഷേ കോർപ്പറേഷന് അപ്പീൽ പോകാൻ സാധിക്കുകയില്ല. 100 ശതമാനം വാടക വർദ്ധിപ്പിക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

വിധി സമ്പാദിച്ചാൽപോലും കോർപ്പറേഷൻ അംഗീകരിച്ചേ തീരൂ. അത് തെറ്റാണെന്ന് പറയുവാൻ പോലും നിവർത്തിയില്ല. അത് പുനഃപരിശോധന ചെയ്യണമെന്ന് ട്രൈബ്യൂണലിലും ഹൈക്കോടതിയിലും വാദിക്കാൻ കോർപ്പറേഷന് ഈ ഭേദഗതി നിയമത്തിൽ യാതൊരു പ്രൊവിഷനും ഇല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നു എന്ന്. ഈ നിയമത്തിലെ വ്യവസ്ഥകൾ ഈ രാജ്യത്തെ വ്യവസായ ഉടമകളെ, ഫാക്ടറി ഉടമകളെ സഹായിക്കാനുള്ളതാണ്. ഇത് കോർപ്പറേഷനെ രക്ഷിക്കാൻവേണ്ടി ഉള്ള നിയമമല്ല. അതുകൊണ്ട് ഈ നിയമം ഭേദഗതി ചെയ്തുകൊണ്ട് അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഫാക്ടറികളുടെ സാമ്പത്തികാവസ്ഥ, സൗകര്യങ്ങൾ ഇതെല്ലാം കണക്കിലെടുത്തു കൊണ്ട് വാടക നിശ്ചയിക്കുന്നകാര്യത്തിൽ കോർപ്പറേഷന് അപ്പീൽ പോകാനാവശ്യമായ ഭേദഗതി ചെയ്യാൻ ആവശ്യപ്പെടാനുള്ള വ്യവസ്ഥ ഈ ബില്ലിൽ എഴുതിച്ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ തനി പിന്തിരിപ്പനാണെന്നു പറഞ്ഞു കൊണ്ട് ഈ ബില്ലിൽ കോർപ്പറേഷന് അപ്പീൽ പവ്വർ എഴുതി ചേർക്കാൻ ദയ കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിനെ സഭയുടെ എല്ലാ ഭാഗത്തു നിന്നും അംഗീകരിച്ചിരിക്കുകയാണ്. കാര്യമായ എതിർപ്പ് ഉണ്ടായിട്ടില്ലെങ്കിലും ചില ഭാഗങ്ങളിൽ നിന്നും ഉണ്ടായ എതിർപ്പിനെക്കുറിച്ച് മാത്രം ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ദേവസ്സിക്കുട്ടി ഇത് വളരെ ആവശ്യമാണ്, പാസ്സാക്കണമെന്നെല്ലാം പറഞ്ഞുകൊണ്ടുതന്നെ അഴിമതിയുടെ കാര്യത്തെപ്പറ്റിയും പറയുകയുണ്ടായി. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അഴിമതിയെപ്പറ്റിയുള്ള കാര്യങ്ങളെപ്പറ്റിയെല്ലാം ചിലരെല്ലാം ഇവിടെ വിവരിച്ചു കഴിഞ്ഞിരിക്കുന്നതുകൊണ്ട് ആണ് ഞാൻ അതിനെപ്പറ്റി പറയാൻ ആഗ്രഹിക്കാത്തത്. ഈ കോർപ്പറേഷനെപ്പറ്റിയുള്ള ആരോപണങ്ങളാണ് അദ്ദേഹത്തിന് പൂർണ്ണമായും പറയാനുണ്ടായിരുന്നത്. അദ്ദേഹം ഇവിടെ അണ്ടിക്ക് വില വർദ്ധിപ്പിക്കണമെന്നു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ പരിശോധിക്കുകയാണെങ്കിൽ ഒരു വസ്തുത കാണാൻ കഴിയും. കോർപ്പറേഷനിൽ അഴിമതിയുണ്ട്, നഷ്ടം സംഭവിച്ചിരിക്കുന്നു, ഇനിയും നഷ്ടം സംഭവിക്കണം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ചുരുക്കം. അദ്ദേഹം കഴിഞ്ഞ കാലങ്ങളിലുള്ള നഷ്ടത്തെക്കുറിച്ച് പറഞ്ഞു. ഈ ആണ്ടിൽ ഇനിയും അണ്ടിക്ക് വില കൂട്ടണമെന്നു പറഞ്ഞതിന്റെ അർത്ഥം കൂടുതൽ നഷ്ടം ഉണ്ടാകണമെന്നാണ്. എന്നന്നേക്കുമായി കോർപ്പറേഷൻ നഷ്ടത്തിലാകണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. ബില്ലിനെ സ്വാഗതം ചെയ്തതു കൊണ്ട് അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ബില്ലിനെ സ്വാഗതം ചെയ്തു കൊണ്ടുതന്നെ ഈ വ്യവസായത്തേയും കോർപ്പറേഷനേയും തകർത്തു കൊണ്ട് ഈ രാജ്യത്തെ കുത്തക മുതലാളിമാർക്കു വേണ്ടി വാദിക്കുന്ന സ്ഥിതിയാണ് ഇതിന്റെ പിന്നിലുള്ളതെന്ന് പറയാൻ ഞാൻ മടിക്കുന്നില്ല. ഇതിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ കഴിഞ്ഞ കൊല്ലങ്ങളിലുള്ള നഷ്ടത്തെക്കുറിച്ച് പലരും പറഞ്ഞു. കഴിഞ്ഞ കൊല്ലം നഷ്ടം ഉണ്ടായത് ശരിയാണ്. 25-30 കോടി രൂപയുടെ നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിയെന്നു പറഞ്ഞു. ഏതാണ്ട് പത്ത് കോടിയോളം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്.

ശ്രീ. എം. വി. രാഘവൻ: ഇവിടെ മുഖ്യമന്ത്രി 18 കോടി രൂപയുടെ നഷ്ടമെന്നു പറഞ്ഞു. ആര്യാടൻ 8 കോടി രൂപ കുറയ്ക്കുന്നതെന്തിനാണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: മുഖ്യമന്ത്രി പത്തു കോടി എന്നാണ് പറഞ്ഞത്. ശ്രീ. രാഘവൻ തെറ്റിദ്ധരിച്ചതാണ്. ശ്രീമാൻ ദേവസ്സിക്കുട്ടി പ്രസംഗിച്ചത് ഇവിടത്തെ കൃഷിക്കാർക്കുവേണ്ടിയാണ്. കൃഷിക്കാർക്ക് എത്ര കോടി രൂപ കിട്ടിയെന്ന് അദ്ദേഹം പരിശോധിക്കണം. 50 കോടി രൂപ കൃഷിക്കാർക്ക് കിട്ടിയെന്ന കാര്യം അദ്ദേഹം മനസ്സിലാക്കണം. കഴിഞ്ഞകൊല്ലം ഈ സ്കീം വച്ചുകൊണ്ട് മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന ഗവൺമെന്റ് അണ്ടി എടുത്തില്ലെങ്കിൽ $12\frac{1}{2}$ കോടി രൂപയിൽ കൂടുതൽ ഒരിക്കലും കൃഷിക്കാർക്ക് വില കിട്ടുമായിരുന്നില്ലെന്നുള്ള കാര്യം മനസ്സിലാക്കണം. ശ്രീ. ദേവസ്സിക്കുട്ടിയുടെ സംശയം ശ്രീ. ബാലന് അറിയാമല്ലോ. നമ്മം ഒന്നിച്ചിരുന്നപ്പോഴും തന്നെ ശ്രീ. ദേവസ്സിക്കുട്ടി തൊഴിലാളികൾക്കെതിരായി പ്രസംഗിക്കുമ്പോഴും ശ്രീ. ബാലനാണല്ലോ അതിന് മറുപടി പറഞ്ഞത്. അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ ഇപ്പോഴും പറയുന്നില്ല. ശ്രീ. ദേവസ്സിക്കുട്ടിയെക്കുറിച്ചുള്ള പരാതി എനിക്കും ശ്രീ. ബാലനും നേരത്തെ ഉള്ളതാണ്. കൃഷിക്കാർക്കുവേണ്ടി $37\frac{1}{2}$ കോടി രൂപയുടെ ലാഭം ഉണ്ടാക്കികൊടുത്തെന്നുള്ള കാര്യം നാം കാണണം.

സർ, ഈ കൊല്ലം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വില കൂട്ടിയാൽ അതിന്റെ ഫലം, എന്തായിരിക്കുമെന്നുള്ള കാര്യംകൂടി ആലോചിക്കണം. ഈ പ്രാവശ്യം കുറച്ച് വില കൂട്ടിയിരുന്നുവെങ്കിൽ തീർച്ചയായും കോർപ്പറേഷൻ പൊളിയും. കോർപ്പറേഷൻ പൊളിഞ്ഞു കഴിഞ്ഞാൽ അടുത്ത കൊല്ലം മുതൽ കൃഷിക്കാരനു വില ചുരുങ്ങും. തൊഴിലാളികൾക്ക് തൊഴിലും ഇല്ലാതാകും.

സർ, ഇത് തൊഴിലാളികൾക്കുള്ള ബില്ലാണെന്നുള്ള കാര്യം ഞാൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. കേരളത്തിലെ കശുവണ്ടി തൊഴിലാളികളെ സഹായിക്കാനുള്ള ബില്ലാണ്. ഈ ബില്ലിൽ കൃഷിക്കാരെപ്പറ്റി പറഞ്ഞിട്ടില്ലെന്നുള്ളതാണ് ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം. ഇത് കൃഷിക്കാരെ സംബന്ധിച്ചുള്ള ബില്ലല്ല, തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ള ബില്ലാണ്. പരോക്ഷമായി കൃഷിക്കാരന്റെ സഹായം ഉണ്ടെന്നുള്ളത് സമ്മതിക്കുന്നു. അതുകൊണ്ട് കൃഷിക്കാർക്കുവേണ്ടി കൊണ്ടുവരുന്ന ബില്ലിലെല്ലാം തൊഴിലാളികളുടെ കാര്യം പറയണമെന്നും തൊഴിലാളികൾക്കുവേണ്ടി കൊണ്ടുവരുന്ന ബില്ലിൽ കൃഷിക്കാരുടെ കാര്യം പറയണമെന്നും ഉള്ള സമീപനം ശരിയല്ല. കർഷക നിയമം ഈ സംസ്ഥാനത്ത് കൊണ്ടുവന്നു. ആ നിയമത്തിൽ നാം അഭിമാനം കൊള്ളുകയാണ്. ആ നിയമത്തിന്റെ പരിധിയിൽ തെങ്ങും വരും. അങ്ങനെ വന്നാൽ തെങ്ങയിൽനിന്നും ഉണ്ടാക്കുന്ന എണ്ണ എടുക്കുന്ന തൊഴിലാളികളുടെ കാര്യം പറഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ ഏതുപോലെയാണോ അതുപോലെയാണ് കൃഷിക്കാരന്റെ കാര്യം ഇതിനകത്ത് പറഞ്ഞിട്ടില്ലെന്നു പറയുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും അനുകൂല്യമുള്ള ബില്ലാണെന്ന്. മാത്രമല്ല, ഈ ബില്ലിനെ എതിർക്കാനുള്ള ചില ഏർപ്പാടുകൾകൂടി മറുഭാഗത്ത് നടക്കുന്നു എന്നുള്ള കാര്യം കൂടി ചൂണ്ടിക്കാണിക്കുകയാണ്. മറുഭാഗത്ത് കുറെ കശുവണ്ടി മുതലാളിമാരുടെ ലോബികൾ വളരെ ശക്തമായി നീങ്ങുകയാണ്. അവർ ഇവിടെ പല പേരിലും പല പാർട്ടികളും നടത്തുന്നുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇതിന്റെയെല്ലാം ഉദ്ദേശം ഇതാണെന്നുള്ള കാര്യംകൂടി ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഇവിടെ കശുവണ്ടി ഫാക്ടറികൾ ഏറെടുക്കുന്നതിനെപ്പറ്റിയും തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കുന്നതിനെപ്പറ്റിയുമെല്ലാം പറഞ്ഞു. പക്ഷേ ഇതു പറഞ്ഞ അവസരത്തിൽതന്നെ ശ്രീ. ആര്യാടൻ മുഹമ്മദും അതുപോലുള്ള ആളുകളും ചില കാര്യങ്ങൾ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുറെ ഫാക്ടറികൾ ഏറെടുത്തിട്ടുണ്ട്, അതിന്റെ ഫലമായി കുറെ ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ള കാര്യങ്ങൾ അംഗീകരിക്കുന്നു. ആ ശ്രമത്തെ ഞങ്ങളാരും എതിർക്കുന്നില്ല. കശുവണ്ടി സംഭരിക്കാൻ പോകുന്ന ശ്രമത്തെയും ഞങ്ങളാരും എതിർക്കുന്നില്ല. അതെല്ലാം നല്ല കാര്യങ്ങളാണ്. ഈ കശുവണ്ടി വ്യവസായത്തിൽ ഇന്നുള്ള പ്രതിസന്ധി പരിഹരിക്കാൻ നിങ്ങളുടെ ഈ നടപടി കൊണ്ട് വല്ലതും സാധിക്കുന്നുണ്ടോയെന്ന് ഒരു ആത്മപരിശോധന ശ്രീ. ആര്യാടൻ മുഹമ്മദ് നടത്താൻ തയ്യാറാകണം. ശ്രീ. ആര്യാടൻ മുഹമ്മദായാലും വ്യവസായവകുപ്പിന്റെ ചാർജ് വഹിക്കുന്ന ശ്രീമാൻ പി. എസ്. ശ്രീനിവാസനായാലും അതിന് തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഈ വ്യവസായത്തിൽ ഇത്രയും നടപടികൾ പോരെന്നുള്ളതാണ് എന്റെ പാർട്ടിയുടെ അഭിപ്രായം. ഫാക്ടറികൾ ഏറെടുത്താൽ മാത്രം പോര, നാഷണലൈസ് ചെയ്യണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. നിങ്ങളെക്കൊണ്ട് നടത്താൻ സാധിക്കുകയില്ല. പൊന്നുമേഖല നിങ്ങൾ മുടിച്ചവരാണ്. നാഷണലൈസേഷൻ നടപ്പിലാക്കിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു.

സർ, ശ്രീ. ആര്യാടൻ മുഹമ്മദ് ഡിന്നറിന്റെയോ ലഞ്ചിന്റെയോ കാര്യങ്ങളെല്ലാം പറയുകയുണ്ടായി. ഞങ്ങൾ അതിനൊന്നും പോകുന്നില്ല. ശ്രീ. ആര്യാടനും പോകേണ്ട. എന്താണ് ഈ നാട്ടിലെ മുതലാളിമാരെ ഇത്ര വലിയ ഭയമെന്നു ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് എന്നു മുതൽക്കാണെന്ന് അറിയുന്നില്ല. മുഴുവൻ ഫാക്ടറികളും നമുക്ക് ഏറ്റെടുക്കാം. ആരെങ്കിലും എതിർക്കുന്നുവെങ്കിൽ അവരെ നമുക്ക് പിന്തിരിപ്പൻ എന്ന് ഏകകണ്ഠമായി വിളിക്കാം. അതുകൊണ്ട് ഫാക്ടറികൾ നാഷണലൈസ് ചെയ്യണം. ശ്രീമാൻ ദേവസ്സിക്കുട്ടി എതിർക്കുന്നുവെങ്കിൽ നമുക്ക് അദ്ദേഹത്തെ വിളിക്കാം. കശുവണ്ടി കൃഷിക്കാരുടെ താൽപ്പര്യങ്ങൾകൂടി സംരക്ഷിക്കണം. കശുവണ്ടി കൃഷിക്കാരുടേയും തൊഴിലാളികളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കത്തക്കവിധത്തിലായിരിക്കണം നാഷണലൈസേഷൻ നടത്തേണ്ടത്. അതിനുപകരം ഈ കശുവണ്ടി കോർപ്പറേഷനും അതുപോലുള്ള മറ്റ് ഇടപാടുകളുംകൊണ്ട് ഈ രാജ്യത്തിന്റെ മുതൽ കൊള്ളയടിക്കുകയാണ് ചിലർ ചെയ്യുന്നതെന്ന് ഞാൻ പറഞ്ഞാൽ അപ്പുറത്തിരിക്കുന്ന ആളുകൾ അതിനെപ്പറ്റി ദുഃഖിച്ചിട്ട് കാര്യമില്ല.

11 a.m] സർ, കശുവണ്ടി കോർപ്പറേഷൻ കൂടുതൽ വില കൊടുത്തു എന്നു പറഞ്ഞു. പരിപ്പിന് വില കുറഞ്ഞു. എത്ര രൂപയാണ് കൂടുതൽ കൊടുത്തത്. ഇപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദു പറഞ്ഞത് 10 കോടി എന്നാണ്. പത്രങ്ങളിൽ വന്നത് 23 കോടി എന്നാണ്. ഇതിന് മറുപടി ആരും പറഞ്ഞില്ല. മിനിഞ്ഞാന്ന് മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ 18 കോടി രൂപയാണെന്നാണ് പറഞ്ഞത്. അതിന്റെ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത റിപ്പോർട്ട് എന്തു റിപ്പോർട്ടാണ്, സർ. ഒരു കൊച്ചുസംസ്ഥാനമാണ് കേരളം. രണ്ടുത്തു കൈ വച്ചുകൊണ്ടു ഭരണ കക്ഷിയിൽ പെട്ടവർക്ക് ആലോചിക്കാൻ കഴിയുമോ, പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി. കമ്മ്യൂണിസ്റ്റുകാരല്ലേ അപ്പുറത്തിരിക്കുന്നത്, വ്യവസായവകുപ്പിന്റെ ചാർജു വഹിക്കുന്നതും കമ്മ്യൂണിസ്റ്റുകാരനാണ്. ഞാൻ ശ്രീ. ശ്രീനിവാസനോട് ചോദിക്കുകയാണ് നിങ്ങൾ സ്വയം ആത്മപരിശോധന നടത്താൻ തയ്യാറാണോയെന്ന്. പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റിയുള്ള ആഡിറ്റ് റിപ്പോർട്ട് കഴിഞ്ഞ പ്രാവശ്യം വന്നു. 56 ഫാക്ടറികളിൽ 51 കോടി രൂപ മൂലധനം മുടക്കിയിട്ടു 22 കോടി രൂപ നഷ്ടമാണെന്നാണ്. ഇതു നല്ല കാര്യമാണ് പൊതുമേഖലാ സ്ഥാപനമെന്നു പറഞ്ഞാൽ ഒരു തരം കൊള്ളയടിക്കണെന്നും പൊതുമേഖല തകരാറിലാണെന്നും നഷ്ടത്തിലാണെന്നും വരുത്തി തീർക്കാനുള്ള കാര്യമാണ് നിങ്ങൾ ചെയ്യുന്നത്.

കശുവണ്ടി കോർപ്പറേഷന്റെ മൂലധനം ഒന്നേകാൽ കോടി രൂപയാണെന്നാണ് ഞാൻ കേട്ടത്. നഷ്ടം 18 കോടി രൂപയാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. പത്രങ്ങളിൽ വന്നതു 23 കോടി രൂപ, മാർക്കറ്റിംഗ് ഫെഡറേഷൻ 2 കോടി പിന്നേയും പറഞ്ഞു. ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി മറുപടി പറയുമ്പോൾ ശരിയായ നഷ്ടം എത്ര കോടിയാണെന്നു പറയുമോ? ഒന്നേകാൽ കോടി രൂപ മൂലധനമുള്ള ഫാക്ടറി നഷ്ടത്തിലാണെന്നു പറഞ്ഞാൽ ഒരു ചെറിയ വ്യവസ്യ മാത്രമുള്ള നമ്മുടെ ഈ കൊച്ചു സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിൽ മാത്രം 18 കോടി രൂപയുടെ നഷ്ടം വന്നിരിക്കുകയാണ്. സെൻട്രൽ ഗവൺമെന്റിനോട് 10 കോടി തരാൻ പറഞ്ഞെന്നു മുഖ്യമന്ത്രി പറഞ്ഞു. 14 ശതമാനമാണ് പലിശ. ആ കടം വേണ്ടെന്നു പറഞ്ഞിരിക്കുകയാണ്. എന്തുകൊണ്ടാണ് ഈ നഷ്ടം വന്നത്. ഇതേപ്പറ്റി അന്വേഷിക്കാൻ തയ്യാറുണ്ടോയെന്നാണ് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: തൊഴിലാളികൾക്ക് മാനേജുമെന്റിൽ പങ്കു കൊടുക്കണമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി കോർപ്പറേഷനിൽ തൊഴിലാളികളുടെ പ്രതിനിധിയായി സി. ഐ. റ്റി. യു. വിന്റെ നേതാവായ ശ്രീ. പത്മലോചനൻ അതിന്റെ ഡയറക്ടർ ബോർഡ് മെമ്പറാണെന്ന കാര്യം ശ്രീ. രാഘവനറിയാമോ?

ശ്രീ. എം. വി. രാഘവൻ: എനിക്കു ശരിക്കും അറിയാം. ശ്രീ.എം. വി. രാഘവൻ അതിന്റെ ഡയറക്ടർ ബോർഡ് അംഗമായാലും 18 കോടി രൂപ നഷ്ടപ്പെടുത്തിയതിന് ശ്രീ. എം. വി. രാഘവൻ തന്നെ അതിന് മറുപടി പറയണം. പത്മലോചനൻ ആണെങ്കിൽ പത്മലോചനൻ അതിന് മറുപടി പറയണം. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടാണെങ്കിൽ അദ്ദേഹത്തേയും നേരിടാൻ തയ്യാറാണ്. അതുകൊണ്ട് ചപ്പടാച്ചി പറഞ്ഞുകൊണ്ട് ഇവിടെ പേടിപ്പിക്കാൻ നോക്കേണ്ട. ഈ നഷ്ടത്തെപ്പറ്റി അന്വേഷിക്കണം. ഇങ്ങനെ പറയുമ്പോഴും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പരിപ്പ് എവിടെനിന്നാണ് എടുക്കുന്നത്. ശ്രീ. ആര്യാടൻ പ്രസംഗിച്ചിട്ട് എവിടെയാണ് പോയത്. പ്രൈവറ്റ് മുതലാളിമാർക്കാണ് ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പരിപ്പ് കൊടുക്കുന്നത്. ഇതിൽ കമ്മീഷനില്ലേ? ശ്രീ. ശ്രീനിവാസൻ അന്വേഷിക്കൂ ആർക്കെല്ലാമാണ് കിട്ടിയത്. ശ്രീ. എം. വി. രാഘവനു കിട്ടിയെങ്കിൽ എം. വി. രാഘവനെ പ്രോസിക്യൂട്ട് ചെയ്യണം. ഈ സന്ദർഭത്തിൽ മാർക്സിസ്റ്റുകാരനല്ലേ, മറ്റവനല്ലേ, എന്നുള്ള വർത്തമാനം വേണ്ട. ആർക്കാണ് ഈ പരിപ്പു വിറ്റത്. നിങ്ങൾ നെഞ്ചത്തു കൈ വെച്ചുകൊണ്ടു ആലോചിക്കണം. എന്തിനാണ് പ്രൈവറ്റു മുതലാളിമാർക്ക് കൊടുത്തത്. വിദേശത്ത് അയയ്ക്കാൻ എന്തുകൊണ്ട് താൽപ്പര്യം കാണിച്ചില്ല. സോഷ്യലിസ്റ്റ് രാജ്യമായ റഷ്യയിലേക്ക് അയയ്ക്കാൻ എന്തുകൊണ്ടു താൽപ്പര്യം കാണിച്ചില്ല. അവിടേക്ക് അയയ്ക്കുന്നതിൽ നിന്നും തട്ടിത്തിന്ന വക എത്ര? എന്നിട്ടു ഈ രാജ്യത്തു സോഷ്യലിസം പ്രസംഗിക്കുകയാണ്. മഹത്തായ ആ സോഷ്യലിസ്റ്റ് രാജ്യത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അഭിമാനമുണ്ട്. അവരെപ്പറ്റി വിമർശനമുണ്ടെങ്കിലും ആ രാജ്യത്ത് സോഷ്യലിസമാണുള്ളത്. ആ രാജ്യത്തേക്ക് അയയ്ക്കുന്നതിനും കമ്മീഷൻ ഏജൻറുണ്ട്. ആ കമ്മീഷൻ ഏജൻറ് ലക്ഷക്കണക്കിനു വാങ്ങിച്ചു തട്ടിത്തിന്നുകയാണ്. വട്ടിയും കുട്ടയും വാങ്ങിച്ച വകയിൽ എത്ര പറഞ്ഞിച്ചു. ഒന്നര രൂപയ്ക്കുള്ള വട്ടിക്കു നാലു രൂപയാണ് ലോക്കൽ പർച്ചേസ്. അതേപ്പറ്റി അന്വേഷിക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം തീരാറായി ചുരുക്കി സംസാരിക്കണം.

ശ്രീ. എം. വി. രാഘവൻ: ഇതു ബില്ലാണ്, ബഡ്ജറ്റ് പ്രസംഗമല്ല....എന്നിട്ടും അവർ അസംബ്ലിയിൽ വന്നു പ്രസംഗിക്കുകയാണ്. ഇക്കാര്യത്തിൽ പതിനായിരക്കണക്കിനു ലക്ഷക്കണക്കിനു രൂപയുടെ അഴിമതിയുണ്ട്. ഞങ്ങൾ തെളിയിക്കാൻ തയ്യാറാണ് കഴിഞ്ഞ ആഴ്ച ദേശാഭിമാനിയിൽ ഒരു റിപ്പോർട്ടു വന്നു. പരിപ്പെടുത്തതോടിലേ, നിങ്ങൾ അതെല്ലാം വിറ്റു കാശാക്കും. കശുവണ്ടി പരിപ്പെടുത്തിട്ട് തോടിനു 9 രൂപ മാർക്കറ്റു വിലയുണ്ട്. വലതു കമ്മ്യൂണിസ്റ്റുകാരൻ 6 രൂപയ്ക്കു വിറ്റു. അപ്പോഴേതന്നെ വാങ്ങിച്ചയാൾ എട്ടര രൂപയ്ക്കു പത്തു ചാക്കു കച്ചവടമടിച്ചു. രണ്ടര രൂപ ചാക്കിനു ലാഭം. നേരത്തെ പത്രങ്ങളിൽ വന്നു. ഇങ്ങനെ പോയാൽ

LIBRARY ARCHIVES Kerala Legislative Assembly

എവിടെയെത്തും. നിങ്ങൾ ഇങ്ങനെ നശിക്കുന്നതിൽ ഞങ്ങൾക്കു വേദനയുണ്ട്. നിങ്ങളുടെ പേരും കമ്മ്യൂണിസ്റ്റുകാരെന്നല്ലേ? അതു കൊണ്ടാണ് പറയുന്നത്. അതുകൊണ്ടു ഞാൻ പറയുന്നത് പത്മലോചനായാലും എം. വി. രാഘവനായാലും ശരി കോർപ്പറേഷനു നഷ്ടം വന്നതിനെപ്പറ്റി ഞങ്ങൾക്കു പരാതിയുണ്ട്. അതുകൊണ്ട് ഈ പരാതിയെപ്പറ്റി അന്വേഷിക്കാൻ തയ്യാറുണ്ടോ. അന്വേഷിച്ചാൽ കോടിക്കണക്കിനു രൂപയുടെ ധൂർത്തും കൊള്ളയും ഇതിൽ നടന്നിട്ടുണ്ടെന്നു തെളിയിക്കാൻ തയ്യാറാണ്. ഇതിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തണം. കശുവണ്ടി വ്യവസായത്തിൽ മൂന്നര ലക്ഷത്തോളം തൊഴിലാളികളെ രക്ഷിക്കുന്നതാണെന്നും, കശുവണ്ടി കൃഷിക്കാരനു ന്യായമായ വില കൊടുക്കുന്നതാണെന്നും അവരെ ബോദ്ധ്യപ്പെടുത്തുന്നതിനു തയ്യാറാകണം. അതിനുള്ള യാതൊരു നടപടിയും ഈ കൊല്ലമില്ല. കശുവണ്ടി മുഴുവനും കടത്തിക്കൊണ്ടുപോകുകയാണ്. കണ്ണൂർ ജില്ലയിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. സി. പി. ഐ.—യും, സ്വരൺ കോൺഗ്രസ്സും, കോൺഗ്രസ് (ഐ) യും, മാർക്സിസ്റ്റുകാരനും, മുസ്ലീം ലീഗും, പ്രതിപക്ഷ ലീഗും, സർവ്വസ്വവും അവിടെ നിന്നുകൊണ്ടു പറയുകയാണ് കശുവണ്ടി കൊടുക്കുകയില്ല എന്ന്. എടുക്കാൻ ആളുമില്ല. കഴിഞ്ഞ കൊല്ലത്തേക്കാൾ കുത്തഴിഞ്ഞതും അരാജകത്വവുമായ സ്ഥിതിയാണ് ഇവിടെയുള്ളത്. കഴിഞ്ഞ കാലത്തു നടന്ന അഴിമതികളെപ്പറ്റി അന്വേഷിക്കാതെ പ്രസംഗിച്ചിട്ടു കാര്യമില്ല. തൊഴിലാളികൾക്കു കൂലി കൊടുക്കാനും ഫാക്ടറി തൊഴിലാളികളോടുദ്ധിക്കാരപരമായി പെരുമാറുന്നതു ഒഴിവാക്കാനും നടപടി എടുക്കണം. അതല്ലാതെ കുറച്ചു ഫാക്ടറി എടുക്കുന്നതു കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കുകയില്ല.

ശ്രീ. പി. പി. എസ്തോസ്: ഞാൻ ഈ ബില്ലിനെ പൊതുവേ സ്വാഗതം ചെയ്യുന്നു എന്നു പറയാൻ കാരണം ഒരു വ്യവസായം തുടരാൻ വേണ്ടിയുള്ള നടപടിയെന്നുള്ള നിലയ്ക്കു മാത്രമാണ്. 1977 ആദ്യം നിയമസഭാ യോഗത്തിൽ കേരളത്തിൽ അന്നു കശുവണ്ടിപ്പരിപ്പിന്റെ വില 220 സെന്റാണെന്നാണ് പറഞ്ഞിരുന്നത്. അന്നു കശുവണ്ടിയ്ക്ക് നിലവിലുണ്ടായിരുന്ന മൂന്നു രൂപ പൊതുവേ വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. അപ്പോഴത്തെ ശ്രീ. ചിത്തരഞ്ജന്റെ പ്രസംഗം നിയമസഭാ രേഖകളിലുണ്ട്. ഞാൻ ഇന്നലെ അതെടുത്തുവായിച്ചു നോക്കി. അന്ന് ഈ കശുവണ്ടി വിലകൂട്ടണമെന്നു പറഞ്ഞപ്പോൾ കൊല്ലത്തെ കശുവണ്ടി മുതലാളിമാരുടെ സ്വരമാണ് മാർക്സിസ്റ്റു സുഹൃത്തുക്കളിലൂടെ കേൾക്കുന്നതെന്നു പറഞ്ഞു. നാണംകെട്ട ഇക്കൂട്ടർ കഴിഞ്ഞ 2 വർഷമായി ഇതേ സ്വരമാണ് പറയുന്നത്. ഇപ്പോഴും ഈ ഭാഗത്തുനിന്നും സംസാരിച്ച ആളുകളിൽനിന്നും മുതലാളിമാരുടെ സ്വരമാണ് നിങ്ങൾ കേൾക്കുന്നതെങ്കിൽ ഞാൻ പറയുകയാണ്—ഒരു കിലോഗ്രാം കശുവണ്ടി മുതൽ എട്ടോ പത്തോ കിൻറൽ വരെ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന ദശലക്ഷക്കണക്കിനു കർഷകർക്ക് അൽപ്പം വില കൂട്ടിക്കൊടുത്താൽ അതുകൊണ്ട് ഒരു നഷ്ടവും വരാനില്ല എന്ന്. ഈ വർഷം പരിപ്പിന്റെ വില 240 സെൻറുണ്ടായിരുന്നത് 180 ആയിരിക്കുകയാണ്. ഈ 180 സെൻറെന്നു പറയുന്നത് 25 ശതമാനം വിലക്കുറവാണ്. കശുവണ്ടി വില ഈ വർഷം 40 ശതമാനമാണ് കുറഞ്ഞത്. ഈ ധൂർത്തുപുത്രനായ കശുവണ്ടി വികസന കോർപ്പറേഷന്റെ എസ്റ്റാബ്ലിഷ്മെൻറ് എത്രയാണെന്ന് ശ്രീമാൻ കൊരമ്പയിൽ ചോദിച്ചപ്പോൾ കണക്ക് ഉദ്ധരിച്ചുകൊണ്ടുനിന്ന ശ്രീ. കല്ലട നാരായണൻ ആ കണക്ക് മടക്കിവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു ധൂർത്തു പുത്രനാണ്. വളരെ ഭീമമായ ധൂർത്തു നടത്തുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെ എസ്റ്റാബ്ലിഷ്മെന്റ് 50 ശതമാനം വെട്ടിക്കുറയ്ക്കാൻ തയ്യാറുണ്ടോ? ലക്ഷക്കണക്കിനു കൃഷിക്കാർ അവരുടെ കശുവണ്ടിക്കു കൂടുതൽ വില ലഭിക്കണമെന്നു വാദിക്കുമ്പോൾ ഒന്നര ലക്ഷം തൊഴിലാളികളുടെ പേരാണ് പറയുന്നത്. കേരളത്തിലെ ദശലക്ഷക്കണക്കിനു കർഷകരുടെ താൽപ്പര്യങ്ങളെ മുൻനിർത്തി കേരള കർഷക സംഘത്തിന്റെ 9,10,11 തീയതികളിൽ തൊടുപുഴവച്ചു കൂടിയ വാർഷിക സമ്മേളനത്തിൽ കശുവണ്ടിക്കു കൂടുതൽ വില നിശ്ചയിക്കണമെന്ന് വാദിച്ചിട്ടുണ്ട്. സി. പി. ഐ.—യും ഈ രീതിയിലുള്ള ഒരു പ്രമേയം പാസ്സാക്കിയതായി പത്രങ്ങളിൽ വായിച്ചു.

സർ, കൊല്ലം ജില്ലയിലെ കൃഷിക്കാരുടെ യോഗത്തിൽവച്ച് കശുവണ്ടിയുടെ വില കൂട്ടണമെന്ന് ആവശ്യപ്പെട്ടു. കൊല്ലത്തെ കശുവണ്ടി കൃഷിക്കാർ ഇപ്രകാരം പറഞ്ഞുവെങ്കിൽ നമുക്ക് കണ്ണൂർ ജില്ലയിലെ കശുവണ്ടി കൃഷിക്കാരെപ്പറ്റിയും തിരുവനന്തപുരം ജില്ലയിലെ കശുവണ്ടി കൃഷിക്കാരെപ്പറ്റിയും മനസ്സിലാക്കാം. എത്രത്തോളം കൂടുതലാണെന്നു പറഞ്ഞാലും കൊല്ലം ജില്ലയിൽ ആളുകൂടിയ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കശുവണ്ടി മുഴുവൻ ഇന്ന് കടത്തിക്കൊണ്ടു പോകുകയാണ്. നാളികേരത്തിന്റെ പ്രശ്നം പറയുമ്പോൾ, തൊണ്ടിനു വില കൂട്ടണമെന്നു പറയുമ്പോൾ ചകിരി തൊഴിലാളികളുടെ പേരിലാണ് എഴുതിക്കുന്നത്. ഏത് കാർഷികോൽപ്പന്നത്തിന്റെ വില കൂട്ടണമെന്നു പറഞ്ഞാലും സമ്പദ്ഘടനയെ തകർച്ചയുടെ വക്കിലാക്കുന്നതരത്തിൽ ആണ് പ്രവർത്തിച്ചിട്ടുള്ളത്. ഏത് സമയത്തും മുറവിളി കൂട്ടുന്ന ഈ കൂട്ടർ ചില പ്രത്യേക പ്രശ്നം വരുമ്പോൾ ഒന്നര ലക്ഷം കശുവണ്ടി തൊഴിലാളികളുടെ പേര് പറഞ്ഞ്, പത്ത് പതിനഞ്ച് ലക്ഷത്തോളം വരുന്ന കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വില കുറയ്ക്കുവാൻ തയ്യാറായാൽ അവർ കശുവണ്ടി വിൽക്കുകയില്ല. കശുവണ്ടി പരിപ്പിന് 25 ശതമാനം വില കുറച്ചപ്പോൾ കശുവണ്ടിക്ക് 40 ശതമാനം വില കുറച്ചത് കൂട്ടണം എന്നാണ് വാദിക്കുന്നത്. 25 ശതമാനം വില കുറഞ്ഞ സ്ഥിതിക്ക് 25 ശതമാനം വില കുറച്ചാൽ മനസ്സിലാക്കാം. വില കുറയ്ക്കുവാൻ പാടില്ല എന്നാണ് വാദം. എല്ലാവരും വാദത്തിനു വേണ്ടി സമ്മതിക്കും. കശുവണ്ടി കോർപ്പറേഷനിലെ അതിഭയങ്കരമായ ധൂർത്തടിയ്ക്കൽ 50 ശതമാനമെങ്കിലും വെട്ടിക്കുറയ്ക്കുവാൻ തയ്യാറാണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുവാൻ തയ്യാറായാൽ 25 ശതമാനം കശുവണ്ടിയുടെ വില കുറയ്ക്കുന്ന കാര്യത്തിൽ പൂർണ്ണമായി സഹകരിക്കാം. അതിന് ബഹുമാനപ്പെട്ട മന്ത്രി തന്നേടം കാണിക്കണം. കാറും ബംഗ്ലാവും നോക്കിയിട്ട് കാര്യമില്ല. അതുപോലെ തന്നെ കോർപ്പറേഷൻ ചെയർമാനും മെമ്പർമാർക്കും മറ്റു ഉദ്യോഗസ്ഥൻമാരുമായി വിമാനത്തിൽ ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കുകയാണ് കശുവണ്ടി വാങ്ങിക്കാൻ. ഇവർ എന്തിനാണ് ഇപ്രകാരം വിമാനത്തിൽ ചുറ്റിക്കറങ്ങുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കശുവണ്ടി വാങ്ങുന്നത് സി. സി. ഐ. ആണ്. കശുവണ്ടി വികസന കോർപ്പറേഷനിലെ നേതാക്കൻമാർ ലോകം ചുറ്റാൻവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. അദ്ധ്വാനിച്ച് കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കർഷകനു വില കൂട്ടികൊടുക്കുന്നില്ല. അതിനു പകരം മാന്യൻമാർ വിമാനത്തിൽ കയറി പറക്കുകയാണ് ചെയ്യുന്നത്. സർ, അതിനുവേണ്ടി ചെലവഴിക്കുന്നത് ലക്ഷക്കണക്കിന് രൂപയാണ്. അത് വെട്ടി കുറയ്ക്കണം. കൃഷിക്കാരനു കശുവണ്ടിയുടെ വില കൂട്ടികൊടുക്കണം എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും വാദിക്കുന്നത്. അതല്ലായെന്നു ഉണ്ടെങ്കിൽ ഈ രാജ്യത്തെ ഒന്നര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളും പട്ടിണിയിലാകും. അതുകൊണ്ട് ഒന്നര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ കാര്യം ശരിയായ രീതിയിൽ മനസ്സിലാക്കണം. കോർപ്പറേഷന്റെ തട്ടിപ്പിനു വിധേയമാകാതെ സ്വതന്ത്രമായി ചിന്തിക്കുകയാണെങ്കിൽ അവരും ആവശ്യപ്പെടും; കശുവണ്ടിയുടെ വില വർദ്ധിപ്പിക്കണമെന്ന്. അത് മുതലാളിമാരുടെ സേവയാണെന്നു പറഞ്ഞാൽ അത് ഞാൻ ഏറെറടുക്കുന്നു. കേരളത്തിലെ പത്ത് ലക്ഷത്തോളംവരുന്ന കശുവണ്ടി ''മുതലാളി''മാർക്ക് വേണ്ടി തന്നെ ഉറച്ചു വാദിക്കുന്നു. കേരളത്തിലെ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ കിട്ടണമെന്നുണ്ടെങ്കിൽ ഉൽപ്പന്നത്തിന്റെ വില കൂട്ടുവാൻവേണ്ടി വാദിക്കുകയും മുമ്പോട്ടു വരികയും ചെയ്യണം. കോർപ്പറേഷന്റെ ധൂർത്ത് അവസാനിപ്പിക്കണം. അങ്ങനെ കോർപ്പറേഷൻ തൊഴിലാളികളുടേതായി മാറണം. കോർപ്പറേഷനിൽ തൊഴിലാളികൾക്ക് പ്രാതിനിധ്യം കൊടുത്തതുകൊണ്ടു മാത്രം കാര്യമായില്ല. അവിടെ നടക്കുന്ന ധൂർത്ത് അവസാനിപ്പിക്കണം. കൃഷിക്കാരുടെ ഉൽപ്പന്നത്തിന് വില കൂട്ടിക്കൊടുത്താൽ മാത്രമേ 90 ദിവസത്തെ പണിയുള്ള തൊഴിലാളികൾക്ക് 100 ദിവസത്തെ പണിയെങ്കിലും ലഭ്യമാകൂ. എങ്കിൽ മാത്രമേ ഇതിന്റെ ഉദ്ദേശശുദ്ധി തെളിയിക്കുവാൻ കഴിയൂ. ഞാൻ ഒരിക്കൽ കൂടി ഈ ബില്ലിനെ പിന്താങ്ങുകയാണ്.

ശ്രീ. എ. എ. റഹീം: സർ, ഈ ബിൽ വളരെ പ്രാധാന്യമുള്ളതായതുകൊണ്ട് അൽപ്പം സമയം കൂടുതൽ വേണമെന്നുള്ള അഭിപ്രായം ഇവിടെ പലരും പ്രകടിപ്പിക്കുകയുണ്ടായി. ഞാനും അതിനോട് യോജിക്കുകയാണ്.

സർ, കശുവണ്ടി വ്യവസായം സുഗമമായി നടത്തുന്നതിനു വേണ്ടി എന്തൊക്കെ ഫാക്ടറികൾ ഏറെറടുക്കുന്നതിനെക്കുറിച്ച് ആർക്കും തന്നെ അഭിപ്രായവ്യത്യാസമില്ല. ഈ ബില്ലിനെ എല്ലാവരും സ്വാഗതംചെയ്തിരിക്കുകയാണ്. അതിനോട് ഞാനും യോജിക്കുകയാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ട് ആവശ്യമുള്ളതുകൊണ്ടാണ് പല മെമ്പറൻമാരും സമയം കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ടത്. കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന് ധാരാളം നഷ്ടമുണ്ടായിട്ടുണ്ടെന്നു പറയപ്പെടുന്നു. എന്നാൽ ഇനി അത്തരത്തിലുള്ള നഷ്ടം ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ നടപടികളെക്കുറിച്ച് സംസാരിക്കുവാനുള്ള അനുവാദത്തെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ തടയുന്നത് ഒരിക്കലും ശരിയല്ല. ഇത്തരം ഒരു ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് സമയം ക്ലിപ്തപ്പെടുത്തുമ്പോൾ മറ്റു ബില്ലുകൾക്കു നീക്കിവയ്ക്കുന്ന അത്രയും സമയം പോരാതെയെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാ പാർട്ടി നേതാക്കൻമാരും കൂടി ആലോചിച്ച് തീരുമാനിച്ച സമയമാണ്.

ശ്രീ. എ. എ. റഹീം: പാർട്ടിയുടെ നേതാക്കൻമാർ നിശ്ചയിച്ചു എങ്കിലും സംസാരിച്ചു വരുമ്പോൾ കൂടുതൽ സമയം വേണ്ടി വരും. അപ്പോൾ കൂടുതൽ സമയം കൊടുക്കേണ്ടതായി വരും.

LIBRARY ARCHIVES Kerala Legislative Assembly

കാഷ്യു ഡെവലപ്മെൻറ് കോർപ്പറേഷൻ ഈ രാജ്യത്തുള്ള മിക്ക വാറ്റും കശുവണ്ടി ഫാക്ടറികളും ഏറ്റെടുത്തിരിക്കുകയാണ്. അത് സന്തോഷകരമായ ഒരു കാര്യമാണ്. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പൊതുമേഖലാ വ്യവസായം പലതും ഏറ്റെടുത്തിട്ടുണ്ടെങ്കിലും കാഷ്യു ഡെവലപ്മെൻറ് കോർപ്പറേഷനെപ്പോലെ അത്ര വലിയ നേട്ടമൊന്നും മറ്റൊരു രംഗത്തും ഉണ്ടാക്കിയിട്ടില്ല. എന്തായാലും ഞാൻ കാഷ്യു ഡെവലപ്മെൻറ് കോർപ്പറേഷന്റെ പ്രവൃത്തിയെ അഭിനന്ദിക്കുകയാണ്. കാരണം കുറഞ്ഞ ക്യാപ്പിറ്റൽകൊണ്ട് കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുവാനും മറ്റും കഴിയുന്നുണ്ട്. തോട്ടണ്ടി വാങ്ങുന്ന സ്ഥലത്തും പരിപ്പ് വിൽക്കുന്ന സ്ഥലത്തും ചില ഫ്ളക്ച്ചുവേഷൻസ് ഉണ്ടായിരുന്നു. എന്നാൽ ആ ഫ്ളക്ച്ചുവേഷൻ ഗവൺമെൻറ് കടന്നതോടുകൂടി ഇല്ലായ്മ ചെയ്തുകൊണ്ട് സുരക്ഷിതമായി ഈ ബിസിനസ് നടത്തിക്കൊണ്ടു പോകുവാൻ വളരെ സഹായകമായിരിക്കുകയാണ്. അതിന്റെ ഫലമായി കാഷ്യു ഡെവലപ്മെൻറ് കോർപ്പറേഷന് ലാഭമുണ്ടായി. ആദ്യ കാലഘട്ടത്തിൽ ലാഭമുണ്ടായിയെങ്കിലും ഇന്ന് ആ ലാഭം കുറഞ്ഞ് വമ്പിച്ച നഷ്ടത്തിൽ എത്തിയിരിക്കുന്നുവെന്നുള്ള വസ്തുതയാണ് കേൾക്കുവാൻ കഴിയുന്നത്. കഴിഞ്ഞ തവണ തോട്ടണ്ടി വാങ്ങിയ വകയിൽ ഇവിടെ പറഞ്ഞ കണക്ക് അനുസരിച്ച് നഷ്ടം വന്നത് ശരിയായിരിക്കാം. തോട്ടണ്ടിക്ക് വില കൂടുതൽ കൊടുത്ത് വാങ്ങിച്ചു. അതുകൊണ്ട് കർഷകർക്ക് വില കൂടുതൽ കിട്ടി. എന്നാൽ ഈ വർഷം വീണ്ടും വില കുറഞ്ഞിരിക്കുകയാണ്. സർ, അപ്പോഴും അന്നുള്ള കർഷകനും ഇന്നുള്ള കർഷകനും തമ്മിൽ എന്തെങ്കിലും മാറ്റമുണ്ടായോ? എന്തിനാണ് കഴിഞ്ഞ വർഷം വിലക്കൂടുതൽ നൽകിയത്. അതനുസരിച്ച് ഈ പ്രാവശ്യം വിലക്കുറവ് അനുഭവപ്പെടുന്നതിൽ അദ്ഭുതമുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ കശുവണ്ടി വിലയെക്കുറിച്ച് സംസാരമുണ്ടായപ്പോൾ ഈ വില എങ്ങനെ നിശ്ചയിച്ചു എന്നുള്ളതിന് ചില മാനദണ്ഡങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അന്നു ഞാൻ സംസാരിച്ചപ്പോൾ പറഞ്ഞത്, ഞാൻ മുതലാളിമാർക്കുവേണ്ടി സംസാരിക്കുന്നുവെന്നാണ്. എന്നാൽ അതിനു ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറയുകയുണ്ടായി, അദ്ദേഹത്തിന്റെ കൈ പൊള്ളിപ്പോയിരിക്കുന്നു പതിനെട്ട് കോടി രൂപാ കാണുന്നില്ലായെന്ന്. ഇങ്ങിനെ വളരെ വാചാലമായി ഓപ്പൺ സദസ്സിൽ പ്രസംഗിച്ചിട്ടുള്ളതായി കേൾക്കുവാൻ എനിക്ക് ഇടയായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈ പൊള്ളിച്ചുകൊണ്ട് പത്ത് പതിനെട്ട് കോടി രൂപാ നഷ്ടപ്പെടുത്തിക്കൊണ്ട് ആണ് ഈ വ്യവസായം ഇനിയും കൈകാര്യം ചെയ്യാൻ പോകുന്നതെങ്കിൽ ഖേദകരമാണ്. അത് ഈ രാജ്യത്തെ ജനങ്ങൾക്ക് താങ്ങാനാകാത്ത ഒരു ഭാരവുമായിരിക്കും.

സർ, ഇന്ന് ഈ വ്യവസായം പ്രധാനമായും നിലനിൽക്കുന്നത് കൊല്ലം ജില്ലയിലാണ്. എന്നാൽ ഇപ്പോൾ ആലപ്പുഴ ജില്ലയിലും തിരുവനന്തപുരം ജില്ലയിലും കുറെയൊക്കെ പടർന്നുപിടിച്ചിട്ടുണ്ട്; എങ്കിലും പ്രധാനമായി കേന്ദ്രീകരിച്ചിരിക്കുന്നത് കൊല്ലത്തു തന്നെയാണ്. എന്നാൽ കയർ വ്യവസായം കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത് ആലപ്പുഴയിലാണ്. അതിപ്പോൾ കൊല്ലത്തുകൂടി കടന്നു വന്നിരിക്കുകയാണ്. അതുകൊണ്ടായിരിക്കണം ആ വ്യവസായത്തിൽ ഇപ്പോൾ തകർച്ച അനുഭവപ്പെടുന്നത്. എന്നാൽ കോർപ്പറേഷൻ കടന്നു വന്നതോടുകൂടി അത് മുഖേന തൊഴിലാളികൾക്ക് എന്തു നേട്ടമുണ്ടായി എന്നുള്ളതിനെക്കുറിച്ച് കാര്യമായി ആലോചിക്കേണ്ടതുണ്ട്. തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കുന്നുവെന്നുള്ളത് ഒരു വസ്തുത

LIBRARY ARCHIVES Kerala Legislative Assembly

യാണ്. തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കുവാൻവേണ്ടി ഒരു നിയമം പാസ്സാക്കുകയുണ്ടായി. അത് നടപ്പിലാക്കാത്തിടത്തോളം കാലം ഗവൺമെൻറ് തൊഴിലാളികളോട് ചെയ്യുന്ന ഒരു കൊടും വഞ്ചനയായിരിക്കും; എന്നു പറയുവാൻ മടിക്കുന്നില്ല. അതു പോലെ തന്നെ കയർ വ്യവസായ രംഗത്തും കൂലി കൂട്ടി. അതും കൊടുക്കുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി തൊണ്ടിൻെറ വില കുറയ്ക്കുകയാണ് ചെയ്തത്. എന്നിട്ടും കൊടുക്കുവാൻ സാധിച്ചിട്ടില്ല. കാഷ്യു ഡെവലപ്മെൻറ് കോർപ്പറേഷൻ കൂലി കൂടുതൽ കൊടുത്തു. എന്നാൽ ആ രംഗത്തുള്ള മറ്റു തൊഴിലാളികൾക്ക് .....

ശ്രീ. സി. എ. കുര്യൻ: കശുവണ്ടി കോർപ്പറേഷനിലെ മുപ്പത്തിനാലായിരത്തോളം തൊഴിലാളികൾക്ക് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് കിട്ടുന്നില്ലെന്നുള്ളതാണോ മെമ്പറുടെ അഭിപ്രായം?

ശ്രീ. എ. എ. റഹീം: 34 ഫാക്ടറികൾ ഭംഗിയായി നടക്കുന്നുണ്ട്. അതിൽനിന്ന് ന്യായമായ കൂലിയും കിട്ടുന്നുണ്ട്. അതിൽ അഭിനന്ദനം ഉണ്ട്. അതേ സമയത്ത് ഏതാണ്ട് ഉള്ളതിൻെറ ഇരുപത് ഇരുപത്തഞ്ച് ശതമാനം മാത്രമേ ആകുന്നുള്ളു. ബാക്കി തൊഴിലാളികളും ആ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റാളുകളും വളരെയധികം കഷ്ടപ്പെടുന്നുണ്ടെന്നുള്ള കാര്യം ഗവൺമെൻറ് വിസ്മരിച്ചിട്ടു കാര്യമില്ല.

ഒരു ഭാഗത്തുമാത്രം ഓണം ഉണ്ണുകയും മറേറ ഭാഗത്ത് പട്ടിണി കിടക്കുകയും ചെയ്യുന്നത് ശരിയല്ല. ഇരുന്നൂറ് ദിവസം ജോലി ചെയ്ത ഫാക്ടറിയിൽ 75 ദിവസവും 90 ദിവസവുമാണ് വർക്ക് ചെയ്യാൻ കഴിഞ്ഞതെങ്കിൽ കൂലി കൂടുതൽ കൊടുത്തതുകൊണ്ട് എന്താണ് നേട്ടം? കൂടുതൽ തൊഴിൽ ദിവസം നഷ്ടപ്പെടുത്തിക്കൊണ്ട് ആണ് കൂലി കൂടുതൽ കൊടുത്തത്. കശുവണ്ടി അന്യരാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നത് തടയാൻ ഈ ഗവൺമെൻറിന് കഴിയുന്നില്ല. ഗവൺമെൻറിന് സ്കീംസെല്ലാം ഉള്ളതാണ്. പക്ഷേ നടപ്പിൽ വരുത്തുമ്പോഴേക്കും അതെല്ലാം നശിച്ച് നാശമാകുകയാണ്. ഇതിനെല്ലാം കാരണം അറിഞ്ഞോ അറിയാതെയോ ആവശ്യമില്ലാതെ പല സ്ഥലങ്ങളിലും പ്രൊട്ടക്ഷൻസ് കൊടുക്കുന്നു. അപ്പുറത്തിരിക്കുന്ന പലരുടേയും ചിറകിനടിയിൽ മുതലാളിമാർ ഒളിച്ചിരിപ്പുണ്ട്. ആ മുതലാളിമാർക്ക് സഹായം നൽകുന്നുണ്ട്. ഇവിടെ തോട്ടണ്ടി ഏറ്റവും കൂടുതൽ വില കൊടുത്തു വാങ്ങിച്ച് ഇവിടെ ഉണക്കി സൂക്ഷിക്കുകയും തൊഴിലാളികൾക്ക് തമിഴ്നാട്ടിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യിക്കുന്ന ധാരാളം ഫാക്ടറികൾ കൊല്ലം പട്ടണത്തിലുണ്ട്. അവിടെ സ്പെഷ്യൽ ആഫീസർ ഉണ്ടെന്ന് പറയുന്നു. ആ സ്പെഷ്യൽ ആഫീസർ ഇതെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ? അതിനു വേണ്ടനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ വ്യക്തമായ തെളിവ് തരാം. അവിടെ തോട്ടണ്ടി ഏറ്റവും കൂടുതൽ അലോട്ടുമെൻറുള്ള മുതലാളിമാർ തന്നെ തോട്ടണ്ടി അഞ്ചു രൂപയ്ക്കും ആറു രൂപയ്ക്കും വാങ്ങിച്ച് സ്വന്തം കളത്തിലിട്ട് ഉണക്കി തമിഴുനാട്ടിലെ തൊഴിലാളികൾക്ക് കൊടുക്കുന്നതിനേക്കാൾ കുറഞ്ഞ ശമ്പളത്തിന് അവരെക്കൊണ്ട് ജോലി ചെയ്യിച്ച് അവർക്ക് കിട്ടേണ്ട ഡി. എ. യോ മറ്റു യാതൊന്നും കൊടുക്കാതെ തന്നെ ജോലി ചെയ്യിക്കുന്നുണ്ട്. അതെപ്പറ്റി അന്വേഷിക്കാൻ ആളില്ല. അണ്ടി ലോറി കണക്കിന് കടത്തിക്കൊണ്ടുപോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ലോറി അപ്പുറത്ത് കടത്തിക്കൊടുത്താൽ അയ്യായിരം രൂപ ഇടത്തട്ടുകാരന് കിട്ടും. കൂടുതൽ വിലയ്ക്ക് വാങ്ങിച്ച് അയ്യായിരം രൂപ ഇടത്തട്ടും കൊടുത്ത് അവിടെ കൊണ്ടുപോകുന്നതിനെ പിടിക്കാൻ ഇവിടെ ആളില്ല. സെയിൽസ്ടാക്സുകാർ ഉണ്ടെന്ന് പറയുന്നു. പോലീസ് ആഫീസർമാരുണ്ട്, ചെക്ക്പോസ്റ്റുണ്ട്. ലോറിക്കണക്കിന് കടത്തിക്കൊണ്ടു പോകുന്നത് പിടിക്കാൻ ഇവിടെ ആരുമില്ല. എന്നിട്ട് എന്തിനാണ് മുതലക്കണ്ണീർ ഒഴുക്കുന്നത്. തൊഴിലാളികളുടെ പേരിൽ കരച്ചിലാണ്. എന്തു സങ്കടമാണ്? തൊഴിലാളികൾക്കു വേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്ന കുറെ നേതാക്കൻമാർ അപ്പുറത്തിരിപ്പുണ്ട്. അവർ രോഷം കാണിക്കാറുണ്ട്. സ്വന്തം പാർട്ടി ചൂഷണം നടത്തുമ്പോഴും രോഷം കാണിക്കാൻ തയ്യാറില്ല. സ്വന്തം പാർട്ടിക്കാരെപ്പറ്റി ചൂണ്ടിക്കാണിച്ചപ്പോഴും ഇവിടെ വലിയ കോലാഹലമാണ്. ആർ. എസ്. പി. കാരും മറ്റു പലരും കോലാഹലം കാണിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി പതിനെട്ടു കോടി രൂപാ കൊടുക്കണമെന്ന് പറഞ്ഞു. ഒരു പൈസപോലും സംസ്ഥാന ഗവൺമെൻറ് കൊടുക്കാനില്ലെന്ന്. ഞാൻ വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. പക്ഷേ മോഹനനെപ്പറ്റി പറഞ്ഞപ്പോഴും ഇവിടെ വിരോധമുണ്ടായി. സി. എം. സ്റ്റീഫനെപ്പറ്റി പറയാം. സ്ഥലത്തില്ലാത്ത ആളാണ്. എന്തിനാണ് ഈ ആക്ഷേപങ്ങളെല്ലാം. ദേവസ്സിക്കുട്ടി പറഞ്ഞതാണ് കുറ്റം. എല്ലാവരും കൂടി പാവപ്പെട്ട ദേവസ്സിക്കുട്ടിയുടെ നേരെ ചാടി വീണു. കശുവണ്ടി കോർപ്പറേഷനിലെ ബോർഡ് അംഗങ്ങളെപ്പറ്റി, അവരുടെ ഇന്നത്തെ നിലയെപ്പറ്റി അന്വേഷിക്കാമോ? അവരുടെ വീട്ടിനകത്തു കടന്ന് സാധന സാമഗ്രികളെപ്പറ്റിയെങ്കിലും ഒന്ന് നോക്കാമോ? ഇന്ന് പണം കടം കൊടുക്കുന്നുണ്ടെന്ന് പറഞ്ഞാൽ അതേപ്പറ്റി അന്വേഷിക്കുമോ? കശുവണ്ടി മുതലാളിമാരും അവരും തമ്മിലുള്ള വ്യത്യാസം കശുവണ്ടി മുതലാളിമാർ ഇൻകം ടാക്സ് കൊടുക്കണം; ഈ മുതലാളിമാർക്ക് ഇൻകം ടാക്സ് കൊടുക്കണ്ടയെന്നുള്ളതു മാത്രമാണ്. അതേപ്പറ്റി അന്വേഷിക്കാൻ തയ്യാറായാൽ അത് ബോദ്ധ്യമാകും. കശുവണ്ടി കടത്തിക്കൊണ്ടുപോകുന്നത് തടയണം. കൂലി കൊടുക്കാത്ത മുതലാളിമാരെക്കൊണ്ട് കൂലി കൊടുപ്പിക്കാൻ തയ്യാറാകണം. കോർപ്പറേഷൻകാർ ഫാക്ടറി എടുത്തിരിക്കുന്നത് തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടിയാണ്. എല്ലാ മുതലാളിമാരും തിരിഞ്ഞ് നടന്നോയ്ക്കണമെന്ന് പറയാൻ ഞാൻ തയ്യാറല്ല. അവർ രംഗത്ത് വന്നിരിക്കുന്നതു വ്യവസായം ചെയ്തു പണം ഉണ്ടാക്കാനാണ്. അവരുമായി മൽസരിക്കുന്നതിന് പഠിക്കണം. മൽസരിച്ച് വ്യവസായം ഉണ്ടാക്കാനും ലാഭം ഉണ്ടാക്കാനും പഠിക്കണം. വ്യവസായത്തിന്റെ കാര്യത്തിൽ പലരും ആലോചിക്കാനുണ്ട്.. കശുവണ്ടി തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കണം. അത് നമ്മുടെ കാഴ്ചപ്പാടാണ്. കർഷകർക്ക് കൂടുതൽ കാശു കിട്ടണം. വ്യവസായം അഭിവൃദ്ധിപ്പെടുകയും വേണം നല്ല ലാഭം കിട്ടുകയും വേണം. അത് മറെറാരു കാഴ്ചപ്പാടാണ്, ഒരു വ്യവസായം നടത്തുമ്പോഴും വിവിധ വശങ്ങളെപ്പറ്റി ആലോചിക്കണം. സെയിൽസ് ടാക്സ് ഇനത്തിൽ കാശ് കിട്ടണം. കൈക്കൂലി കിട്ടണം, പാർട്ടി പിരിവിന് ഇതിനെല്ലാം കാശ് അവർ കൊടുക്കണം. ഇങ്ങനെ പല സഹായങ്ങളും ചെയ്തു കൊടുക്കണം. ഇങ്ങനെ ഈ രാജ്യത്തെ വ്യവസായങ്ങളെ ഒന്നൊന്നായി നശിപ്പിക്കുകയാണ്. ഇത് വളരെയധികം ആളുകൾക്ക് ജോലി കിട്ടുന്ന വ്യവസായമാണ്. കശുവണ്ടി വ്യവസായത്തെ ഇങ്ങനെ കൈകാര്യം ചെയ്യുന്നത് ഖേദകരമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളി. സ്നേഹമുള്ള പാർട്ടിയാണ്. അവരാണ്

LIBRARY ARCHIVES Kerala Legislative Assembly

പതിനെന്നു വർഷക്കാലമായി ഈ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യുന്നത്. അവർ കൊണ്ടുവന്ന പരിഷ്കാരങ്ങളും കയർ വ്യവസായരംഗത്തായാലും കശുവണ്ടി വ്യവസായരംഗത്തായാലും വിജയിച്ചിട്ടുണ്ടോയെന്നു കടന്നുപോയ നേതാക്കൻമാരെപ്പറ്റി ഞാൻ പറയുന്നില്ല. അവർക്ക് ഭാവന ഉണ്ടായിരുന്നിരിക്കാം. മൂന്നു കൊല്ലം കഴിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ ശ്രീനിവാസനെങ്കിലും തന്റെ ഉള്ളിനോട് ഇതൊക്കെ നടക്കുന്ന വസ്തുതയാണോയെന്ന് ചോദിച്ച് സ്വയം മറുപടി പറഞ്ഞ് ആശ്വസിച്ചാൽ മതിയെന്നാണ് എനിക്ക് പറയാനുള്ളത്. ആർ. എസ്. പി. നേതാവ് ശ്രീ. ഉണ്ണിക്ക് വസ്തുത അറിയാം. അദ്ദേഹം ഇതെല്ലാം മറച്ചുവയ്ക്കുകയാണ്. ഇവിടെ വന്ന ആരോപണങ്ങളെപ്പറ്റി ശ്രീ. ഉണ്ണി ഒരക്ഷരം പറഞ്ഞിട്ടുണ്ടോ? ഉണ്ണിക്ക് അറിയാം. ആർ. എസ്. പി. യിലെ പല നേതാക്കൻമാർക്കും ചൂഷണത്തെപ്പറ്റി അറിയാം. പക്ഷേ അവർ പറയുന്നില്ല. പറയാൻ നിവൃത്തിയില്ല. കാരണം അപ്പുറത്തിരിക്കുന്നുവെന്നുള്ളതുകൊണ്ടാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീമാൻ എൻ. ശ്രീകണ്ഠൻ നായർ ഇതെപ്പറ്റി വിശദമായി ഒരു അന്വേഷണം നടത്തണമെന്ന പത്രപ്രസ്താവന പുറപ്പെടുവിച്ചിരുന്നത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. എ. റഹീം: അങ്ങനെയുള്ള പത്രപ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉറങ്ങുന്നവനെ വിളിച്ച് ഉണർത്താം. ഉറക്കം നടിക്കുന്നവനെ വിളിച്ച് ഉണർത്താൻ പറ്റുകയില്ല. ഇതെപ്പറ്റി അന്വേഷിക്കാൻ തയ്യാറാകുകയാണെങ്കിൽ തെളിവ് കൊടുക്കാം. അന്വേഷിക്കാൻ തയ്യാറല്ല. കശുവണ്ടി കച്ചവടത്തിൽ തന്നെ തോട്ടണ്ടി വാങ്ങിച്ചതിൽ തന്നെ ചൂഷണം വളരെയധികമാണ്. കഴിഞ്ഞ തവണ ആദ്യം തോട്ടണ്ടിക്ക് വില കൂടുതൽ വച്ചു. പിന്നെ വിലകുറച്ചു. കുറഞ്ഞ വിലയ്ക്ക് ഫെഡറേഷൻ വാങ്ങിക്കാൻ തയ്യാറായില്ല. പണം ഇല്ലായിരുന്നു. ഇഷ്ടം പോലെ സ്റ്റോക്ക് ഉണ്ടായിരുന്നു. കുറഞ്ഞ വിലയ്ക്ക് അണ്ടി തൂത്തു വാരാൻ മുതലാളിമാർക്ക് കഴിഞ്ഞു. മഴ പെയ്തു നനഞ്ഞ അണ്ടി ആയിരുന്നു. അത് കൊള്ളാത്തതായിരുന്നു. ഫെഡറേഷന്റെ ഉടമയിൽ കൊണ്ടുവച്ചിട്ട് നല്ലത് വേറെ വാങ്ങിച്ചു. ഒരു ലോറിക്ക് ഇത്രയെന്ന റേറ് വച്ചാണ് മാറകച്ചവടം ചെയ്തത്. അതിൽ എത്ര അണ്ടി കുരുത്തു പോയിട്ടുണ്ട്. ചൂഷണത്തിന്റെ പേരിൽ, മോഷണത്തിന്റെ പേരിൽ, തട്ടിപ്പ് നടത്തിയിട്ടുള്ളതിനെപ്പറ്റി അന്വേഷിക്കേണ്ടതാവശ്യമാണ്. 30 കോടി രൂപയിൽ കൂടുതൽ നഷ്ടം ഈ സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷം കൊണ്ട് ഉണ്ടാക്കിയിട്ടുണ്ടെന്നതു വസ്തുതയാണ്. അത് ചൂണ്ടിക്കാണിക്കുമ്പോൾ ബഡ്ജറ്റിൽ ഇതിന്റെ കണക്ക് വരുമ്പോൾ വ്യക്തമാകും. അത്ര ഭാരിച്ച നഷ്ടം ഈ രാജ്യത്ത് ഉണ്ടാക്കിവച്ചു. അത് കൈകാര്യം ചെയ്യുന്ന ആളുകൾ ഉത്തരം പറയേണ്ടി വരും. അതിനു വേണ്ടി പല ടാക്സുകൾ ഉണ്ടാക്കേണ്ടി വരും. ആ സാഹചര്യമുള്ളതുകൊണ്ട് ഇനിയെങ്കിലും ഫാക്ടറി ഏറ്റെടുത്തു നടത്തുമ്പോൾ ആ ഫാക്ടറികളിൽ ചൂഷണം ഇല്ലാതിരിക്കാൻ ഫാക്ടറിയിൽ കശുവണ്ടി വാങ്ങിക്കുമ്പോൾ അത് പ്രയോജനകരമായി വാങ്ങിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ഇനിയും കൂടുതൽ കാര്യങ്ങൾ പറയണമെന്നുണ്ട്. 3 രൂപാ 60 പൈസ കൊടുക്കുന്ന സ്ഥാനത്ത് നാലര രൂപാ കൊടുത്ത് കർഷകനു തോട്ടണ്ടി വാങ്ങിക്കാൻ കഴിയുമെന്ന് ഈ ഗവൺമെൻറിനെ അറിയിക്കാനാഗ്രഹിക്കുകയാണ്. നാലര രൂപയ്ക്കു തന്നെ ഗവൺമെൻറിന് വാങ്ങിക്കാ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. ഫെഡറേഷന്. ഉണക്കാൻ കൊടുക്കുന്ന 50 പൈസ ഉണ്ട്. അങ്ങനെ ഉണക്കുന്നതിനുവേണ്ടി ഫെഡറേഷന് പൈസ കൊടുക്കേണ്ട ആവശ്യമില്ല. മൊത്തമായി അലോട്ട് ചെയ്തിട്ട് അതിനാവശ്യമുള്ള പണം നേരത്തെ കെട്ടിവയ്ക്കാൻ പറഞ്ഞാൽ കെട്ടിവയ്ക്കാൻ മുതലാളിമാർ തയ്യാറാണ്. അലോട്ട്മെൻറിന് അനുസരിച്ച് പണം കെട്ടി വയ്ക്കാനും അണ്ടി ശേഖരിക്കാനും തയ്യാറാണ്. ആ നിലയ്ക്കു ഉണക്കുന്ന കാശിൽനിന്നും 1 സെയിൽസ് ടാക്സിൽ നിന്നും വ്യത്യാസം വരുത്താൻ കഴിഞ്ഞാൽ 4 രൂപ 90 പൈസ കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാണ്. ഫെഡറേഷന് വേണമെങ്കിൽ ഒരു കമ്മീഷൻ കൊടുക്കണം. ഫെഡറേഷന്റെ കയ്യിൽനിന്ന് പണം മുടക്കാതെ തന്നെ അണ്ടി ഉണക്കാതെ മുതലാളിമാർ നേരിട്ട് വന്ന് പണം കൊടുത്ത് എടുക്കാൻ കഴിയുന്ന സാഹചര്യം . ഉണ്ടാക്കിയാൽ കർഷകർക്ക് കൂടുതൽ വില കിട്ടും. അതേ സമയത്ത് വലിയ പണം മുടക്കില്ലാതെ ഫെഡറേഷന് ന്യായമായ കമ്മീഷൻ കൊടുക്കാനും കഴിയും. ആ കാര്യത്തെപറ്റി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

[Sri T. M. Jacob in the hair]

ശ്രീ. പി. സിറിയക് ജോൺ: സർ, ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം നാം ആലോചിക്കുമ്പോഴും യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനം വേണമെന്നുള്ളത് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് തൊഴിലാളികൾക്കു വേണ്ടിയുള്ള ഒരു ബില്ലാണെന്നോ കശുവണ്ടി വ്യവസായത്തെ നിലനിറുത്താനുള്ള ബില്ലാണെന്നോ കർഷകർക്ക് വേണ്ടിയുള്ള ബില്ലാണെന്നോ പറയുന്നതുകൊണ്ട് കാര്യമില്ല. കുരുടൻ ആനയെ കണ്ടതു പോലെ നമുക്ക് ഏതെങ്കിലും നിഗമനത്തിൽ എത്താവുന്നതല്ല. ഈ വ്യവസായം കൃഷിക്കാരുടെ നിലനിൽപ്പിനെയും തൊഴിലാളികളുടെ നിലനിൽപ്പിനെയും ഫാക്ടറികളുടെ നിലനിൽപ്പിനെയും എല്ലാം ബന്ധപ്പെടുത്തിയുള്ളതാണ്. അതിൽനിന്ന് വ്യതിചലിച്ച് ഒരു രംഗത്തെ മാത്രം പ്രതിപാദിച്ചു കൊണ്ട് ആ രംഗത്തെ മാത്രം നിലനിറുത്താൻ സാധിക്കുകയില്ല. അതുകൊണ്ട് കർഷകർക്ക് കശുവണ്ടിക്ക് ന്യായമായ വില കിട്ടണം. അവർക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനനുസൃതമായ പ്രോൽസാഹനം കിട്ടണം. തൊഴിലാളികൾക്ക് ന്യായമായ കൂലി കിട്ടണം. ഇതെല്ലാം പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ്. അതിന് വിഘാതമായി കുറേ അമ്പല കൂറാൻ മാതിരിയുള്ള കുറേ മുതലാളിമാർ ഈ വ്യവസായത്തിൽ നിലനിൽക്കുന്നുണ്ട്. ഈ അമ്പലകൂറാൻ മുതലാളിമാരെ പിടിച്ചുകെട്ടിച്ചിടണം. അതിന് ഏറ്റവും പ്രയോജനപ്പെടുന്ന ഒരു പരിധിവരെ സ്വീകരിക്കാവുന്ന ഒരു നിയമനിർമ്മാണമെന്നുള്ള നിലയിൽ ഈ നിയമനിർമ്മാണവുമായി വരുമ്പോഴും അതിനെതിരെ വലിയ മുക്രയിടുന്ന കൊച്ചു കൂറാൻമാർ ഈ സഭയിൽ ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളമുള്ള പ്രധാനമായ സങ്കീർണ്ണതകളും എന്തൊക്കെയാണ് ഇത്രമാത്രം സങ്കീർണ്ണത വരുന്നതായ സാഹചര്യം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് ഈ രാജ്യത്തെ എല്ലാവർക്കുമറിയാം. കഴിഞ്ഞ വർഷം കശുവണ്ടിക്ക് വില കൂടുതൽ നൽകിയിരുന്നു എന്നുള്ളത് സമ്മതിക്കാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

അയഥാർത്ഥമായ അൽപ്പം കൂടിയ വിലയാണ് കശുവണ്ടിക്ക് നിശ്ചയിച്ചത്. പക്ഷേ അതേയവസരത്തിൽ ഈ ആനുകൂല്യം വളരെ താൽക്കാലികമായപ്പോഴും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കടുത്ത ആഘാതമായിപ്പോയി. ശ്രീ. പി. പി. എസ് തോസ് ചൂണ്ടിക്കാണിച്ചതുപോലെ അന്തർദേശീയ വിലനിലവാരം വച്ചാണെങ്കിൽ തന്നെ ഇന്നുള്ളതിനേക്കാളും കുറച്ചുകൂടി കൂടിയ വില ഏറക്കുറെ നാലര, അഞ്ചു രൂപക്കടുത്ത വില നിശ്ചയിക്കുന്നതിൽ പ്രയാസപ്പെടേണ്ടതില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇന്നു കളളക്കടത്ത് നിർബാധം നടന്നുകൊണ്ടിരിക്കുന്നു. കുത്തക സംഭരണം വേണ്ടത്ര വിജയിപ്പിക്കാൻ സാധിക്കാത്ത രീതിയിൽ അതു ഭയനീയ പരാജയം എന്നുള്ള നിലയിൽ അധഃപതിച്ചുകൊണ്ടിരിക്കുന്നു. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആകർഷണീയമായി ഒരു വില കശുവണ്ടിക്ക് നിശ്ചയിച്ച് സംഭരണം തുടർച്ചയായി നിലനിറുത്തേണ്ടതേ അവരുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള താൽപ്പര്യങ്ങൾക്ക് പ്രയോജനപ്പെടുമെന്നുണ്ടെങ്കിൽപ്പോലും ഇപ്പോഴത്തെ നിശ്ചയിച്ചിട്ടുള്ളത് അയഥാർത്ഥമായ ഒരു വിലയാണെന്നുള്ളതുകൊണ്ടാണ് കൂടുതൽ കളളക്കടത്ത് നടന്നുകൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം നാം കാണണം. പല സ്ഥലങ്ങളിലും ഉദാഹരണത്തിന് സംസ്ഥാനത്തിന്റെ അതിർത്തികളിൽ കളളക്കടത്തു പിടിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ഒരു നിശ്ചിതമായ വിഹിതം വാങ്ങിക്കൊണ്ട് കളളക്കടത്തിന് കൂട്ടു നിൽക്കുന്നു എന്ന വാർത്ത നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. അതേ സംബന്ധിച്ചിടത്തോളം ഫലപ്രദമായി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനുണ്ടായ നഷ്ടത്തെ സംബന്ധിച്ചിടത്തോളം ആ നഷ്ടത്തെ എടുത്തു പറഞ്ഞുകൊണ്ട് ഇന്നു ഇപ്പോഴും ഈ വ്യവസായം പൊതു മേഖലയിൽ കൊണ്ടുവരുന്നതിനെതിരായി, സ്വകാര്യ മുതലാളിമാരുടെ പൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് സഹായകമായ വിധത്തിൽ വേണ്ട പ്രചരണങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. അപ്പുറത്തുനിന്നും കേട്ടതിൽ പലതും ഇത്തരത്തിലുള്ള പ്രചരണങ്ങളാണ്. കഴിഞ്ഞവർഷം ഇവിടത്തെ സ്വകാര്യ മുതലാളിമാർക്ക് ഗവൺമെൻറ് ഏൽപ്പിച്ചു നിശ്ചയിച്ച കോട്ട അവർ എടുക്കാതെതു കൊണ്ട് ആ കശുവണ്ടിയിൽ നല്ലൊരു അളവ് നശിച്ചുപോകാൻ ഇടയായി. അങ്ങിനെ നശിച്ചുപോകുന്നതിന് സഹായകമായ വിധത്തിൽ സുപ്രീം കോടതിയിൽ നിന്നു അവർക്കനുകൂലമായി വിധി കിട്ടിയ കാര്യവും നമുക്കറിയാം. അതുകൊണ്ട് തീർച്ചയായും ഈ വ്യവസായത്തെ ഏതെങ്കിലും രീതിയിൽ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ആവശ്യമായ നിയമനിർമ്മാണംകൊണ്ടു വരേണ്ടതായിട്ടുണ്ട്. അത്യന്തികമായി ഈ വ്യവസായം പൂർണ്ണമായി ദേശസാൽക്കരിക്കുക വഴി മാത്രമേ ഇവിടത്തെ കർഷകരേയും തൊഴിലാളികളെയും, ഈ വ്യവസായത്തേയും സംരക്ഷിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ട് കശുവണ്ടി രംഗത്ത് ഇന്നു നിലനിൽക്കുന്ന ഈ അരാജകാവസ്ഥ മാറ്റുന്നതിന് യാഥാർത്ഥ്യ ബോധത്തോടുകൂടി അൽപ്പം വില കൂട്ടി പുതുക്കി നിശ്ചയിക്കുന്ന കാര്യം സജീവമായി പരിഗണിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട്, ഞാൻ ഈ ബില്ലിനെ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

വ്യവസായവും വനവും വകുപ്പു മന്ത്രി ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബിൽ പൊതുവേ ഈ സഭയ്ക്ക് സ്വീകാര്യമാണെന്നാണ് ഈ ചർച്ച കൊണ്ട് ഞാൻ മനസ്സിലാക്കുന്നത്, ആരുംതന്നെ എതിർത്തിട്ടില്ല. അൽപ്പം എതിർപ്പ് പ്രകടിപ്പിച്ച ആളുകളും തന്നെ തത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോട് യോജിക്കുകയാണ് ചെയ്തത്. പിന്നെ എനിക്കു തോന്നുന്നത്, ഈ ബില്ലിനെക്കുറിച്ച് നടന്ന ചർച്ചകളും പലതും ഇതിനു മുമ്പ് പാസ്സാക്കിയ ബില്ലിന്റെ ചർച്ചയിൽ നടക്കേണ്ട കാര്യങ്ങളാണെന്നാണ്. എന്നു മാത്രമല്ല, ഇതിന്റെ ചർച്ച വന്നപ്പോഴും തന്നെ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ദേവസ്സിക്കുട്ടി പറഞ്ഞത്, ഈ ബില്ലിലെ കാര്യങ്ങളോടൊന്നും അദ്ദേഹത്തിന് എതിർപ്പില്ല, ഈ ബില്ലിന് അപ്പുറത്തുള്ള ബില്ലിൽ ഇല്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹത്തിന് എതിർപ്പുള്ളത് എന്നാണ്. സർ, ഈ ബില്ലിലെ വ്യവസ്ഥയിലെ സെക്ഷൻ 5-ൽ 25 ശതമാനം റെൻറ് കൂട്ടിക്കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ഈ ബില്ലിനെ സംബന്ധിച്ചു നടന്ന ചർച്ചയിൽ ഈ ബില്ലിന്റെ വകുപ്പിലേക്ക് വന്നു വിമർശനം ഉണ്ടായത്. ബഹുമാനപ്പെട്ട ഇട്ടൂപ്പ് ഇന്നലെ അത് ചൂണ്ടിക്കാണിച്ചു. മുമ്പ് കൊടുത്തിരുന്ന റെൻറിന്റെ 25 ശതമാനം കൂട്ടികൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചു. ഓരോ ഫാക്ടറിയ്ക്കും റെൻറ് ഇത്ര എന്ന് തീരുമാനിക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണം, പല തലങ്ങളിലും നടന്ന ചർച്ചകളുടേയും ആലോചനകളുടേയും ഫലമായി അതിന് ഇത്തരം വർദ്ധനവ് കൊടുക്കേണ്ടത് ആവശ്യമാണെന്ന് തോന്നിയതുകൊണ്ടാണ് ഇത് കൊണ്ടുവന്നത്. അതിൽ എത്ര ശതമാനം വച്ചാലും ന്യായം പറയാൻ കാണും. 20 ശതമാനം വച്ചാലും 10 ശതമാനം വച്ചാലും ഒരു ന്യായം പറയാൻ കാണും. അതുകൊണ്ട് ഞാൻ അതേക്കുറിച്ച് അത്രയേ പറയുന്നുള്ളു. ഇതിനെ സംബന്ധിച്ച് ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ കോർപ്പറേഷനോ, വ്യക്തികൾക്കോ പരാതി ഉണ്ടെങ്കിൽ അവർക്ക് ആ പരാതികളുമായി ട്രൈബ്യൂണലിനെ സമീപിക്കാം. ട്രൈബ്യൂണലിന്റെ തീരുമാനത്തിൻമേൽ പരാതി ഉണ്ടെങ്കിൽ അവർക്ക് അപ്പീലുമായി ഹൈക്കോടതിയെ സമീപിക്കാം. ശ്രീ. പി. ബി. ആർ പിള്ള അതിനപ്പുറത്തേയ്ക്കു കടന്നു പറഞ്ഞു. അതായത് 25 ശതമാനം കൊടുക്കാൻ തീരുമാനിച്ചാൽ പിന്നെ കോർപ്പറേഷന് മിണ്ടാൻ അവകാശമില്ല എന്ന്. ഏഴാമത്തെ വകുപ്പിൽ ട്രൈബ്യൂണലിന്റെ മേലുള്ള ഡിസിഷനെക്കുറിച്ചുള്ള അപ്പീലിനെപ്പറ്റിയാണ് പറയുന്നത്.

Any person aggrieved by any decision of the Tribunal may, within thirty days from the date of such decision, prefer an appeal to the High Court against such decision.

എന്നു പറഞ്ഞിട്ടുണ്ട്. ''എനി പേഴ്സൺ'' എന്നുള്ള നിർവചനത്തിൽ കോർപ്പറേഷൻ പെടും.

ശ്രീ. പി. കെ. ഇട്ടൂപ്പ്: ''എനി പേഴ്സൺ'' എന്നുള്ളതിന് ഡെഫിനിഷൻ കൊടുത്തിട്ടുണ്ട്. അതിൽ കോർപ്പറേഷൻ ഉൾപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ പറ്റുമോ? കോർപ്പറേഷൻ എന്നുള്ളതിനെ ഡിഫൈൻ ചെയ്തിട്ടുണ്ട്.

''Corporation'' means the Kerala State Cashew Development Corporation Limited, incorporated under the Companies Act, 1956 (Central Act I of 1956).

അതുകൊണ്ടാണ് പറഞ്ഞത് ''any person aggrieved'' അതൊന്ന് വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏതെങ്കിലും ഫാക്ടറിയുള്ള ആളേ പേഴ്സൺ ആകുകയുള്ളു എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഇട്ടൂപ്പ്: കൃത്യമായി അത് ഡിഫൈൻ ചെയ്തിട്ടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഡിഫൈൻ ചെയ്തിട്ടില്ല എന്നുള്ളത് സമ്മതിച്ചു. ഇതിൽ ഡിഫൈൻ ചെയ്യാത്ത കാര്യത്തെക്കുറിച്ചാണെങ്കിൽ അത് ജനറലായിട്ടുള്ള ഡെഫിഷനിൽ വരും.

ശ്രീ. പി. ബി. ആർ. പിള്ള: ഇതിൽ കോർപ്പറേഷനെപ്പറ്റി പറയുന്നുണ്ട് അഗ്രീവ്ഡ് പേഴ്സനെപ്പറ്റി പറയുന്നുണ്ട്. ഇത് സെപ്പറേറ്റായിട്ടിരിക്കുമ്പോൾ ഇത് എങ്ങനെ പെടും.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ''person interested'' and not ''person aggrieved''. ''പേഴ്സൺ ഇൻറെറസ്റ്റഡ്'' എന്നാണ് പറഞ്ഞിരിക്കുന്നത്. ആരാണോ ''പേഴ്സൺ ഇൻറെറസ്റ്റഡ്'' അവരെല്ലാം വരും. ഈ കാര്യത്തിൽ കിട്ടിയിട്ടുള്ള നിയമോപദേശം അനുസരിച്ചാണ് ഞാൻ പറയുന്നത്. ഗവൺമെൻറിനു കിട്ടുന്ന നിയമപരമായ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. ഇതേ സംബന്ധിച്ച് ആർക്കെങ്കിലും തർക്കം ഉണ്ടെങ്കിൽ അവർക്ക് അപ്പീലിനുള്ള അവകാശമുണ്ട്. അതുകൊണ്ട് ഇതിൽ പാകപ്പിഴകൾ ഉണ്ടെന്നു കരുതുന്നില്ല. അതുപോലെ മറെറാരു കാര്യം ഇവിടെ പറഞ്ഞു. കശുവണ്ടി പിടിച്ചു കഴിഞ്ഞാൽ പിടിക്കുന്ന അവസരത്തിൽ ഫലപ്രദമായി ആ വാഹനങ്ങളെയോ, അതുപോലെ കൊണ്ടുപോകുന്ന മറ്റു ഏർപ്പാടുകളെയോ തടയുന്നതിനോ, വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്നതിനോ കഴിയാത്ത സ്ഥിതി വരുന്നു എന്നു പറഞ്ഞു. തോട്ടണ്ടി കയറിക്കൊണ്ടു പോകുന്ന വാഹനങ്ങൾ പിടിച്ചെടുക്കാൻ ഈ നിയമത്തിനകത്തും ഇന്നലെ പാസ്സാക്കിയ മറ്റു നിയമത്തിനകത്തും വ്യവസ്ഥ ഇല്ലെന്നുള്ളത് ശരിയാണ്. ഫാറസ്റ്റ് ആക്ടിൽ അതിനു ചില വ്യവസ്ഥകളുണ്ട്. അതുപോലെ മറ്റു ചില ആക്ടുകളും ഉണ്ട്. ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള വിജിലൻസ് ഏർപ്പാട് പല ഡിപ്പാർട്ടുമെൻറുകളുടെ കോ-ഓർഡിനേഷനോടുകൂടിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സെയിൽസ് ടാക്സ്, മോട്ടോർ വെഹിക്കിൾസ്, പോലീസ്, റവന്യൂ ഇങ്ങനെയുള്ള പല വകുപ്പുകളെ യോജിപ്പിച്ചു കൊണ്ടാണ്. സ്റ്റേറ്റ് അടിസ്ഥാനത്തിലും ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലും പ്രവർത്തിക്കാനുള്ള കോ-ഓർഡിനേഷൻ കമ്മിറ്റികളും ഉണ്ട്. ഈ ഡിപ്പാർട്ടുമെൻറുകളെല്ലാംകൂടി യോജിച്ച് ഫലപ്രദമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടെന്നാണ് ഗവൺമെൻറ് മനസ്സിലാക്കുന്നത്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കണ്ണൂർ ജില്ലയിലെ സഹകരണസ്ഥാപനങ്ങൾ കശുവണ്ടി എടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെ ഒരു തീരുമാനം ഒന്നും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഏതോ ഒരു സൊസൈറ്റി ഞങ്ങൾക്കു കശുവണ്ടി എടുക്കാൻ വിഷമം ഉണ്ടെന്ന് ടെലഗ്രാം അയച്ചു. അല്ലാതെ ജനറലായിട്ടല്ല. മോട്ടോർ വെഹിക്കിൾസ് ആക്ടിൽ ഇതുപോലുള്ള സാധനങ്ങൾ കൊണ്ടുപോകുന്നത് നിയമപരമായി തെറ്റായിട്ടും, അവിഹിതമായിട്ടും സാധനങ്ങൾ കൊണ്ടു പോകുന്നത് പിടിക്കാൻ വ്യവസ്ഥയുണ്ട്. പോലീസ് ആക്ടിലും അതിന് വകുപ്പുണ്ട്. ഇതിനകത്ത് അതിനു വ്യവസ്ഥ ഇല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പോലും ഇപ്പോഴും തന്നെ അതിനെ പിടിച്ചെടുക്കുന്നതിന് വേറെ ഫ്ലർപ്പാടുകളുണ്ട്. അതുകൊണ്ട് അത് ഫലപ്രദമായി ചെയ്യുന്നതിന് ആവശ്യമായ സകല നിർദ്ദേശങ്ങളും ഗവൺമെൻറ് കൊടുത്തിട്ടുണ്ടെന്നേ മാത്രമേ എനിക്ക് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളൂ.

ശ്രീ. പി. കെ. ഇട്ടൂപ്പ്: ഞാൻ പറഞ്ഞത് കോൺഫിസ്കേറ്റ് ചെയ്യാൻ വ്യവസ്ഥ ഇല്ലെന്നാണ്. അതുകൊണ്ട് കോൺഫിസ്കേറ്റ് ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കോൺഫിസ്കേറ്റ് ചെയ്യാനുള്ള നിർദ്ദേശം ഇല്ല. അതിനുള്ള വ്യവസ്ഥ മോട്ടോർ വെഹിക്കിൾസ് ആക്ടിലും പോലീസ് ആക്ടിലുമെല്ലാം ഉണ്ട്. അതുകൊണ്ട് അത് ഉപയോഗിക്കാവുന്നതേയുള്ളൂ.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഒരു മന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ തൊട്ടടുത്ത സീറ്റിൽ വന്നിരുന്ന് അദ്ദേഹത്തിന് നിയമോപദേശം കൊടുത്തുകൊണ്ടിരിക്കുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: അദ്ദേഹം വെറുതെ വന്നിരിക്കുന്നു എന്നേയുള്ളൂ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശ്രീ. ദേവസ്സിക്കുട്ടി അടുത്തു വന്നിരുന്നെങ്കിൽ എനിക്ക് കുറേക്കൂടി സഹായകരം ആയിരുന്നേനെ. എനിക്കിപ്പോൾ ഉപദേശം പ്രധാനമായി വേണ്ടത് അദ്ദേഹം എന്തിനാണ് ഈ സഭയിൽ വന്നിരുന്നു ഇങ്ങനെ പെരുമാറുന്നത് എന്നതിനെക്കുറിച്ചാണ്. വളരെ ഉത്തരവാദിത്വമുള്ള ബഹുമാന്യനായ ഒരു മെമ്പർ ഇങ്ങനെയുള്ള നിയമത്തെക്കുറിച്ച് പറയുമ്പോൾ ഇങ്ങനെയൊക്കെ പെരുമാറുന്നതിന്റെ കാരണം എന്താണ്. നമ്മളെല്ലാവരും രാഷ്ട്രീയ പ്രവർത്തകരാണ്. പാർട്ടി സിസ്റ്റം നിലവിലുള്ള ഒരു രാജ്യമാണ് ഇത്. രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 30-ൽ അധികം വർഷമായി. നാം ഈ കോർപ്പറേഷൻ ഉണ്ടാക്കിയത് ചില പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. അത് പ്രവർത്തിപ്പിക്കാൻ നേരായ മാർഗ്ഗങ്ങളും വല്ലതൊക്കെയാണ്, തെറ്റുണ്ടെങ്കിൽ തിരുത്താം; അങ്ങനെയുള്ള കാര്യങ്ങളൊക്കെ ചെയ്യിക്കാം. പക്ഷേ അദ്ദേഹം കുറേക്കൂടി ഉത്തരവാദിത്വബോധത്തോടുകൂടി നന്നായി പെരുമാറേണ്ട കാര്യത്തെക്കുറിച്ച് ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. മുമ്പ് ഇവിടെ പുതിയൊരു കമ്മിറ്റിയുടെ പേര് പറഞ്ഞത് ഞാൻ മനസ്സിലാക്കുന്നു. ആ കമ്മിറ്റിയുടെ ശുപാർശകൾ ഇതിൻറെയെല്ലാം അടിസ്ഥാനത്തിൽ വരും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

എനിക്ക് രണ്ടു മൂന്നു പ്രശ്നങ്ങളെക്കുറിച്ചാണ് പറയാനുള്ളത്. കശുവണ്ടിയുടെ വില കുറഞ്ഞുപോയി, അതുകൊണ്ട് കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നു പറഞ്ഞു. കശുവണ്ടി കിട്ടാൻ വിഷമം ആണ്; അങ്ങനെ പറയുന്നതിൽ കുറെ നേരുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ വിലയുമായി നോക്കുമ്പോൾ ഇപ്പോഴത്തെ വില വളരെ കുറവാണ്. എന്നാൽ ഇന്നത്തെ ഇൻറർനാഷണൽ മാർക്കറ്റിലെ വിലയുമായി തട്ടിച്ചു നോക്കുമ്പോൾ സാമാന്യം തൃപ്തികരമായ ഒരു വിലയാണ് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളത്. കശുവണ്ടിയുടെ വില ഇനിയും കൂട്ടാൻ ശ്രമിക്കുകയാണെങ്കിൽ കുറേക്കൂടി മാരകമായ ഒരു പ്രഹരം നമ്മുടെ കോർപ്പറേഷനും ഈ രംഗത്തും ഉണ്ടാകും അത് കോർപ്പറേഷനെ മാത്രമല്ല കൃഷിക്കാരെ ആയിരിക്കും ആത്യന്തികമായി ബാധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു മൂന്നു ആഴ്ചയ്ക്കു മുമ്പ് ഞാൻ ആറളത്തു പോയിരുന്നു; ആറളത്ത് പഞ്ചായത്ത് ആഫീസിൽ. അവിടെ ധാരാളം ആളുകൾ കൂടുകയും ചെയ്തു. കശുവണ്ടി കൃഷിക്കാരുടെ ഒരു പ്രധാന കേന്ദ്രമാണ് അത്. എന്തു വില കിട്ടുന്നുണ്ട് എന്ന് കൃഷിക്കാരോട് അന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, ഗവൺമെന്റ് വില നിശ്ചയിക്കുന്നതിനു മുമ്പ് $1\frac{1}{2}$ രൂപയും $1\frac{3}{4}$ രൂപയും കിട്ടുമെന്നായിരുന്നു. മാർക്കറ്റിംഗ് ഫെഡറേഷനും സൊസൈറ്റിയും രംഗത്ത് വരുന്നതിനു മുമ്പുള്ള അവസ്ഥയാണ് അവർ പറഞ്ഞത്. പഞ്ചായത്തു പ്രസിഡന്റിന്റെയും മറ്റാളുകളുടെയും സാന്നിദ്ധ്യത്തിലാണ് ഇത് പറഞ്ഞത്. എന്നാൽ ഇപ്പോൾ കശുവണ്ടി വാങ്ങുന്നവർ കൃഷിക്കാരുടെ വീട്ടിൽ പോയി 5 രൂപക്ക് വാങ്ങുന്നതായി അറിയാം. ചില ആളുകൾ അങ്ങനെ വാങ്ങുന്നുണ്ട്. അതിനെല്ലാം ചില ഉദ്ദേശങ്ങൾ ഉണ്ട്. പക്ഷേ അതുവച്ചുകൊണ്ടോണ്ടോ ഒരു നയം നമ്മൾ തീരുമാനിക്കേണ്ടത്. കശുവണ്ടിയ്ക്ക് വിദേശമാർക്കറ്റാണ് പ്രധാനമായിട്ടുള്ളത്. അത് ബയേഴ്സ് മാർക്കറ്റ്, വാങ്ങിക്കുന്നവരുടെ മാർക്കറ്റ്. ആ മാർക്കറ്റ് തകരുകയാണെങ്കിൽ, ആ മാർക്കറ്റിൽ ഇന്നത്തെ അഭിരുചിക്ക് മാറ്റം വന്നു മറ്റു ചില അഭിരുചി ഉണ്ടാകുകയാണെങ്കിൽ കശുവണ്ടി ആവശ്യമില്ലാതെ വരും. അതുകൊണ്ട് കൃഷിക്കാരുടെ താൽപ്പര്യത്തിനുവേണ്ടി തന്നെ കശുവണ്ടിയുടെ വില വളരെയധികം വർദ്ധിപ്പിക്കരുത് എന്നത് ആവശ്യമാണ്. ഇത് രണ്ടുംകൂടി കൂട്ടിക്കുഴയ്ക്കരുത്. വേട്ട നായ്ക്കളോടൊപ്പം ഓടുകയും മുയലിനെ വേട്ടയാടുകയും ചെയ്യരുത്. ഞാൻ പറയുന്നത് കഴിഞ്ഞ പ്രാവശ്യം കശുവണ്ടിക്ക് അമിതമായ വില കിട്ടി എന്നുള്ളത് ശരിയാണ്. അതുകൊണ്ട് അതുമായി താരതമ്യപ്പെടുത്തി കശുവണ്ടിക്ക് ഒരു വില നിശ്ചയിക്കണമെന്ന് ഉത്തരവാദപ്പെട്ട ഈ സഭയും ഈ സഭയിലെ അംഗങ്ങളും പറയരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കശുവണ്ടി കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ ഏറ്റവും നന്നായി നടക്കുന്നത് ഈ കോർപ്പറേഷനാണ്. അതിന് ഞാൻ അവരെ ഗവൺമെന്റിനുവേണ്ടി അഭിനന്ദിക്കുകയും ചെയ്യുന്നു. കഴിഞ്ഞ പ്രാവശ്യം ഈ കോർപ്പറേഷന് ഒരു അഗ്നിപരീക്ഷണം നേരിടേണ്ടിവന്നു. അത് കോർപ്പറേഷന് താങ്ങാൻ ആവുന്ന ഒന്നായിരുന്നില്ല. 119 ലക്ഷം രൂപയാണ് ഈ കോർപ്പറേഷന്റെ മുതൽമുടക്ക്. അവർ ഓരോ വർഷവും ഉണ്ടാക്കിയിട്ടുള്ള ലാഭം എടുത്തു നോക്കുകയാണെങ്കിൽ ഈ 119 ലക്ഷത്തേക്കാളും കൂടുതൽ ലാഭം ഉണ്ടാക്കിയിട്ടുണ്ട്. ഒന്നും അറിയാൻ പാടില്ലാത്ത സാധാരണക്കാരായ കശുവണ്ടി തൊഴിലാളികളുടെ നേതാക്കൻമാർ ഇരിക്കുന്ന കോർപ്പറേഷനാണ് ഇങ്ങനെ ലാഭം ഉണ്ടാക്കിയിട്ടുള്ളത്. ഇവിടെ അവരുടെ വീട് പരിശോധിക്കണമെന്നും മറ്റുമൊക്കെ പറഞ്ഞു. അതേക്കുറിച്ച് ഇപ്പോൾ ഞാനൊന്നും പറയുന്നില്ല. ഈ നാട്ടിൽ പ്രഗൽഭൻമാരും പ്രമാണിമാരുമായ ഉദ്യോഗസ്ഥൻമാർ നടത്തിക്കൊണ്ടിരിക്കുന്ന പല കോർപ്പറേഷനുകളും മുങ്ങിപ്പോയി. അങ്ങനെയിരിക്കുമ്പോൾ ഈ കോർപ്പറേഷൻ പ്രതിവർഷം ലാഭം ഉണ്ടാക്കുകയാണ്. നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പരമ്പരാഗതമായ വ്യവസായങ്ങളിൽ ഒന്നായ ഈ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിപ്പിക്കാൻവേണ്ടി ഉണ്ടാക്കിയ ഈ കോർപ്പറേഷൻ, വിദ്യാഭ്യാസരഹിതരും ഒന്നും അറിയാൻ പാടില്ലാത്ത തൊഴിലാളികളുടെ ഇടയിൽനിന്ന് വളർന്നു വന്നവരുമായ കുറെ രാഷ്ട്രീയ പ്രവർത്തകർ ഇരുന്ന് ഭരണം നടത്തിയപ്പോൾ ഇത്ര നന്നായി നടത്തിയെന്നു പറഞ്ഞാൽ, ഏകദേശം 34,000-ത്തോളം തൊഴിലാളികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

2000-ത്തോളം ജീവനക്കാർക്കും കൃത്യമായി ശമ്പളം കൊടുക്കുന്ന ലാഭകരമായ ഒരു കോർപ്പറേഷനാക്കി മാറ്റി എന്നു പറഞ്ഞാൽ, അതിന് അവരെ അഭിനന്ദിക്കുകയല്ലേ വേണ്ടത്? എത്ര അഭിനന്ദിച്ചാലും പോര. ഞാനവരെ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് തിരുത്താൻ നടപടി സ്വീകരിക്കണം. എന്നാൽ ഇങ്ങനെ അതേപ്പറ്റി വിമർശിക്കരുത്. അങ്ങനെ വിമർശിക്കുന്നത് ഒരു ആപൽക്കരമായ പ്രവണതയാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോർപ്പറേഷനുകളും ഇതുപോലുള്ള ബോർഡുകളുമെല്ലാം ഉണ്ടാകുന്നത് പൊതുമേഖലയുടെ വികസനത്തിന്റെ പ്രത്യേക രൂപമാണ്. ബാംബു കോർപ്പറേഷനെപ്പറ്റി സഖാവ് കുര്യൻ ഇവിടെ പറഞ്ഞു. സഖാവ് കുര്യനെ ഇപ്പോഴം ഇവിടെ കാണുന്നില്ല. സഖാവ് കുര്യൻ തൊഴിലാളികളുടെ കൂലി ഏകീകരണത്തെക്കുറിച്ച് പറഞ്ഞു. തൊഴിലാളികൾക്ക് ഒരു നാഷണൽ മിനിമം വേജ് വേണമെന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമാണ്. ഈ ഗവൺമെന്റ് ആവശ്യപ്പെടുന്നതാണ്. ഈയിടെ ചെറുകിട വ്യവസായബോർഡ് ഡൽഹിയിൽ കൂടിയപ്പോഴം വ്യവസായ വകുപ്പുമന്ത്രിമാരെല്ലാം സമ്മേളിച്ചിരുന്നു. ഞാൻ ആ ബോർഡിൽ നിർബന്ധമായി പറഞ്ഞു. ഞങ്ങളുടെ കയർ വ്യവസായം, കശുവണ്ടി വ്യവസായം, ബീഡി വ്യവസായം ഇതുപോലുള്ള പല വ്യവസായങ്ങൾക്കും അടുത്ത സംസ്ഥാനങ്ങളിൽ കൂലി കുറവായതു കൊണ്ട് വലിയ ആപത്താണ് എന്ന്. അതുകൊണ്ട് കൂലി ഏകീകരണം വരണം. അത് രാജ്യവ്യാപകമായി സാധിക്കുകയില്ലെങ്കിൽ മേഖലാടിസ്ഥാനത്തിലെങ്കിലും ഉണ്ടാകണമെന്നു പറഞ്ഞു. മഹാരാഷ്ട്രയിലെ മന്ത്രി അവരുടെ വിഷമം പറഞ്ഞു. മഹാരാഷ്ട്രയിൽ കൂലി കൂടുതൽ ഉണ്ട്. പക്ഷേ ഗുജറാത്തിൽ കൂലി കുറവാണ്. ഗുജറാത്ത് അതിർത്തിയിൽ കൂലി കുറവായതുകൊണ്ട് വർക്കേഴ്സ് വളരെയധികം വിഷമിക്കുന്നു. അതുകൊണ്ട് കേരളത്തിലെ മന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞങ്ങൾക്ക് പൂർണ്ണമായ യോജിപ്പാണ്. അതു നടപ്പാക്കണമെന്ന് മഹാരാഷ്ട്രയിലെ മന്ത്രി പറഞ്ഞു. നാം എപ്പോഴും ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമാണ്. നമ്മുടെ കോർപ്പറേഷനെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമാണ്. ഈ വ്യവസായവുംകൊണ്ട് തമിഴ്നാട്ടിലേക്ക് മുതലാളിമാർ ഓടുന്നതിന്റെ പ്രധാനപ്പെട്ട കാരണവും ഇതാണ്. മുതലാളിമാർ പുണ്യത്തിനുവേണ്ടിയാണോ വ്യവസായം നടത്തുന്നത്. അവർ ലാഭത്തിനുവേണ്ടിയാണ് നടത്തുന്നത്. ഏതു മുതലാളിയുടെയും തത്ത്വശാസ്ത്രം അതാണ്. അവർക്ക് കൂടുതൽ ലാഭം കിട്ടുമോയെന്ന് നോക്കും. കൂടുതൽ ലാഭം കിട്ടുകയാണെങ്കിൽ അവർ അങ്ങോട്ടു പോകും. അതുകൊണ്ട് ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. മനുഷ്യസഹജമായ പ്രത്യേക അവസ്ഥയുടെ പ്രത്യേക സ്വഭാവത്തിന്റെ സഹജ സ്വഭാവങ്ങളാണ്. അപ്പോഴം കൂലി ഏകീകരണം ഈ വ്യവസായം നിലനിർത്താൻ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്.

സർ, കോർപ്പറേഷനുകളെപ്പറ്റി പറയുമ്പോഴം ഇനിയും കോർപ്പറേഷനുകളം ധാരാളം ഉണ്ടാക്കാൻ കഴിയും. പൊതുമേഖല കൂടുതൽ വികസിപ്പിക്കാൻ ഗവൺമെന്റിനു കഴിയും. ബാംബു കോർപ്പറേഷൻ എത്രയായിരം തൊഴിലാളികളെ സുഖമായി ഇപ്പോഴം സംഘടിപ്പിച്ച് അവർക്ക് ജോലി കൊടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ ബീഡി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കി. അതേപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്കു പരാതിയുണ്ട്. അതു പരിഹരിക്കാൻ ഞാൻ തയ്യാറാണ്, എനിക്ക് യാതൊരു മടിയുമില്ല. ലക്ഷക്കണക്കിനു തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ നേതാക്കൻമാർ അതു നന്നായി നടത്തുന്നുണ്ട്. തെറ്റുകൾ ഉണ്ടായിരിക്കാം. അതുകൊണ്ട് കോർപ്പറേഷനുകളെ അടച്ചാക്ഷേപിക്കുന്നതു തെറ്റാണ്. തെറ്റിനെ സംബന്ധിച്ച് ആധികാരികമായിട്ടു സംസാരിക്കാൻ കഴിവുള്ള ബോഡിയുണ്ട്. ആ ബോഡിയെ ഏൽപ്പിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ആ ബോഡി പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയാണ്. ഈ നിയമസഭയിൽ അധികാരമുള്ള കമ്മിറ്റിയാണ്. ആ കമ്മിറ്റി പരിശോധിക്കണം. അപ്പോൾ പറയും നിങ്ങൾക്കാണ് ഭൂരിപക്ഷമെന്ന്. അതിന് ഒരു മാർഗ്ഗവുമില്ല. ഇവിടെ മന്ത്രിമാരായിഞങ്ങൾ ഇരിക്കുന്നതുപോലെ അപ്പുറത്തുള്ളവർക്ക് ഭൂരിപക്ഷം കിട്ടിയാൽ അവർ ഇവിടെ വന്ന് ഇരിക്കുന്നതുപോലെ തന്നെ.....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയിലുള്ള മെമ്പർമാർ അനേഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയും അതേ സമയം ഈ പി. യു. സി. അംഗങ്ങളായി വരാവുന്ന എം. എൽ. എ. മാർ കോർപ്പറേഷനുകളിൽ ശമ്പളം പറ്റുന്ന ചെയർമാൻമാരായി ഇരിക്കുകയും ചെയ്യാമെന്ന് വ്യവസ്ഥയിൽ പറയുന്നത് പരസ്പരം വിരുദ്ധമായ കാര്യമല്ലേ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ആ വ്യവസ്ഥയില്ല. ഇപ്പോൾ തന്നെ പറഞ്ഞിട്ടുണ്ട് പാടില്ലെന്ന്. അതുകൊണ്ട് ഈ നിയമസഭയെ കുറേക്കൂടി വിശ്വാസത്തിൽ എടുക്കണം. മെമ്പർമാരെ കുറേക്കൂടി വിശ്വാസത്തിൽ എടുക്കണം. ഗവൺമെൻറിനും അങ്ങനെ പ്രവർത്തിക്കുവാൻ കഴിയണം. പാർട്ടികൾ നിലനിറുത്താൻ അങ്ങിനെയേ സാധിക്കുകയുള്ളു. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ 30 വർഷമായി നമ്മുടെ രാജ്യത്ത് എന്താണ് നടക്കുന്നത്? അപ്പുറത്തിരുന്ന് വളരെ ശക്തിയായി പറയുന്ന സുഹൃത്തുക്കളോട് ചോദിക്കുകയാണ് ഖാദി ബോർഡ് ഇൻഡ്യയിൽ ഒട്ടാകെ പ്രവർത്തിക്കുന്നതാണല്ലോ? ഇങ്ങിനെയുള്ള ഓരോ ബോർഡുകൾ ഓരോ കോർപ്പറേഷനുകൾ ഇൻഡ്യ ഒട്ടാകെ പ്രവർത്തിക്കുന്നതാണല്ലോ. ഇതു കേരളത്തിൽ മാത്രമുള്ള പുതിയ കാര്യം വല്ലതുമാണോ? ബോർഡുകളും കോർപ്പറേഷനുകളും ഇൻഡ്യയൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. ഞാൻ ഒരൊറ്റക്കാര്യം വളരെ ലളിതമായി ചോദിക്കട്ടെ, കപ്പൽനിർമ്മാണകേന്ദ്രം ഈ കേരളത്തിലാണ് പ്രവർത്തിക്കുന്നത്. കപ്പൽനിർമ്മാണകേന്ദ്രം ഈ കേരളത്തിൽ വന്നത് ഈ ഗവൺമെൻറ് നിലവിലുള്ളപ്പോഴാണ്. ഒരു കമ്മ്യൂണിസ്റ്റുകാരൻ ആ ബോർഡിൽ ഉണ്ടോ? ആരെങ്കിലും ഉത്തരം പറയണം. അന്നു സംഘടിപ്പിച്ച ബോർഡിൽ ഒരാളെ എടുക്കാൻ തയ്യാറായോ? കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി ഇവിടെ ധാരാളം അപവാദങ്ങൾ പറഞ്ഞു. ആ അപവാദങ്ങൾക്കു പൂർണ്ണമായും ഉത്തരം പറയേണ്ട ആൾ ഞാൻ തന്നെയാണ്. മന്ത്രി സഭയെപ്പറ്റി മാത്രം പറഞ്ഞാൽ പോരല്ലോ. മന്ത്രിസഭയെപ്പറ്റി മാത്രമല്ലല്ലോ ഇവിടെ പറയുന്നത്. ഇത്ര പക്ഷപാതപരമായി വർഗ്ഗപരമായ വീക്ഷണത്തോടുകൂടി ഈ രാജ്യത്തു മുഴുവനും കോർപ്പറേഷനുകളും ബോർഡുകളും മറ്റുമെല്ലാം സംഘടിപ്പിച്ച് പരിചയിച്ചു ശീലിച്ച ആളുകൾ അവർ എത്ര ഡമോക്രാറ്റിക്കായിട്ടാണ് വർക്കു ചെയ്യുന്നത്. എന്നിട്ടും അവർ ആക്ഷേപിക്കുന്നതിൽ സങ്കടമുണ്ട്. പോരായ്മയുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനൊന്നും യാതൊരു മടിയുമില്ല. അതുകൊണ്ട് ഇത്തരം ആക്ഷേപങ്ങളൊന്നും ശരിയല്ലെന്നു മാത്രമേ എനിക്ക് ഇതേപ്പറ്റി പറയാനുള്ളു. പിന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി കറവപ്പശുവാണെന്നൊക്കെ പറഞ്ഞു. ഇതൊക്കെ സ്വാഭാവികമായിട്ടും എപ്പോഴും പറയാറുള്ളതാണ്, അതുകൊണ്ട് അതിനെപ്പറ്റിയൊന്നും പറയുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരംഗം തെറ്റു കാണിക്കുന്നു എന്നു ഞങ്ങൾക്ക് ബോദ്ധ്യമായാൽ, കറപ്ഷനുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായാൽ, ആരുടേയും ഒരു ശുപാർശയും കൂടാതെ ഞങ്ങൾക്കു ചെയ്യാവുന്ന ഏറ്റവും കർശനമായ നടപടി ഞങ്ങൾ സ്വീകരിക്കും. ഗവൺമെന്റിന്റെ ഏതെങ്കിലും തലം ഉപയോഗിച്ച് പണമുണ്ടാക്കുന്ന ഏതു സമ്പ്രദായത്തേയും കമ്മ്യൂണിസ്റ്റ് പാർട്ടി എതിർക്കും. ഉത്തരവാദിത്വബോധത്തോടുകൂടി . ചൂണ്ടിക്കാണിച്ചാൽ അതു തിരുത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്; പാർട്ടിയെന്ന നിലയിൽ. ഗവൺമെന്റ് എന്ന നിലയിൽ പ്രതിപക്ഷത്തിരിക്കുന്നവരോടും ഇങ്ങേപ്പുറത്തിരിക്കുന്നവരോടും ജനപ്രതിനിധികൾ എന്ന നിലയിൽ ഒരുപോലെയാണ് പെരുമാറുന്നത്. ഭരണാധികാരം കയ്യാളുന്ന ആളുകൾ എന്ന നിലയിൽ കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി ഗവൺമെന്റിന്റെ നയങ്ങൾ നടപ്പിലാക്കേണ്ട ചുമതല ഗവൺമെന്റിനായതുകൊണ്ട് കോർപ്പറേഷന്റെ ചെയർമാൻമാരായിരിക്കുന്നത് ഭരണകക്ഷിയിൽ പെട്ടവർ തന്നെ ആയിരിക്കും. ചില കമ്മിറ്റികളിൽ അതായത് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാൻ പ്രതിപക്ഷത്തുള്ള ആളാണ്. പ്രതിപക്ഷ നേതാവിനോടും അതുപോലെ തന്നെ പെരുമാറുന്നു. അതുകൊണ്ട് തൃത്തടച്ചുള്ള ആക്ഷേപകരമായ വിമർശനങ്ങൾ ഇനിയെങ്കിലും അവസാനിപ്പിക്കുന്നത് നല്ലതാണെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്.

സർ, കശുവണ്ടി സംഭരണത്തെ സംബന്ധിച്ച്, അതിന്റെ വിലയെ സംബന്ധിച്ച്, വിജിലൻസ് ഏർപ്പാടുകളെ സംബന്ധിച്ച്, കൃഷിക്കാരും കശുവണ്ടി തൊഴിലാളികളും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ച് എല്ലാം ഇവിടെ പറഞ്ഞതിന് ഞാൻ വളരെ ചുരുക്കമായി പറഞ്ഞു കഴിഞ്ഞു, വളരെ ദീർഘമായി പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിൽ പോലും കഴിഞ്ഞകാലങ്ങളിൽ വരുന്ന വ്യത്യാസം അതിന്റെ വിലവർദ്ധനവ് മറ്റു കാര്യങ്ങൾ ഇവയൊക്കെ പരിശോധിക്കാവുന്നതാണ്. അതിനനുസരിച്ച് മാറ്റങ്ങൾ വരുത്താം. കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ അതിനു മാറ്റം വരുത്താം. കർഷകരുടെ ഉത്തമതാൽപ്പര്യങ്ങൾക്ക് പ്രതിബന്ധമുണ്ടാകാത്ത തരത്തിൽ വേണമെന്നുമാത്രമേ എനിക്ക് പറയാനുള്ളു.

സർ, പിന്നെ കമ്മീഷൻ ഏർപ്പാടുകളെ സംബന്ധിച്ചും, കച്ചവടം നടത്തുന്നതിനെ സംബന്ധിച്ചും, അണ്ടിയുടെയും പൊടിയുടെയും കാര്യവും ഇങ്ങനെ എന്തൊക്കെയോ ഇവിടെ പറഞ്ഞു. വ്യവസായത്തെപ്പറ്റി അറിയാതെ ഒന്നും പറയരുത്. കശുവണ്ടി വ്യവസായം വളരെ വിഷമത്തിൽ കിടക്കുന്ന ഒരു വ്യവസായമാണ്. അതൊന്നു പിറന്നിക്കുവാൻ വേണ്ടി അണ്ടി ആരെങ്കിലും മേടിക്കാൻവേണ്ടി എന്തെല്ലാം പാടാണ് പെടുന്നതെന്ന് അറിഞ്ഞിട്ടു പറയണം. വല്ല മുതലാളിമാരോടും ചോദിക്കണം; വേറെ ആർക്കും അറിയാൻ വയ്യെങ്കിൽ. ഇല്ലെങ്കിൽ വിശ്വാസമുള്ള നിങ്ങളുടെ സ്വന്തക്കാരോടു ചോദിക്കണം. എന്തു പാടുപെട്ടിട്ടാണ് ഇതൊന്നു പിറന്നിക്കുന്നത്. വില കൂടുതൽ ഉണ്ടാകുന്ന ഒരവസരമുണ്ട്. പല വിദേശരാജ്യങ്ങളും കശുവണ്ടി വാങ്ങുന്നത് അണ്ടിയായി തിന്നാനല്ല. പലഹാരമുണ്ടാക്കാനോ മറ്റു ചില വ്യവസായങ്ങൾക്കോ വേണ്ടിയാണ് അവർക്ക് പൊടിയാണ് ചില അവസരങ്ങളിൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമെങ്കിൽ അവർ അത് മേടിച്ചു കൊണ്ടുപോകും. ശ്രീ. പി. ബി. ആർ. പിള്ളയ്ക്ക് അറിയാവുന്നതുകൊണ്ട് ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതു വിറ്റഴിക്കാനെടുക്കുന്ന മാർഗ്ഗങ്ങളെല്ലാം ഈ വ്യവസായത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ളതാണ്. അതിനകത്ത് വേറെ യാതൊരു ദുരുദ്ദേശവുമില്ല.

ശ്രീ. പി. ബി. ആർ. പിള്ള: കഴിഞ്ഞ വർഷം സോവിയറ്റ് റഷ്യയിൽനിന്നും ട്രേഡ് യൂണിയൻ റെപ്രസന്റേറ്റീവ്സ് കേരളത്തിൽ വരികയും നമ്മുടെ കോർപ്പറേഷൻകാർ അവരെ വേണ്ടതരത്തിൽ മാനിക്കാതെയിരിക്കുകയും, അതേ അവസരത്തിൽ ചില കശുവണ്ടി ഉടമകൾ അവരെ കോവളത്തു കൊണ്ടുപോയി സൽക്കരിക്കുകയും ചെയ്തതിന്റെ ഫലമായി ഓർഡർ ഈ സ്വകാര്യ വ്യക്തിക്ക് ധാരാളമായി ലഭിച്ചു എന്നുള്ള വസ്തുത ഗവൺമെന്റിനു അറിയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സോവിയറ്റ് യൂണിയൻ ഒരു സോഷ്യലിസ്റ്റ് രാജ്യമാണ്. അവർക്ക് ലോകം മുഴുവനും സോഷ്യലിസം വരണമെന്നാണ് ആഗ്രഹം. അവർ നല്ല കച്ചവടക്കാരാണ്. അവരെ അങ്ങനെയൊന്നും പിടികിട്ടുകയില്ല. ഈ

12 Noon] തവണ കശുവണ്ടിയുടെ കച്ചവടത്തിനു വേണ്ടി വന്നവർ മന്ത്രിമാരെ കാണാതെ കടന്നുകളഞ്ഞുവെന്നു പറഞ്ഞു. അതിനെക്കുറിച്ച് ഈ സഭ മനസ്സിലാക്കുവാൻ സത്യമായിട്ട് ഒരു കാര്യം പറയുകയാണ്. ഈ തവണ സോവിയറ്റ് യൂണിയനിൽനിന്നും കശുവണ്ടിയുടെ ബിസിനസ്സിനുവേണ്ടി വന്ന ആളുകൾ മുഖ്യമന്ത്രിയേയും എന്നേയും കാണാതെ കടന്നുകളഞ്ഞു. കാരണം ഈ പ്രശ്നം ശക്തിയായി വന്നാൽ കശുവണ്ടിയുടെ വിലയിൽ കാര്യമായ എന്തെങ്കിലും മാറ്റം വരുത്തുമോയെന്നു പേടിച്ചായിരിക്കാം അവർ ഇപ്രകാരം ചെയ്തത്. സർ, അവർ കച്ചവടക്കാരായിട്ടാണ് ഇവിടെ വരുന്നത്. അല്ലാതെ വേറെ ഏർപ്പാടുകൾക്കൊന്നുമല്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: സോഷ്യലിസത്തിന് രണ്ടു സൈഡ് ഉണ്ട് അല്ലേ സോവിയറ്റ് റഷ്യയ്ക്ക്.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഉണ്ട് സർ. എതായാലും വിയറ്റ്നാമിനു അവിടത്തെ പ്രൊഡക്ഷനു മുൻഗണന കൊടുക്കണം. വിയറ്റ്നാം യുദ്ധം വിജയിപ്പിക്കുവാൻവേണ്ടി എല്ലാം ചെയ്യും. ഒരു പ്രശ്നവും കൂടാതെ ചെയ്യും. എന്നാൽ മുതലാളിത്ത രാജ്യങ്ങളോട് അവർ പെരുമാറുന്നത് സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിലല്ല. അത് നിങ്ങൾ വരുത്തിവച്ച വിനയാണ്. കഴിഞ്ഞ 30 വർഷങ്ങളായി ഇൻഡ്യയിൽ വളർന്നു വന്ന മുതലാളിത്തവ്യവസ്ഥയാണ്. അത് നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും മൊത്തം വളർന്നു. കുത്തകമുതലാളിമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക്.....

ശ്രീ. പി. ബി. ആർ. പിള്ള: ചൈന കമ്മ്യൂണിസ്റ്റ് രാജ്യമായി ബഹുമാനപ്പെട്ട മന്ത്രി കാണുന്നുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സോഷ്യലിസത്തിൽ പല വൈരുദ്ധ്യങ്ങളും ഉണ്ടാകാം. അതിനെക്കുറിച്ച് നമുക്ക് വേറെ ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത് സോവിയറ്റ് യൂണിയൻ എടുക്കുന്ന നയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. അവർ ഇവിടെ വന്നു ചില കമ്മീഷനൊക്കെ തന്ന് ഏർപ്പാട് ചെയ്തിട്ടുണ്ടാകും. സോവിയറ്റ് യൂണിയൻ ആയാലും അമേരിക്ക ആയാലും ബിസിനസ് നടത്തുമ്പോൾ അവർ ബിസിനസ് രൂപത്തിലാണ്. പെരുമാറുന്നത്. അതുകൊണ്ട് രഹസ്യക്കച്ചവടം നടത്തി എല്ലാം നേടിക്കളയാമെന്നുള്ള തെറ്റിദ്ധാരണ ആർക്കും വേണ്ട. അത് നടക്കുകയില്ലായെന്നു ഞാൻ ഓർമ്മപ്പെടുത്തുകയാണ്. എന്നു മാത്രമല്ല, വിദേശരാജ്യങ്ങളുമായുള്ള വാണിജ്യത്തെ സംബന്ധിച്ചിടത്തോളമെല്ലാം നിയന്ത്രണമുള്ളത് കേന്ദ്ര ഗവൺമെൻറിനാണ്. കേന്ദ്ര ഗവൺമെൻറിന് അതെല്ലാം പരിശോധിക്കാവുന്നതാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, വളരെ നിരുത്തരവാദപരമായി പറഞ്ഞ് ആവശ്യമില്ലാതെ ഈ വക കാര്യങ്ങളിലേക്ക് കടക്കരുത് എന്നാണ്.

മറ്റൊരു കാര്യം ഇവിടെ ഉന്നയിച്ചു കേട്ടത് കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധിയെക്കുറിച്ചാണ്. അതിന് രണ്ട് മാർഗ്ഗങ്ങളുണ്ട്. നമുക്ക് പുറത്തുനിന്നും കൂടുതൽ കശുവണ്ടി കിട്ടുമെന്നു പ്രതീക്ഷിച്ചിട്ട് കാര്യമില്ല. പുറംരാജ്യങ്ങളും സ്വതന്ത്രമാണ്. സ്വതന്ത്രമായി സാമ്പത്തിക വികസനം ആഗ്രഹിക്കുന്ന രാജ്യങ്ങളാണ് അത്. അവർ അവിടെത്തന്നെ സംസ്കരണത്തിനുവേണ്ടി പരിശ്രമിക്കുന്നുണ്ട്. അതുകൊണ്ട് നാം ചെയ്യേണ്ടത് നാടൻ തോട്ടണ്ടി വർദ്ധിപ്പിക്കുകയെന്നുള്ളതാണ്. അതിന് ഗവൺമെൻറ് തലത്തിലും മറ്റു വ്യക്തികളുടെ തലത്തിലും ആവശ്യമായ നടപടികളും സ്വീകരിക്കണം. അതിനുവേണ്ടി ഗവൺമെൻറ് ആകുന്നത്ര സഹകരിക്കുന്നതാണ്.

സർ, മറ്റൊരു കാര്യം പറഞ്ഞത് ഈ വ്യവസായം ദേശസാൽക്കരിക്കുന്നതിനെക്കുറിച്ചാണ്. എന്ത് തരത്തിൽ പറഞ്ഞാലും ഞാൻ ആ വികാരത്തെ മാനിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ വിപ്ലവ ബോധത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ആദരിക്കുകയാണ്. കശുവണ്ടി വ്യവസായം ദേശസാൽക്കരിക്കപ്പെട്ടാൽ ഇതിലെ പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് പറയുന്നത്. തീർച്ചയായും അത് പരിഗണിക്കപ്പെടേണ്ട ഒരു കാര്യമാണ്. അത് നമ്മളെല്ലാവരും പരിഗണിക്കപ്പെടണം. ഇവിടെ ബഹുമാനപ്പെട്ട മെമ്പറൻമാർ ഉന്നയിക്കപ്പെട്ട സ്വീകാര്യമായ നിർദ്ദേശങ്ങളും കൂട്ടായി ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും ഗവൺമെൻറ് എപ്പോഴും സന്നദ്ധമാണെന്ന വിവരം ഞാൻ സഭയെ അറിയിക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ച് ഈ സഭയിൽ നിന്നും പൊന്തി വന്ന എല്ലാ സദുദ്ദേശങ്ങളും ഞാൻ നന്ദി പറയുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളും ഉന്നയിച്ച വിലപ്പെട്ട നിർദ്ദേശങ്ങളും അതർഹിക്കുന്ന ഗൗരവത്തോടുകൂടി പരിഗണിക്കുമെന്നു ഒരിക്കൽകൂടി ഞാൻ പറയുകയാണ്. ഈ ചർച്ച വളരെ വേഗം അവസാനിപ്പിച്ച് ഈ ബിൽ പാസ്സാക്കിത്തരണം എന്ന് അഭ്യർത്ഥിക്കുന്നു.

(Mr. Deputy Speaker in the Chair)

The amendment moved by Shri N.I. Devassikutty was put and lost.

The amendment moved by Sri R. S. Unni was, by leave, withdrawn.

The question that the Kerala Cashew Factories (Requisitioning) Bill, 1979, be taken into consideration was put and carried.

The Bill was taken into consideration.

LIBRARY ARCHIVES Kerala Legislative Assembly

Clauses 2 to 13

The question that clauses 2 to 13 stand part of the Bill, was put and carried.

Clauses 2 to 13 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): 1979-ലെ കേരള കശുവണ്ടി ഫാക്ടറികൾ ഏറെടുക്കൽ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Education **(Shri C. H. Mohammed Koya)**: Sir, I second it.

The question that the Kerala Cashew Factories (Requisitioning) Bill, 1979, be finally passed, was put and carried.

The Bill was finally passed.

II. 1979-ലെ കേരള മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ ഉദ്യോഗ കാലാവധി ദീർഘിപ്പിക്കൽ) ബിൽ.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, 1979-ലെ കേരള മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ ഉദ്യോഗകാലാവധി ദീർഘിപ്പിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിരമായി നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിദശീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും മേശപ്പുറത്ത് വയ്ക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): ഞാൻ അതിനെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): ഈ സഭയിൽ ഈ സെഷനിൽതന്നെ പലതവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ചോദ്യോത്തരസമയത്ത് വളരെ വിവാദവിഷയവും ആയിട്ടുണ്ട്. അപ്പോഴും ഇതിനെക്കുറിച്ചു വിശദീകരിച്ചിട്ടുണ്ട്. അത് ചർവ്വിത ചർവ്വണം ചെയ്ത് ആവർത്തനവിരുദ്ധമായ ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. ഈ ബിൽ പാസ്സാക്കിത്തരണം എന്ന് ഞാൻ ഈ സഭയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly